# അദ്ധ്യായം 15

# ഉയർത്തെഴുന്നേൽപിന്റെ അർത്ഥം

ആധുനിക മതസംശയാലുക്കൾ ചോദിക്കുന്നു, "മരണശേഷവും വ്യക്തികളുടെ മനസാക്ഷി ജീവിക്കുമോ?" പൗലൊസോ, കൊരിന്ത്യക്കാരോ ആ ചോദ്യം ചോദിച്ചിരുന്നില്ല. മനുഷ്യന്റെ ഭൗതിക മരണശേഷവും അവൻ ബോധപൂർവ്വം തന്നെ ജീവിക്കും എന്നതാണ് പ്രചാരത്തിലിരുന്ന യെഹൂദ മതവും യവന മതവും വിശ്വസിച്ചിരുന്നത്. പൗലൊസിന്റെ ചിന്ത തികച്ചും പ്രത്യേകതയുള്ളതായിരുന്നു. ക്രിസ്തു വീണ്ടെടുത്തവർ മരിച്ചുകഴിഞ്ഞാൽ, സ്വർഗരാജ്യത്തിൽ സ്വർഗീയ ശരീരത്തോടുകൂടിയാണ് പ്രവേശിക്കുന്നത്. യേശു കല്ലറയിൽനിന്നും ഉയർത്തെഴുന്നേറ്റതുപോലെ ക്രിസ്തുവിൽ മരിച്ചവരും ഉയർത്തെഴുന്നേൽക്കും.

യവന മതത്തിന്റെ വിശ്വാസത്തിൽനിന്നു വ്യത്യസ്തമായിട്ടായിരുന്നു പൗലൊസ് കർത്താവിന്റെ മടങ്ങിവരവിൽ, ക്രിസ്തീയ കാലാന്ത്യത്തിൽ ക്രിസ്ത്യാനികൾക്കുള്ള പുനരുത്ഥാനത്തെ കുറിച്ച് വിശദമാക്കിയത്. അതേ സമയത്തു തന്നെ ഭൗതികമായ ശരീരത്തിനു പകരം മറ്റൊരു ശരീരം ലഭിക്കുമെന്നും അപ്പൊസ്തലൻ വ്യക്തമാക്കി (15:42, 43). ഉയർത്തെഴുന്നേൽപിനെ കുറിച്ചുള്ള എല്ലാ ഉത്തരങ്ങളും അപ്പൊസ്തലൻ നൽകുന്നില്ല; ആ അമാനുഷ "ശരീരം" പ്രേതത്തിന്റേതിൽ നിന്നു വ്യത്യസ്തമായിരിക്കുമെന്നും സൂചിപ്പിച്ചിരിക്കുന്നു.

ഭൗതിക മരണശേഷം, ശരീരം നിലനിൽക്കുകയില്ല എന്നല്ല ഗ്രീക്ക് മതം വിശ്വസിക്കുന്നത്. പൗലൊസിന്റെ യെഹൂദ സമകാലികരിൽനിന്നു വ്യത്യസ്തമായ വിശ്വാസം ഉള്ളവരായിരുന്നു പരമ്പരാഗത യവനന്മാർ. *ഒഡീസിയിലെ* നായകൻ മരണത്തെ നേരിടുകയും, "ദീർഘനാൾ വിഷാദരൂപത്തിൽ ജീവിക്കയും ചെയ്യുന്നു."[1] ഒഡീസിയസ് നേരിടുന്നത് ശോകമൂകമായ പ്രേതങ്ങളുടേയും യാഗാർപ്പിത ശരീരങ്ങളുടെ യാചനയുമാണ്. മരിച്ചവരുടെ സ്ഥാനമായ പാതാള പ്രതലമായ നിഴൽ (ᾅδης, *ഹേഡസ്*) എന്നും പഴയ നിയമത്തിൽ (שְׁאוֹל, *ഷിഓൾ*) എന്ന എബ്രായ പദത്തിന് വ്യത്യസ്ത സൂക്ഷ്മ ഭേദത്തിൽ ഉപയോഗിച്ചിരിക്കുന്നു. യെഹസ്ക്കേൽ പ്രവാചകൻ മരിച്ചവരുടെ അവസ്ഥയായ ഹേഡസിനെ കുറിച്ച് പറയുന്നത് യവന ചിന്തയിൽനിന്നു വിഭിന്നമായിട്ടാണ് (യെഹെ. 32:18–21). പൗലൊസ് പറഞ്ഞ പുനരുത്ഥാന ജീവിതം പുഷ്ടിയുള്ളതും അതേ സമയം, ഈ ലോകത്തുള്ള അനിശ്ചിത ദുഃഖം ഇല്ലാതാകുന്നതുമാണ്.

നൂറ്റാണ്ടുകളോളം, യവനന്മാർ പരിചിതമാക്കി സ്വീകരിച്ചിരുന്ന സർവ്വദേവതാ ക്ഷേത്രത്തിലെ പുതിയ ദേവന്മാരെ അവർ ഇഷ്ടപ്പെട്ടിരുന്നു അതേ രീതി. യിൽ യെഹൂദന്മാരുടെ ദൈവത്തെ സ്വീകരിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. യവനന്മാർക്ക് നിരവധി ദേവന്മാരും ദേവിമാരും ഉള്ളതിനാൽ, യേശുവിന്റെ

പിതാവായ ഏക ദൈവത്തെ അംഗീകരിക്കുവാൻ അവർക്ക് പ്രയാസം നേരിട്ടു. ഗ്രീക്കുകാർക്ക് പലർക്കും അതു കുറ്റമായി തോന്നി. യെഹൂദന്മാരുടേത് മാത്രമാണ് ദൈവം, മറ്റുള്ളതൊന്നും ദൈവം അല്ല എന്ന ആശയം അഹങ്കാരമായിട്ടായിരുന്നു അവർ കണക്കിലെടുത്തത്.

കൊ1രിന്ത്യയിലെ, യവന വേരുകളുള്ള ചിലർക്ക്, അവരുടെ പഴയ ദേവന്മാരെ പെട്ടെന്നു വിട്ടുകളയുവാൻ മനസ് വന്നില്ല. തങ്ങളുടെ പഴയ സാമൂഹ്യജീവിതം പൂർണ്ണമായി മാറ്റുവാൻ അവർ വൈമനസ്യം കാണിച്ചു, അതിൽ ക്ഷേത്രാരാധനയും ഭക്ഷണവും ഉൾപ്പെട്ടിരുന്നു (8:9, 10; 10:14). യവന പാരമ്പര്യമുള്ളവർ ക്രിസ്ത്യാനിത്വം സ്വീകരിച്ചവരിൽ ഏക ദൈവത്തെ മനസിലാക്കിയവർ പുതിയ സമർപ്പണത്തിലേക്കു തിരിഞ്ഞു; പക്ഷെ ഗ്രീക്കു തത്വചിന്ത പാടേ ഉപേക്ഷിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. ലോക ചിന്ത അവരിൽ രൂഢമൂലമായതിനാൽ, അതിനെ ഒഴിവാക്കുവാൻ അവർ മടിച്ചു. മരണശേഷമുള്ള അവസ്ഥയെ കുറിച്ചുള്ള യവന ചിന്തയും ക്രിസ്തീയ ചിന്തതയും തമ്മിലുള്ള ഏറ്റുമുട്ടൽ ഒഴിവായിരുന്നില്ല.

കൊരിന്ത്യ സഭയിലെ മൂന്ന് അംഗങ്ങൾ എത്തിച്ച സഭയിലെ ചോദ്യങ്ങൾക്ക് മറുപടി അപ്പൊസ്തല്റപ 7:1 മുതൽ ആരംഭിക്കുന്നു (16:17). “അതിനെ കുറിച്ച്” എന്ന് പറഞ്ഞ് അപ്പൊസ്തലൻ അവർക്ക് മറുപടി പറയുകയാണ് (7:1; 8:1; 12:1). കൊരിന്ത്യർ എഴുചി അയച്ച അവസാന ചോദ്യത്തിനുള്ള മറുപടിയാണ് പൗലൊസ് എഴുതുന്നത് എന്നു തോന്നുന്നു; അത് മരിച്ചവരുടെ പുനരുത്ഥാനത്തെ കുറിച്ചുള്ളതായിരുന്നു. പൗലൊസ് നൽകിയ മറുപടിയുടെ പ്രാധാന്യം, മുൻപ് ഉപയോഗിച്ച മുഖവുര കൂടാതെയാണ് വിഷയത്തിലേക്ക് കടക്കുന്നത്.

പുനരുത്ഥാനത്തെ കുറിച്ച് എഴുത്തിൽ ചോദ്യമില്ലാതിരുന്നതിനാലായിരിക്കാം പുകഴ്ച്ച ഒഴിവാക്കിയത്. ആ സാഹചര്യത്തിൽ, ക്ലോവയുടെ ആളുകൾ (1:11) മുഖേന ലഭിച്ച എഴുത്തിൽനിന്നു പല കാഴ്ച്ചപ്പാടുകൾ പൗലൊസ് മനസിലാക്കിയിരിക്കാം. മൂന്നുപേർ കകൊണ്ടുവന്നതോ അല്ലെങ്കിൽ മറ്റുറവിടത്തിൽ നിന്നു ലഭിച്ചതോ ആകാം ചോദ്യങ്ങൾ. എങ്ങനെയായാലും, അദ്ധ്യായം 7 മുതൽ പറയുന്ന വിഷയമായ പുനരുത്ഥാനവും ചോദ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു എന്നു സ്പഷ്ടം.

## ക്രിസ്തു ഉയർത്തെഴുന്നേറ്റു (15:1-11)

**1സഹോദരന്മാരേ, ഞാൻ നിങ്ങളോട് സുവിശേഷിച്ചതും നിങ്ങൾക്ക്
ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും 2നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു
വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചു
കൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോട് സുവിശേഷിച്ചിരിക്കുന്നു എന്ന്
നിങ്ങളെ ഓർപ്പിക്കുന്നു. 3ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെ
ഴുത്തുകളിൽ പ്രകാരം മരിച്ചു അടക്കപ്പെട്ടു 4തിരുവെഴുത്തുകളിൽ പ്രകാരം
മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു കേഫാവിന്നും 5പിന്നെ പന്തിരുവർക്കും
പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗരഹിച്ചത് തന്നെ നിങ്ങൾക്ക് ആദ്യ
മായി ഏൽപിച്ചു തന്നുവല്ലൊ 6അനന്തരം അവൻ അഞ്ഞൂറ്റിൽ അധികം
സഹോദരന്മാർക്ക് ഒരുമിച്ച് പ്രത്യക്ഷനായി, അവർ മിക്കപേരും ഇന്നുവരെ
ജീവനോടെയിരിക്കുന്നു. ചിലരോ നിദ്രപ്രാപിച്ചിരിക്കുന്നു. 7അനന്തരം അവൻ**

**യാക്കോബിന്നും പിന്നെ അപ്പൊസ്തലനന്മാർക്കു എല്ലാവർക്കും പ്രത്യ ക്ഷനായി. [8]എല്ലാവർക്കും ഒടുവിൽ അകാലപ്രജ പോലെയുള്ള എനിക്കും പ്രത്യക്ഷനായി. [9]ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലൊ; ദൈവസഭയെ ഉപദ്രവിച്ചതിനാൽ, അപ്പൊസ്തലൻ എന്ന പേരിന്നു യോഗ്യ നുമല്ല. [10]എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു. എന്നോ ടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാനല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രെ. [11]ഞാനാകട്ടെ അവരാകട്ടെ ഇവ്വണ്ണം ഞങ്ങൾ പ്രസംഗിക്കു ന്നു, ഇവ്വണ്ണം ഞങ്ങൾ വിശ്വസിച്ചുമിരിക്കുന്നു.**

ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉൾപ്പെടുന്നതാണ്, യേശു മരിച്ചവ രിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നതും അവൻ വീണ്ടും വരുമെന്നതും. താൻ രക്ഷിച്ചവർക്കും പുനരുത്ഥാനം ഉണ്ടെന്ന് ക്രിസ്തു തന്റെ ഉയർപ്പിനാൽ തെളിയിച്ചു (15:20). അവൻ വീണ്ടും വരുമ്പോൾ, മരിച്ചവർ ഉയിർക്കുകയും, ഒരു ശരീരത്തോടെ നിത്യജീവനുള്ളതായി അവനെ തിരിച്ചറിയുകയും ചെയ്യും. യേശുവിന് ശാരീരിക ഉയർപ്പ് ലഭിച്ചില്ലെങ്കിൽ മനുഷ്യർക്ക് രക്ഷ ലഭിസാറസു കയില്ല. അത് ക്രിസ്ത്യാനിത്വത്തിന്റെ ശക്തമായ അടിത്തറയാണ്. അവന്റെ ദൈവികത്വവും, അവൻ നമുക്ക് വേണ്ടി മരിച്ചു എന്നും തെളിയിക്കുന്നതാണ് അത് ആ സത്യം മാറാത്തതാണ്. ആ അടിസ്ഥാനത്തിലാണ് ക്രിസ്ത്യാനികൾ ഉറച്ച് നിൽക്കേണ്ടത്.[2]

**വാക്യം 1.** ദൈവം ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയർപ്പിച്ചു എന്നും അവൻ ഒരിക്കൽ വീണ്ടും വരുമെന്ന സന്ദേശമായിരുന്നു പൗലൊസും സംഘവും കൊരിന്ത്യയിൽ പ്രസംഗിച്ചത്. അപ്പൊസ്തലന്റെ പ്രബോധനം സൗമ്യമായിട്ടായിരുന്നു. ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിൽ വെളി പ്പെടുത്തിയ സന്ദേശത്തിൽ വിശ്വാസം അർപ്പിച്ചവരെ മരിച്ചവർക്കുള്ള പുന രുത്ഥാനം ഓർപ്പിച്ചുകൊണ്ടായിരുന്നു പൗലൊസ് തന്റെ ചർച്ച തുടങ്ങിയത്. പൗലൊസിന്റെ നിലപാടിനോട് **യോജിച്ചതു** നിമിത്തം ആയിരുന്നു അവർ രക്ഷിക്കപ്പെട്ടത്. പൗലൊസ് പ്രസംഗിച്ച സുവിശേഷം അവർ കൈക്കൊണ്ട ത്, (τὸ εὐαγγέλιον ὅ εὐηγγελισάμην ὑμῖν, *ടു ഇവാഞ്ചെലിയോൺ ഹോ യുയെൻജെലിസാമെൻ ഹുമിൻ*, “ഞാൻ പ്രസംഗിച്ച സുവിശേഷം”). അപ്പൊ സ്തലന്റെ സുവിശേഷം അയവില്ലാത്തതായിരുന്നു. അത് ഗ്രീക്ക് ചിന്തയുമായി യോജിക്കുന്നതായിരുന്നില്ല. യേശു മടങ്ങി വരുമ്പോൾ, ജീവനുള്ളവർക്കു രൂപാന്തരവും മരിച്ചവർക്കു പുനരുത്ഥാനവും അതോടൊപ്പം എല്ലാവർക്കും ന്യായവിധിയും ഉണ്ടാകും (2 കൊ. 5:10). പൊതുവായ പ്രത്യാശക്കും ഉദ്ദേശ ത്തിനുമായി കൊരിന്ത്യയിലെ തന്റെ സഹ വിശ്വാസികളെ പൗലൊസ് ഓർപ്പി ക്കുകയായിരുന്നു.

മരിച്ചവർക്കു പുനരുദ്ധാനമുണ്ടെന്നതിനെ ചോദ്യം ചെയ്യുന്നവർ ക്രിസ്ത്യാനികളുടെ വിശ്വാസം ഏറ്റു പറച്ചിലിനെയാണ് ചോദ്യം ചെയ്യുന്നത്. മരിച്ചവരുടെ പുനരുത്ഥാനത്തെ തള്ളിക്കളയുന്നവർ, തർക്കിക്കുന്നത് നിസാരമായ വിശദീകരണത്തെയോ, അഭിപ്രായത്തെയോ അല്ല; പിന്നെയോ ക്രിസ്ത്യാനിത്വത്തിന്റെ അടിത്തറയെ അവർ ചവുട്ടി മെതിച്ചുകളയുകയാണ്. ദീർഘ-കാലമായി .അരുളിച്ചെയ്ത നസ്രേത്തുകാരനായ യേശു തന്നെ ആയി രുന്നു മശിഹ, അന്നും ഇന്നും അത് വാസ്തവമാണ്. മരിച്ചവരിൽ നിന്നും

ആദ്യജാതനായി എഴുന്നേൽക്കത്തക്കവണ്ണം യേശുവിനെ ദൈവം തന്റെ പുത്രനാണെന്ന് സാക്ഷീകരിച്ചു (റോമ. 1:4; 1 കൊ. 15:20). ഏതൊരാൾക്കും ദൈവത്തോട് നിരപ്പ് പ്രാപിക്കുവാനുള്ള ഏക വഴി യേശുക്രിസ്തു മാത്രമാണ്. ക്രിസ്തുവിന്റെ കല്ലറ ശൂന്യമാക്കി ശരീരത്തോടെ യേശു ഉയർത്തെഴുന്നേറ്റതു മുതൽ, പുനരുത്ഥാനം തുടങ്ങിക്കഴിഞ്ഞു. പുനരുത്ഥാനത്തിൽ വിശ്വസിക്കാതിരിക്കുന്നത്, ക്രിസ്തുവിലുള്ള വിശ്വാസം നിഷേധിക്കലാണ്.

**വാക്യം 2**. വികൃതമായ ഒരു ഗ്രീക്ക് പ്രയോഗം (τίνι λόγῳ εὐηγγελισάμην ὑμῖν εἰ κατέχετε, *ടിനി ലോഗോ ഇയുവെഞ്ചെലൈസെമിൻഹുമിൻ എയി കാടെകേടേ*, "ആ വാക്കിനാൽ ഞാൻ നിങ്ങളോട് സുവിശേഷം പ്രസംഗിച്ചു, നിങ്ങൾ അത് പിടിച്ചുകൊണ്ടാൽ"; 15:2), പൗലൊസ് പ്രസംഗിച്ച വചനത്താലായിരുന്നു കൊരിന്ത്യർ രക്ഷിക്കപ്പെട്ടത്. തങ്ങൾ സ്വീകരിച്ച ഏറ്റുപറച്ചലിനനുസരിച്ച് അവർ ജീവിതം തുടരണമായിരുന്നു. ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചുവേണം തങ്ങളുടെ ഭാഗം നിവർത്തിക്കുവാൻ. പൗലൊസും അവരോട് ചേർന്ന് ഇട്ടതായ അടിസ്ഥാനം വിട്ടുകളഞ്ഞാൽ അവരുടെ ആത്മിക ജീവിതം തകരുമായിരുന്നു. മരണശേഷം ശാരീരികമായ ജീവിതം സാധ്യമാണെന്ന കാര്യത്തിൽ ചിലർ കൊരിന്ത്യയിലുള്ള വിശ്വാസികളിൽ സംശയം ചെലുത്തി. ആരംഭത്തിൽ അവർ സ്വീകരിച്ച നല്ല സ്വീകാരം മുറുകെ പിടിച്ചാൽ മാത്രമെ ക്രിസ്തുവിലുള്ള പ്രത്യാശ നിലനിർത്തുവാൻ കഴിയുമായിരുന്നുള്ളു. അല്ലെങ്കിൽ അവരുടെ **വിശ്വാസം** തന്നെ **വ്യർത്ഥം** ആകുമായിരുന്നു. അവര് രക്ഷിക്കപ്പെടുവാൻ വിശ്വസിച്ചതായ സന്ദേശം മരിച്ചവർക്കുള്ള ഉയർപ്പിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. സുവിശേഷത്തിന്റെ കേന്ദ്രബിന്ദുവാണ് ശാരീരിക ഉയർപ്പ്.

തുടർന്നുള്ള ദശാബ്ദങ്ങളിൽ, ശാരീരിക ഉയർപ്പ് വ്യത്യസ്ത രീതികളിൽ പ്രദർശിപ്പിച്ചത് ഗ്രീക്ക് വിശ്വാസികൾക്ക് പ്രതിസന്ധി സൃഷ്ടിച്ചു. ക്രിസ്ത്യാനികളായി തീർന്നപ്പോൾ, അവർക്ക് അക്ഷരിക-മല്ലാത്ത ആത്മികമായ ഉയർത്തെഴുന്നേൽപ് ലഭിച്ചു എന്നു ചിലർ കരുതി. ഒരുപക്ഷെ പൗലൊസിന്റെ ഉപദേശങ്ങൾ അവർ തെറ്റിദ്ധരിച്ചതാകാം, (ഉദാഹരണമായി റോമ. 6:4). ഹുമനെയൊസും, ഫിലെത്തൊസും പോലുള്ള ഉപദേഷ്ടാക്കൾ, പുനരുത്ഥാനം കഴിഞ്ഞു എന്നു പഠിപ്പിച്ചിരിക്കും (2 തിമൊ. 2:17, 18). സ്നാനത്തിൽ, പാപത്തിന്റെ മരണത്തിൽനിന്നു ഉയർത്തെഴുന്നേറ്റു അവരുടെ ആത്മാക്കൾ സ്വർഗത്തിലായിരിക്കുന്നു എന്നു ചിലർ വിശ്വസിച്ചു; എന്നാൽ ശാരീരിക ജീവിതം ഈ ലോകത്തിൽ വെച്ചിരിക്കുന്നു എന്നാണ് അവർ കരുതുന്നത്. പക്ഷെ അതുവരെ കൊരിന്ത്യയിൽ ആരും അത്രത്തോളം ചിന്തിച്ചിരുന്നില്ല. ഉയർത്തെഴുന്നേറ്റ ശരീരം എങ്ങനെ ആത്മിക പ്രതലത്തിൽ ജീവിക്കും എന്നതായിരുന്നു ചിലരുടെ പ്രതിസന്ധി.

**വാക്യം 3**. ക്രിസ്തീയ വിശ്വാസത്തിലെ ആരംഭ ഏറ്റുപറച്ചൽ, പൗലൊസ് കൊരിന്ത്യയിലെ സഹോദരീസഹോദരന്മാരെ ഓർപ്പിക്കുകയായിരുന്നു. ഒരു വിശ്വാസ പ്രമാണം പോലെ, പുതിയ നിയമത്തിൽ അവന്റെ വാക്കുകൾ ചുരുക്കി പറഞ്ഞിരിക്കുന്നു: ക്രിസ്തുവിന്റെ സുവിശേഷം. ആവർത്തന പുസ്തകം 26:5–9 വായിച്ചാൽ യിസ്രായേൽ മക്കളുടെ ജീവിതത്തിലും ഏറ്റുപറച്ചൽ പ്രധാനപ്പെട്ടതു തന്നെയായിരുന്നു.[3] നമ്മുടെ പാപങ്ങൾക്കു വേണ്ടി യേശു ദൈവശക്തിയാൽ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നതാണ് ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസം. "ആദ്യം തന്നെ" ἐν πρώτοις

(എൻ പ്രോട്ടോയിസ്). **ആദ്യത്തെ പ്രധാനപ്പെട്ടത്** എന്നു തർജിമ ചെയ്യുന്നതായിരിക്കും നല്ലത് (എൻഏഎസ്ബി, എൻഐവി, എൻകെജെവി, ഏഎസ്വി). **തനിക്ക് ലഭിച്ചത്** ആണ് പൗലൊസ് കൊരിന്ത്യർക്ക് ഏൽപിച്ചു കൊടുത്തത് എന്നാണ് പറഞ്ഞത്. പൗലൊസിന് സന്ദേശം "ലഭിച്ചത്" ആരിൽനിന്നായിരുന്നു? ഗലാത്യർ 1:11, 12 ൽ, താൻ പ്രസംഗിച്ച സന്ദേശം മനുഷ്യരിൽനിന്നു പ്രാപിച്ചിട്ടില്ല എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു. എങ്കിലും, തനിക്ക് മുൻപ് പ്രസംഗിച്ച മറ്റു അപ്പൊസ്തലന്മാരുടെയും മനുഷ്യരുടേയും സാക്ഷ്യം അവൻ കേട്ടിരുന്നു. മുൻപ് പ്രസംഗിച്ചവരുടെ സന്ദേശത്തിൽ നിന്നു പൗലൊസ് വ്യതിചലിച്ചാൽ, അവന്റെ ബഹുമതിയെ ചോദ്യം ചെയ്യുമായിരുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാക്ഷികളായിരുന്ന അപ്പൊസ്തലന്മാരുടെ സാക്ഷ്യമായിരുന്നു അവൻ കൊരിന്ത്യരിൽ ഭരമേൽപിച്ചിരുന്നത്. മറ്റു അപ്പൊസ്തലന്മാരുടെ സാക്ഷ്യം പൗലൊസ് വിശ്വസിച്ചിരുന്നു; മനുഷ്യ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമായിരുന്നു ക്രിസ്തുവിന്റെ മരണം (1 കൊ 15:3). അത് പഴയനിയമത്തിലെ മശിഹാ പ്രവചനം നിറവേറിയതായിരുന്നു.

തന്റെ സന്ദേശം **തിരുവെഴുത്തുകളിൻപ്രകാരം** ആയിരുന്നു എന്നു പൗലൊസ് എഴുതിയപ്പോൾ, പൗലൊസ് പഴയ നിയമ തിരുവെഴുത്തുകളെ കുറിച്ചായിരുന്നു ഉദ്ദേശിച്ചതെന്ന് ആദ്യ വായനക്കാർ മനസിലാക്കണമായിരുന്നു. യേശു ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റത് "ദൈവത്തിന്റെ മുന്നറിവും മുൻനിശ്ചയവും" അനുസരിച്ചായിരുന്നു എന്നതിന്റെ തെളിവായിരുന്നു തിരുവെഴുത്തുകൾ (പ്രവൃ. 2:23). പിലാത്തൊസ് യേശുവിനെ ക്രൂശിലേക്ക് അയച്ചപ്പോൾ, അവന്റെ തെറ്റ് നിമിത്തമോ അല്ലെങ്കിൽ മനുഷ്യരുടെ തന്ത്രം നിമിത്തമോ ആയിരുന്നില്ല. ക്രിസ്തു കഷ്ടമേൽക്കേണ്ടി വരുമെന്ന് പറഞ്ഞ പഴയനിയമമായിരിക്കാം പൗലൊസിന്റെ മനസിലുണ്ടായിരുന്നത്; നിരവധി വാക്യങ്ങൾ കാണാം (ഉദാഹരണമായി യെശ 53).

തനിക്ക് മുൻപ് പ്രസംഗിച്ചവരുടെ സന്ദേശം തന്നെയായിരുന്നു പൗലൊസും പ്രസംഗിച്ചത്. തനിക്കു മുൻപു പ്രസംഗിച്ച അപ്പൊസ്തലന്മാരുടേതിൽ നിന്നു പ്രത്യേകതയോ വ്യത്യാസമോ ഉള്ളതായി പൗലൊസ് ഗലാത്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞില്ല. അപ്പൊസ്തലന് സുവിശേഷം ലഭിച്ചത് ക്രിസ്തുവിൽനിന്നുമായിരുന്നു, അത് ജാതികൾക്കും യെഹൂദന്മാർക്കും ഉള്ളതായിരുന്നു. ആ സുവിശേഷത്തെ കുറിച്ചായിരുന്നു ഗലാത്യയിൽ തന്നെ അനുഗമിച്ചവരിൽ തർക്കം ഉടലെടുത്തത്. തനിക്ക് മുൻപുള്ള അപ്പൊസ്തലന്മാർ പ്രസംഗിച്ച അതേ സന്ദേശമായിരുന്നു പൗലൊസ് പ്രസംഗിച്ചത്, പക്ഷെ അവനോട് സുവിശേഷം ജാതികളോടും യെഹൂദന്മാരോടും ഒരേ പോലെ പ്രസംഗിക്കുവാൻ കർത്താവ് ആണ് അവനെ ആ ദൗത്യം ഏൽപിച്ചത് (ഗലാ. 1:16 നോക്കുക).

**വാക്യം 4. യേശു മരിച്ചു, അടക്കപ്പെട്ടു, അവൻ മൂന്നാം നാൾ ഉയിർന്നേറ്റു** എന്ന സത്യ വസ്തുത പ്രസ്താവിക്കാതെ പൊലൊസിന്റെ ഉപദേശം അവസാനിപ്പിക്കുന്നില്ല. യേശു വാസ്തവത്തിൽ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ സംഭവിച്ച കാര്യങ്ങൾ ഏറ്റുപറയുന്നത് വിശ്വസനീയം തന്നെയായിരുന്നു. അല്ലാതെ, അത് ഐതിഹാസികമായ യാതൊന്നിന്റേയും ഉറപ്പിക്കൽ ആയിരുന്നില്ല. വൈദ്യശാസ്ത്ര നിർവ്വചനം അനുസരിച്ച്, യേശു അടക്കപ്പെട്ടപ്പോൾ, മരണം സ്ഥിരീകരിക്കപ്പെട്ടു. യേശു അടക്കപ്പെട്ടു എന്നു ലൂക്കൊസ് വിവരിക്കുന്നത് ശ്രദ്ധേയമാണ്. തിരഞ്ഞെടുക്കപ്പെട്ടവർക്ക്, ഉയിർത്തെഴുന്നേറ്റ യേശു

പ്രത്യക്ഷനായി. "അവൻ കഷ്ടമേറ്റു മരിക്കയും, അനേകം സാക്ഷികൾക്ക് പ്രത്യക്ഷനാകുകയും ചെയ്തു" (പ്രവൃ. 1:3).

ഇവിടെ പറയുന്നത് പഴയ നിയമ പ്രവചന നിവർത്തീകരണം ആണ് എന്ന് പൗലൊസ് അവകാശപ്പെട്ടില്ല. **തിരുവെഴുത്തിൻ പ്രകാരം** എന്നു പറഞ്ഞത്, അവൻ "മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു" എന്നതോ അല്ലെങ്കിൽ അവൻ "അടക്കപ്പെടുകയും," "മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു" എന്നതു മുഴുവനായി ഉറപ്പിക്കുന്നതിനാകാം. അടക്കം എന്ന വാക്ക് യാദൃശ്ചി കമായി ഉപയോഗിച്ചതാകാം. മരിച്ചവരെ സാധാരണ അടക്കുകയാണ്. താൻ പറയുന്നത് ഉറപ്പിക്കുന്നതിനായിരിക്കാം പൗലൊസ് അടക്കം എന്ന വാക്ക് ഉപയോഗഗിച്ചത്. അതിനും പുറമെ, യേശുവിന്റെ ഉപയർത്തെഴുന്നേൽപിനെ പഴയ നിയമത്തിൽ വളരെ അപൂർവ്വമായിട്ടേ ഉപയോഗിച്ചിട്ടുള്ളു. യോനക്ക് സംഭവിച്ചതും, തനിക്ക് സംഭവിപ്പാനിരിക്കുന്നതും തമ്മിലുള്ള സാമ്യം യേശു ജീവിച്ചിരുന്നപ്പോൾ ഉപയോഗിച്ചിരുന്നു (മത്താ. 12:40). ആ രണ്ടു സംഭവ ങ്ങളും ദൃഷ്ടാന്തമായി കാണിച്ചിരിക്കുന്നു. യേശു മൂന്നാം നാൾ ഉയർത്തെ ഴുന്നേൽക്കുമെന്ന് യോനാ പറഞ്ഞിരുന്നില്ല. പൗലൊസ് പഴയ നിയമ ഭാഗം ഉദ്ധരിച്ചത് യേശുവിൻെറ ഉയർപ്പുമായുള്ള ബന്ധത്തിലാണ് അല്ലാതെ അടക്ക വുമായുള്ള ബന്ധത്തിലല്ല പൗലൊസിൻെറ ലേഖനങ്ങളും, പ്രവൃത്തി 2:25-28 ഉം വായിച്ചാൽ മനസിലാകും. മൂന്നാം നാൾ പഴയ നിയമ പൂർത്തീകരണമായി മറ്റൊരിടത്തും പൗലൊസ് പറയുന്നുമില്ല.

**വാക്യം 5**. പത്രൊസിന്റെ പൗലൊസിന് ഇഷ്ടപ്പെട്ട പേരായിരുന്നു **കേഫാവ്**. അവന്റെ ഗലാത്യ ലേഖനത്തിലും, 1 കൊരിന്ത്യ ലേഖനത്തിലും രണ്ട് പ്രാവശ്യം "പത്രൊസ്" എന്നും (ഗലാ. 2:7, 8), എട്ടു പ്രാവശ്യം "കേഫാവ്" എന്നും വിളിച്ചിരിക്കുന്നു (1 കൊ. 1:12; 3:22; 9:5; 15:5; ഗലാ. 1:18; 2:9, 11, 14). ഒരുപക്ഷെ ഗ്രീക്കിന്മേൽ അരാമ്യയോടുള്ള പൗലൊസിന്റെ താൽപര്യമാകാം ആ ഉപയോഗത്തിന്റെ പിന്നിലുള്ളത്. പൗലൊസിന്റെ ലേഖനങ്ങൾക്ക് പുറമെ എടുത്തുചാട്ടക്കാരനായ പത്രൊസിനെ "കേഫാവ്" എന്നു വിളിച്ചിരിക്കുന്നത് യോഹന്നാൻ 1:42 ലാണ്. ലൂക്കൊസ് അവനെ "ശിമോൻ" എന്നു വിളിച്ചിരുന്നു എങ്കിലും, പൗലൊസ് യേശുവിന്റെ ഉയർപ്പിനു-ശേഷമുള്ള പ്രത്യക്ഷതയെ ലൂക്കൊസ് 24:34 ൽ പറഞ്ഞതു സൂചിപ്പിച്ചാകാം.

എല്ലാ അപ്പൊസ്തലന്മാരും സന്നിഹിതരായില്ലെങ്കിലും, **പന്തിരുവർക്ക്** യേശു പ്രത്യക്ഷനായി എന്നു പൗലൊസ് പറഞ്ഞത്, ലൂക്കൊസ് 24:36-43 ലേയും, യോഹന്നാൻ 20:19-23 ലേയും പരാമർശം ആയിരിക്കാം. യൂദയോ തോമസോ അവിടെ ഇല്ലായിരുന്നു. കുറെ കഴിഞ്ഞപ്പോൾ, മറ്റുള്ളവർക്കക് കർത്താവ് പ്രത്യക്ഷനായത് പറയുകയും, അങ്ങനെ യേശുവിനെ കുറിച്ചുള്ള അവരുടെ സാക്ഷ്യം സ്ഥിരീകരിക്കപ്പെടുകയും ചെയ്തു.

സുവിശേഷ വിവരണങ്ങളിൽ യേശുവിന്റെ സംഭവം വിവരിച്ച ശേഷം, യേശുവിനോടുകൂടെയുള്ള സംഘത്തെ രണ്ടു പ്രവാശ്യം "പന്തിരുവർ" എന്നു വിളിച്ചിരിക്കുന്നു (പ്രവൃ. 6:2 ലും 1 കൊ. 15:5 ലും). രണ്ട് സന്ദർഭങ്ങ ളിലും "പന്തിരുവർ" എന്ന വാക്കിനോടുകൂടെ "അപ്പൊസ്തലന്മാർ" എന്നതു ചേർത്തിട്ടില്ല. "പന്ത്രണ്ട് അപ്പൊസ്തലന്മാർ" എന്ന പ്രയോഗം വെളിപ്പാട് 21:14 ൽ കാണാം. യൂദാക്ക് പകരം മത്ഥിയാസിനെ തിരഞ്ഞെടുത്ത ശേഷം, അവനെ പതിനൊന്ന് അപ്പൊസ്തലന്മാരോട് ചേർത്തു (പ്രവൃ. 1:26). പെന്തെകൊസ്തു നാളിൽ പത്രൊസ്, മറ്റു അപ്പൊസ്തലന്മാരെ ഉൾപ്പെടുത്തിയാണ് പതിനൊന്നു

പേരോടുകാടി എന്നു പറയുന്നത് എന്ന കാര്യത്തിൽ സംശയമില്ല (പ്രവൃ. 2:14).

"അപ്പൊസ്തലന്മാർ" എന്ന വാക്ക് ഒന്നാം നൂറ്റാണ്ടിലുള്ളവർ അർത്ഥമാക്കിയത് എന്ത്? യേശുവിനോട് പ്രത്യേകമായി ചേർന്ന പന്ത്രണ്ടു പേരെ ഉദ്ദേശിച്ചു മാത്രം ഉപയോഗിച്ചതായിരുന്നോ ആ വാക്ക് (മത്താ. 10:2; ലൂക്കൊ. 6:13)? ഒരു പരിധിവരെ, പുതിയ നിയമത്തിലെ "അപ്പൊസ്തലന്മാർ" എന്ന പ്രയോഗം സാങ്കേതികവും വംശീയവുമായ തെറ്റിദ്ധാരണ ഉയർത്തിയിരുന്നു. സാധാരണ രീതിയിൽ ഒരു ദൗത്യം ലഭിച്ചവനെ ആണ് അപ്പൊസ്തലൻ എന്നു വിളിച്ചിരുന്നത്. ഗലാത്യർ 1:19 ൽ പറയുന്നത്, പൗലൊസ്, "അപ്പൊസ്തലനായ" യാക്കൊബിനെ കണ്ടതായി പറയുന്നു. അവൻ അപ്പോസ്തലന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനായിരുന്നു. പത്രൊസും യോഹന്നാനും അതുപോലെ യെരുശലേം സഭയിൽ അദ്ധ്യക്ഷന്മാരായിരുന്നു (ഗലാ. 2:9). അന്ത്യോക്യാ സഭ ഒരു ദൗത്യവുമായി അയച്ച അപ്പൊസ്തലന്മാരായിരുന്നു പൗലൊസും ബർന്നബാസും (പ്രവൃ. 13:1-3). ദൈവം തന്റെ ദൗത്യം ഏൽപിച്ച് അയച്ച യേശു തന്നെയും ഒരു അപ്പൊസ്തലൻ ആയിരുന്നു (എബ്രാ. 3:1). യെഹൂദ്യയിലെ സാധുക്കളെ സഹായിക്കുവാൻ, ധർമ്മശേഖരത്തിനായി പൗലൊസ് അയച്ച സഹോദരന്മാരെയും പൊതുവിൽ അപ്പൊസ്തലന്മാർ എന്നു വിളിച്ചിരുന്നു. എൻഏഎസ്ബി അവരെ "സന്ദേശ വാഹകർ" എന്നാണ് തർജിമ ചെയ്തത് (2 കൊ. 8:23).

യേശു ഉയർത്തെഴുന്നേറ്റശേഷം, പെന്തെകൊസ്തു നാളിൽ, അവരിൽ പരിശുദ്ധാത്മാവ് പകരുന്നതിന് മുൻപ് അവരുടെ അംഗസംഖ്യ പന്ത്രണ്ടാക്കി കൊണ്ടുവന്നു (പ്രവൃ. 1:21-26). യേശുവിന്റെ പരസ്യ ശുശ്രൂഷയിൽ അവനോടൊപ്പമായിരിക്കയും, ഉയർത്തെഴുന്നനേറ്റ കർത്താവിനെ മേരിട്ടു കാണുകയും ചെയ്തവരായിരുന്നു ആ പന്ത്രണ്ട് ശിഷ്യന്മാർ. സ്പഷ്ടമായും, പന്ത്രണ്ട് എന്നതിന് ആലങ്കാരികമായി പ്രാധാന്യമുണ്ട്. യാക്കൊബിന് പന്ത്രണ്ട് മക്കളായിരുന്നു, യിസ്രായേലിന് പന്ത്രണ്ട് ഗോത്രങ്ങളായിരുന്നു. എങ്ങനെയായാലും, ആ പന്ത്രണ്ട് എന്ന സംഖ്യ തുടർന്ന് നില നിർത്തുവാനുള്ള ശ്രമം ഉണ്ടായിട്ടില്ല എന്നു കാണാം. യോഹന്നാന്റെ സഹോദരനായ യാക്കൊബിനെ ഹെരോദാ രാജാവ് വാൾകൊണ്ട് കൊല്ലിച്ചപ്പോൾ, പകരം മറ്റൊരാളെ അപ്പൊസ്തലൻ ആകുവാൻ തിരഞ്ഞെടുത്തതായി പറയുന്നില്ല (പ്രവൃ. 12:2). പന്ത്രണ്ട് അപ്പൊസ്തലന്മാർക്ക് തുല്യനായിരുന്നു പൗലൊസ് (1 കൊ. 9:1; 2 കൊ. 12:12; ഗലാ. 1:1), എന്നാൽ ആർക്കെങ്കിലും പകരമായി തന്നെ തിരഞ്ഞെടുത്തതാണെന്ന് പൗലൊസ് പറഞ്ഞില്ല. അതിനു പുറമെ, തന്റെ അപ്പൊസ്തലത്വം പ്രത്യേകതയുള്ളതാണെന്ന് അവൻ വ്യക്തമാക്കി (1 കൊ. 15:8-10). പൗലൊസും ബർന്നബാസും സഭയുടെ സന്ദേശ വാഹകരായിരുന്നു. കർത്താവിനോടുകൂടെ നടന്ന്, അവന്റെ ഉയർപ്പിനു സാക്ഷികളായ ശിഷ്യന്മാരെയാണ് പ്രവൃത്തികകളുടെ പുസ്തകത്തിൽ "പന്ത്രണ്ട് അപ്പൊസ്തലന്മാർ" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

സഭയിലെ അദ്ധ്യക്ഷന്മാരെ കുറിച്ച് പൗലൊസ് പരാമർശിച്ചപ്പോൾ, "ദൈവം ആദ്യം അപ്പൊസ്തലന്മമാരെ നിയമിച്ചു ..." (12:28, 29; എഫെ. 4:11) എന്നാണ് രേഖപ്പെടുത്തിയത്. പ്രവൃത്തികളുടെ പുസ്തകത്തിലും ഒന്നു കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിലും, "പന്തിരുവർ" എന്നു പറഞ്ഞിരിക്കുന്നത് പൊതുവായി അപ്പൊസ്തലന്മാരെ ഉദ്ദേശിച്ചാണ്, അതിനു കൂടുതൽ വിശദീകരണങ്ങൾ ആവശ്യമില്ല. പൗലൊസ് തന്റെ അപ്പൊസ്തലിക പ്രാധാന

്യത്തെ ദൈവിക അധികാരമായിട്ടാണ് വ്യക്തമാക്കിയിരിക്കുന്നത്. പത്രൊസ്, യോഹന്നാൻ, പൗലൊസ് എന്നിവരിൽ ദൈവമാണ് പ്രവർത്തിച്ചിരുന്നത് എന്നു സ്പ്ഷ്ടം (1 കൊ. 2:13; 2 കൊ. 12:12). പരിശുദ്ധാത്മ-ശക്തിയാലുള്ള മറ്റു ആത്മിയ വരങ്ങൾ നിന്നു പോകുന്നതുപോലെ, പുതിയ നിയമ കാനോൻ പൂർണ്ണമായി ലഭിക്കുന്നതോടെ ആത്മാവിന്റെ അത്ഭുതപ്രജർശനവും നിന്നു പോകും. സഭയുടെ നടത്തിപ്പിന് ഒന്നാം നൂറ്റാണ്ടിൽ ആത്മ-ശ്വാസിയരായ അപ്പൊസ്തലന്മാർ ആവശ്യമായിരുന്നു. എന്നാൽ പിന്നീടു വന്ന തലമുറകളിൽ ആത് കാണപ്പെട്ടില്ല.

**വാക്യം 6**. ഉയർത്തെഴുന്നേറ്റ ക്രിസ്തു **അഞ്ഞൂറിലധികം സഹോദരന്മാർക്ക് ഒരേ സമയത്ത് പ്രത്യക്ഷനായി** എന്നതു പൗലൊസ് മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു അവരിൽ **ചിലർ നിദ്രകൊണ്ടെങ്കിലും**, മിക്കപേരും ഇന്നുവരെ ജീവനോടെയിരിക്കുന്നു എന്നാണ് പറഞ്ഞത്. മരണത്തെ പൗലൊസ് സാധാരണ "നിദ്ര" (κοιμάω, *കൊയിനിയാവോ*; 1 കൊ. 7:39; 11:30; 15:18, 20; 1 തെസ്സ. 4:15) എന്നാണ് പറഞ്ഞിരിക്കുന്നത്. പ്രവൃത്തികളുടെ പുസ്തകത്തിലോ, സുവിശേഷവിവരണങ്ങളിലോ പറയാത്ത ഈ പ്രത്യക്ഷത യെരുശലേമിൽ ആയിരിക്കുവാനാണ് സാധ്യത. അക്കാരണത്താൽ, 1 കൊരിന്ത്യര് 15:6 ലെ സംഭവം നടന്നത് ഗലീലയിലായിരിക്കുമെന്ന് നിരവധി ബൈബിൾ വിദ്യാർത്ഥികൾ കരുതുന്നു, എന്നാൽ അതിന് ഇല്ലെന്ന് അവർ തന്നെ സമ്മതിക്കുന്നു. ഉയിർത്തെഴുന്നേറ്റ ശേഷമുള്ള യേശുവിന്റെ പ്രത്യക്ഷത വിവരണക്കാർക്ക് ആവേശം നൽകുന്നതായിരുന്നു. ഉയിർപ്പിനു-ശേഷം ആരംഭിച്ച സഭ, കർത്താവിന്റെ പ്രത്യക്ഷത സംഭവിക്കുമെന്നതിനാൽ, അസംഖ്യം പേർ യെരുശലേമിൽനിന്നു ഗലീലയിലേക്ക് വന്നു.[4]

ലൂക്കൊസ് പറഞ്ഞതനുസരിച്ച് യേശു ഗലീലയിൽ വെച്ച് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടണമായിരുന്നു (മർ. 14:28; 16:7). ആ വാഗ്ദാനം മത്തായിയുടെ വിവരണത്തിലും, ഗലീലയിൽ അവൻ പ്രത്യക്ഷനാകും എന്നതു കാണാം (മത്താ. 26:32; 28:16, 17). അവന്റെ പ്രത്യക്ഷതയെ കുറിച്ച് ലൂക്കൊസ് വിവരിച്ചിട്ടില്ല; പക്ഷെ യോഹന്നാൻ തന്റെ വിവരണത്തിൽ, മീൻ പിടിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർക്ക് അവൻ പ്രത്യക്ഷനായി, "പത്രൊസിനോടും ശേഷം ശിഷ്യന്മാരോടും" സംസാരിച്ചതായി പറയുന്നു (യോഹ. 21:4–14). 1 കൊരിന്ത്യർ 15:6 ൽ പൗലൊസ് പറഞ്ഞത് ഗലീലയിലെ സന്ദർശനം ആണെങ്കിലും അല്ലെങ്കിലും, അഞ്ഞുറിലധികം പേർക്ക് യേശു പ്രത്യക്ഷനായി എന്ന സാക്ഷ്യം സത്യമാണെന്ന് പൗലൊസിന് ബോധ്യമുണ്ടായിരുന്നു. ആ പ്രത്യക്ഷത നേരിട്ടു കണ്ടവരിൽ പലരും ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്ന പൗലൊസിന്റെ പ്രസ്താവന ശ്രദ്ധേയമാണ്. ദൃക്സാക്ഷികളുടെ സാക്ഷ്യം സംശയരഹിതമായിരുന്നു. ആർക്കെങ്കിലും അന്ന് സംശയമുണ്ടായിരുന്നു എങ്കിൽ അവർക്ക് ദൃക്സാക്ഷികളെ കണ്ട് ഉറപ്പ് വരുത്താമായിരുന്നു.

**വാക്യം 7**. കർത്താവ് **യാക്കൊബിന്** പ്രത്യക്ഷനായത് പൗലൊസ് മാത്രമാണ് രേഖപ്പെടുത്തിയത് ആ യാക്കൊബ് കർത്താവിന്റെ സഹോദരനായിരുന്നു എന്ന് മിക്കവരും കരുതാം (ഗലാ. 1:19). യോഹന്നാന്റെ സഹോദരൻ യാക്കൊബ് നേരത്തെ മരിച്ചിരുന്നു (പ്രവൃ. 12:2). എന്നാൽ യേശുവിന്റെ സഹോദരനായ യാക്കൊബ് യെരുശലേം സഭയിലെ അദ്ധ്യക്ഷന്മാരിൽ ഒരാളായിരുന്നു (പ്രവൃ. 12:17; 15:13; 21:18). യാക്കൊബിന്റേയും യൂദയുടേയും പരിവർത്തനം സംഭവിച്ചത്, ഈ പ്രത്യക്ഷതക്കു ശേഷം ആയിരിക്കാം (പ്രവൃ. 1:14).

യോഹന്നാൻ 20:26–29 ൽ പറഞ്ഞിരിക്കുന്നതോ അല്ലലെങ്കിൽ, പ്രവൃത്തികൾ 1:1–9 ൽ പറഞ്ഞിരിക്കുന്നതോ ആകാം അവന്റെ രണ്ടാമത്തെ പ്രത്യക്ഷത. അപ്പൊസ്തലന്മാരെ നിയമിക്കുവാൻ 15:5 നു പുറമെ പിന്തുണക്കുന്ന വാക്യം മറ്റൊന്നില്ല.

ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യക്ഷതാ വിവരണം നമ്മെ മടുപ്പിക്കുന്നതല്ല; പൗലൊസിന് ആ ഉദ്ദേശവുമില്ലായിരുന്നു; യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ ചരിത്രസംഭവം സാക്ഷീകരിക്കുകയായിരുന്നു അപ്പൊസ്തലലൻ. ശൂന്യമായ കല്ലറ സ്ത്രീകൾ കണ്ടതിനു ശേഷം ഉള്ള ശരീരത്തോടു കൂടിയ യേശുവിന്റെ പ്രത്യക്ഷത സുവിശേഷ വിവരണ രേഖയിലും കാണാം. ചരിത്രപരമായ ആ സംഭവങ്ങൾ സാക്ഷീകരിച്ച വിവരണങ്ങൾ ആധുനിക ലോകത്തെ സംശയദൂരീകരണത്തിന് സഹായകരമാണ്.

**വാക്യം 8.** ശ്രദ്ധേയമായ വ്യത്യാസം കാണാമെങ്കിലും, തർസൊസിലേക്കുള്ള മാർഗ മദ്ധ്യേ യേശു തനിക്ക് പ്രത്യക്ഷനായ വിവരം, മറ്റു പ്രത്യക്ഷതാ വിവരണത്തോടൊപ്പം പൗലൊസ് പറഞ്ഞിരിക്കുന്നു (പ്രവൃ. 9:3–6). സ്വർഗാരോഹണത്തിനു ശേഷമാണ് യേശു പൗലൊസിന് പ്രത്യക്ഷനായത് (പ്രവൃ. 1:9); മറ്റുള്ളവർക്ക് അവൻ പ്രത്യക്ഷനായത് സ്വർഗാരോഹണത്തിന് മുൻപ് ആയിരുന്നു. യേശുവിനെ കണ്ടിരിക്കണം എന്നതായിരുന്നു അപ്പൊസ്തലത്വത്തിന്റെ ഒരു യോഗ്യത (1 കൊ. 9:1). കർത്താവ് മറ്റുള്ളവർക്ക് പ്രത്യക്ഷനായതും, തനിക്ക് പ്രത്യക്ഷനായതും തമ്മിലുള്ള വ്യത്യാസം പൗലൊസ് മനസിലാക്കിയിരുന്നു. **അകാലപ്രജ പോലെ എനിക്കും** കർത്താവ് പ്രത്യക്ഷനായി എന്നു പറഞ്ഞ് പൗലൊസ് തന്റെ അപ്പൊസ്തലത്വം ഉറപ്പിക്കുകയായിരുന്നു (ὡσπερεὶ τῷ ἐκτρώματι, *ഹോസ്പെരെയി ടു എക്ട്രോമാറ്റി*) പൗലൊസിനെ തിരഞ്ഞെടുത്തത് ക്രമമനുസരിച്ചായിരുന്നില്ലെങ്കിലും, തർസൊസിലേക്കുള്ള വഴിയിൽ കർത്താവ് അവന് പ്രത്യക്ഷനായപ്പോൾ മറ്റു അപ്പൊസ്തലന്മാരെ പോലെ അതേ നിലവാരത്തിലേക്ക് അവനെ യോഗ്യനാക്കി എന്ന് അവന് അറിയാമായിരുന്നു. പിന്നീടുള്ള അവന്റെ വിശ്വാസത്തിലും, പരിശീലനത്തിലും, അപ്പൊസ്തലിക അധികാരം കാണാം. വാമൊഴിയായോ, ലേഖനങ്ങളാലോ അവൻ നൽകിയ ഉപദേശങ്ങളെ കർത്താവിന്റേതായി ആളുകൾ സ്വീകരിക്കണം.

തന്റെ അപ്പൊസ്തലിക വിളിയെ കുറിച്ച് അപ്പൊസ്തലനായ പൗലൊസ് ἔκτρωμα (*എക്ട്രോമാ* "അകാലപ്രജ") എന്നു പറയുവാൻ കാരണം എന്തായിരുന്നു? ആ വാക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്. എന്നാൽ ആ വാക്ക് ഗ്രീക്ക് വൈദ്യസാഹിത്യത്തിൽ ഉപയോഗിക്കുന്ന ഒന്നായിരുന്നു. ഗർഭഛിദ്രം സംഭവിക്കുന്നതിനെയോ, അല്ലെങ്കിൽ സമയം തികയുന്നതിന് മുൻപ് പ്രസവിക്കുന്നതിനെയോ സൂചിപ്പിക്കുന്ന വാക്ക് ആയിരുന്നു അത്.[5] ഏതു രീതിയിൽ നോക്കിയാലും, പൗലൊസിനെ അപ്പൊസ്തലനായി നിയമിക്കുന്നത് പ്രതീക്ഷിച്ച സമയത്തിനു ശേഷം ആയിരുന്നു. എന്നാൽ, മറ്റു അപ്പൊസ്തലന്മാരെ വിളിച്ചതുമായി നോക്കിയാൽ പൗലൊസിനെ ദമസ്ക്കൊസിലേക്കുള്ള വഴിയിൽ വെച്ച് തിരഞ്ഞെടുത്തത് അടുത്തു തന്നെയാണെന്ന് കാണാം.

ചുരുക്കി പറഞ്ഞാൽ തന്റെ അപ്പൊസ്തലനാകുവാനുള്ള ക്ഷണത്തെ പൗലൊസ് രൂപകാലങ്കാരത്താൽ വിശദമാക്കുന്നു എന്നു കരുതിയാൽ മതി. ഈ രൂപകാലങ്കാരമോ മറ്റേതോ ആയാലും, സാമ്യം വ്യക്തതമാക്കുന്നതാണ്. ഒരു ശിശു അമ്മയുടെ ഉദരത്തിൽനിന്നു സമയം തെറ്റി പുറത്തു വരുന്നതിനെ

കുറിക്കുന്നതാണ് ഗ്രീക്ക് വാക്ക് എക്ട്രോമാ. പ്രതീക്ഷിച്ച ക്രമത്തിലായിരുന്നില്ല പൗലൊസിന്റെ പരിവർത്തനവും, അപ്പൊസ്തലനായി തിരഞ്ഞെടുത്തതും. ആ അർത്ഥത്തിൽ, അവൻ "അകാലപ്രജ" ആയിരുന്നു. ആ ആലങ്കാരിക പ്രയോഗത്തെ കുറിച്ച് കൂടുതൽ ചിന്തിക്കേണ്ടതില്ല.

മറ്റൊരു ചോദ്യം ഉയരുന്നത്: **എല്ലാവർക്കും ഒടുവിൽ ... എനിക്കും പ്രത്യക്ഷനായി** എന്ന പൗലൊസിന്റെ പ്രസ്താവനയിൽ എന്തെല്ലാം സൂചന കളാണ് ഉള്ളത്? അപ്പൊസ്തലന്മാരിൽ "എല്ലാവർക്കും ഒടുവിൽ" എന്നായി രിക്കാം ജാതികളുടെ അപ്പൊസ്തലൻ ഉദ്ദേശിച്ചത്. തനിക്ക് ശേഷം അപ്പൊ സ്തലനായി കൂട്ടി ചേർക്കുവാനായി ആരുമില്ല എന്നുമായിരിക്കാം സൂചന. "എല്ലാവർക്കും ഒടുവിൽ" എന്നത് താഴ്മയെ കാണിക്കുന്നതുമാകാം. അവ സാനമായി "എനിക്കും" എന്നതിനുള്ള ഗ്രീക്ക് വാക്ക് κἀμοί (*കാമോയി*), "അവിശ്വാസത്തെ" പ്രകടിപ്പിക്കുന്നതാണ്. "അവൻ എന്നെ പോലെയുള്ള ഒരാൾക്ക് പോലും പ്രത്യക്ഷനായി."

മൂന്നാമത്തെ സാധ്യത, "എല്ലാവർക്കും ഒടുവിൽ" എന്നത് ലിസ്റ്റ് അവസാ നിപ്പിക്കുന്ന സൂചനയുമാകാം. പൗലൊസ് തന്റെ അപ്പൊസ്തലിക അധികാ രത്തെ ഇവിടെ എടുത്തുകാണിക്കുന്നതിനാൽ, അക്ഷരിക-മല്ലാത്ത ഉയിർപ്പ് എന്ന ചിന്തയെ നിരുൽസാഹപ്പെടുത്തുവാനായിരുന്നു എന്നതിന് സാധ്യത കുറവാണ്. തന്റെ അധികാരത്തെ സ്ഥിരീകരിക്കുവാനായി പൗലൊസ് ന ിരത്തിയ പശ്ചാത്തലം നിമിത്തം, തന്റെ പേരുകൂടി അപ്പൊസ്തലനന്മാരോട് ചേർത്തുകഴിഞ്ഞപ്പോൾ, ആ നിയമനം നിന്നു പോയി.

**വാക്യം 9**. ഉയർത്തെഴുന്നേറ്റ ക്രിസ്തു വിശ്വാസികൾക്ക് പ്രത്യക്ഷനായത് ക്രിസ്ത്യാനികൾ മരിച്ചാൽ ശാരീരിക പുനരുത്ഥാനം ഉണ്ട് എന്നു സ്ഥിരീ കരിക്കുകയാണ്. ദമസ്കൊസിലേക്കുള്ള വഴിയിൽ വെച്ച് താൻ കർത്താവിനെ ദർശിച്ചതും, താൻ അപ്പൊസ്തലനായതും അതിന്റെ തെളിവായി അപ്പൊ സ്തലൻ വിവരിക്കുന്നു. 15:9-11 ലെ മുഖ്യ പ്രതിപാദ്യ വിഷയം, എങ്ങനെയാ യാലും, അവന്റെ വ്യക്തിപരമായ അനുഭവം ആയിരുന്നു; ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവന് ശാരീരികമായി പ്രത്യക്ഷപ്പെട്ടു എന്നതാണ്.

തന്റെ ശുശ്രൂഷയിൽ, പൗലൊസ് അടിവരയിട്ട് രണ്ടു കാര്യങ്ങൾ പറഞ്ഞു. ഒന്ന്, പന്തിരുവരെ അപ്പൊസ്തലന്മാരായി തിരഞ്ഞെടുത്തതുപോലെ യാണ് തന്നെയും അപ്പൊസ്തലനായി തിരഞ്ഞെടുത്തത്. തന്റെ അധികാരം അവരുടേതിൽനിന്നു വ്യത്യസ്തമായിരുന്നില്ല അല്ലെങ്കിൽ അത് മനുഷ്യ രിൽനിന്നു പ്രാപിച്ചതുമല്ല (ഗലാ. 1:1). കർത്താവ് തന്നെയാണ് അപ്പൊസ്ത ലനെ കൊണ്ട് സംസാരിപ്പിച്ചത്. രണ്ട്, തന്റെ അയോഗ്യത എടുത്ത് പറഞ്ഞ്, കർത്താവിന് മാനം നൽകുകയായിരുന്നു അപ്പൊസ്തൻ. ഒരർത്ഥത്തിൽ, അവൻ **അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ ആയിരുന്നു**. മറ്റുള്ള വരോടൊപ്പം ഉയർത്തി കാണിക്കുവാൻ അവന്റെ താഴ്മ അപ്പൊസ്തലനെ അനുവദിച്ചില്ല. **ദൈവത്തിന്റെ സഭയെ** ഉപദ്രവിച്ചിരുന്നതിനാലാണ്, അവൻ **അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ** എന്നു വിലയിരുത്തിയത്. താൻ ക്രിസ്ത്യാനികളായ സ്ത്രീപുരുഷന്മാരെ വലിച്ചിഴച്ച്, മുടിച്ച് കൊന്നത് ഒന്നും, അപ്പൊസ്തലൻ, ആ സമയത്ത് മറന്നിരുന്നില്ല (പ്രവൃ. 22:4; 1 തിമൊ. 1:12-14). ക്രിസ്തുവിനോടുള്ള കോപമായിരുന്നു അതു ചെയ്യുവാൻ അവനെ പ്രേരിപ്പി ച്ചത് (പ്രവൃ. 9:4, 5). അവൻ ക്രിസ്തുവിന് എതിരായി പ്രവർത്തിച്ചത് അവന്റെ ഇരുണ്ട സമയം ആയിരുന്നു.

ക്രിയാത്മകമായ സ്വാധീനമോ ഫലമോ യെഹൂദനായിരുന്നപ്പോൾ എരിവോടെ സഭയെ ഉപദ്രവിച്ചതിന് ലഭിച്ചില്ല. അത് അവന്റെ പ്രവൃത്തിക്ക് നല്ല പശ്ചാത്തലമായി തീർന്നു. അവൻ മുൻപ് ക്രിസ്ത്യാനികളെ കണ്ടിട്ടുള്ളതിനാൽ, സുവിശേഷ സന്ദേശത്തിന്റെ മാഹാത്മ്യം അവന് തിരിച്ചറിയുവാൻ കഴിഞ്ഞു. ക്രിസ്ത്യാനികളെ തിരിച്ച് യെഹൂദമമതത്തിലേക്ക് കൊണ്ടുവരുവാൻ സാധ്യമല്ല എന്ന് അപ്പൊസ്തലൻ മനസിലാക്കിയിരുന്നു. ഒരേ വിശ്വാസവും, ആവശ്യവും മുൻനിർത്തിയ യെഹൂദന്മാരും ജാതികളും ക്രിസ്ത്യാനികളും ദൈവമുൻപാകെ തുല്യരായി തീർന്നു. ക്രിസ്ത്യാനിത്വത്തിൽ യെഹൂദന് പ്രത്യേകമായ അവകാശമില്ല. ക്രിസ്ത്യാനിത്വത്തെ തടുക്കുന്നത് തർസൊസുകാരനായ ശൗലിന് പാഴ്വേലയായിരുന്നു. അത് തിരിച്ചറിഞ്ഞ്, കൃപയാൽ, ദൈവം യെഹൂദനെയും ജാതിയെയും ക്രിസ്തുവിൽ ഒന്നായി മുഖപക്ഷം കൂടാതെ കണ്ടു. ശൗൽ പൗലൊസ് ആയപ്പോൾ, മുൻപ് മുടിച്ച വിശ്വാസത്തിനായി അതേ വീര്യത്തോടെ പ്രവർത്തിക്കുവാൻ തുടങ്ങി. പിന്നെ ലോകം മുഴുവൻ കർത്താവിന്റെ രക്ഷാസന്ദേശം എത്തിക്കുവാൻ ദൈവം അവനെ ഉപയോഗിച്ചു.

**വാക്യം 10.** അപ്പൊസ്തലൻ ദൈവകൃപയെ മുൻപിൽ കണ്ടുകൊണ്ട് തന്റെ ദൗത്യം ആരംഭിച്ചു അവസാനിപ്പിക്കുകയായിരുന്നു. പൗലൊസ് തനിക്ക് ഒരു ബഹുമതിയും എടുത്തില്ല. ദൈവകൃപയാൽ, മറ്റു അപ്പൊസ്തലന്മാരേക്കാൾ, കൂടുതൽ അദ്ധ്വാനിക്കയും, കൂടുതൽ ഫലം പുറപ്പെടുവിക്കയും ചെയ്തു.അതായത് മറ്റു പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പ്രയത്നമെല്ലാം കൂട്ടിയാലും **അതിനേക്കാളും കൂടുതൽ പൗലൊസ് പ്രവർത്തിച്ചിരുന്നു** എന്നു സ്പഷ്ടം. എഫ് എഫ് ബ്രൂസ് അതിനെ മറ്റൊരു രീതിയിലാണ് കണ്ടത്. അദ്ദേഹം പറഞ്ഞു, "യേശുവിന്റെ ആദ്യശിഷ്യന്മാരേക്കാൾ (എന്നു തോന്നുന്നു) പ്രപഞ്ചത്തിന്റെ യജമാനന്റെ വ്യക്തിയായി പ്രവർത്തിക്കയും ഫലം പുറപ്പെടുവിക്കയും ചെയ്തു."[6] മറ്റു പന്ത്രണ്ട് അപ്പൊസ്തലന്മാരെ പോലെ തന്നെ പൗലൊസും ക്രിസ്തുവിന്റെ അപ്പൊസ്തലനാണെന്ന് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു. പൗലൊസിന്റെ വാക്കുകൾ കേട്ടിട്ടായിരുന്നു ആ സഹോദരങ്ങൾ ക്രിസ്തുവിൽ വിശ്വസ്തരായി തീർന്നത്.

ദൈവകൃപയാലാണ് പൗലൊസ് തന്റെ പ്രവൃത്തിയെ വിലയിരുത്തിയത്. **എങ്കിലും**, അവൻ എഴുതി, **എന്നോടുകൂടെയുള്ള ദൈവ കൃപയത്രെ**. ദൈവം തന്റെ കൃപയാൽ പൗലൊസിനെ അപ്പൊസ്തലൻ ആകുവാൻ വിളിച്ചു, അവൻ ആ വിളിയെ ക്രിയാത്മകമായി സ്വീകരിച്ചു. എന്നാൽ ആ കൃപ അവൻ വ്യർത്ഥമാക്കിയില്ല എന്ന വിശ്വാസം പൗലൊസിന് ഉണ്ടായിരുന്നു (15:58). ദൈവം വിളിച്ചതിന്റെ ഫലമായി, പൗലൊസ് അതിനോട് ഉചിതമായി പ്രതികരിച്ചതിന്റെ ഫലമായി രക്ഷിക്കപ്പെട്ടതും അപ്പൊസ്തലനായതും അവിടെയുള്ള സഹോദരങ്ങൾ തിരിച്ചറിഞ്ഞിരുന്നു. ദൈവം സൗജന്യമായി നൽകിയ കൃപയെ അനേകർ ചെയ്യുന്നതുപോലെ പൗലൊസിനും നിരാകരിക്കാമായിരുന്നു. രക്ഷിക്കുവാനുള്ള മുൻകൈ എടുത്തതു ദൈവം ആകയാൽ, അതിനോട് വിശ്വാസത്തോടും അനുസരണത്തോടും വേണം നാം പ്രതികരിക്കുവാൻ.

**വാക്യം 11.** തിരഞ്ഞെടുക്കപ്പെട്ട മറ്റു അപ്പൊസ്തലന്മാരും സ്വതന്ത്രനായി പ്രവർത്തിക്കുവാൻ അപ്പൊസ്തലനായി തിരഞ്ഞെടുക്കപ്പെട്ട താനും തമ്മിൽ ഒരു രേഖ പൗലൊസ് വരച്ചിരിക്കുന്നു. പൗലൊസ് മുൻപ് "അവർ" എന്നു പറഞ്ഞത് "അപ്പൊസ്തലന്മാരെ" ആണ് (15:9). അത് "പന്തിരുവർ"

എന്നു പറയുന്നതിന് തുല്യമാണ് (15:5). **അവർ ... എന്തു ചെയ്താലും** എന്നു പൗലൊസ് അവരെ കുറിച്ച് പറഞ്ഞത് സൂചിപ്പിക്കുന്നത്, കർത്താവിന്റെ ആജ്ഞ അനുസരിച്ചാണ് പ്രവർത്തിച്ചത് എന്നു സ്പഷ്ടം. കൊരിന്ത്യർ വിശ്വാസത്തോടുകൂടെ സ്വീകരിച്ച അതേ സന്ദേശമാണ് അവരും പ്രസംഗിച്ചത്. മറ്റെന്തിനേക്കാളും മുൻപ്, ഒരു നസറായനായ യേശുവിനെ ഏറ്റുപറച്ചൽ നടത്തണം. കാരണം യെരുശലേമിൽ വെച്ച് ക്രൂശിൽ തറെക്കുവാൻ ഏൽപിച്ചുകൊടുത്ത ചരിത്രപുരുഷൻ ആയിരുന്നു യേശു. എല്ലാവരും മരിക്കുന്നതുപോലെയായിരുന്നു അവൻ മരിച്ചത്; എന്നാൽ മരണപാശങ്ങൾ അവനെ കല്ലറയിൽ പിടിച്ചു നിർത്തുവാൻ ദൈവം അനുവദിച്ചില്ല. മൂന്നാം നാൾ അവനെ ദൈവം മരിച്ചവരിൽനിന്ന് ശാരീരികമായി ഉയർപ്പിച്ചു.

യേശു ശരീരത്തോടുകൂടെ ഉയർത്തില്ലെങ്കിൽ കൊരിന്ത്യരും, പൗലൊസും, പന്തിരുവരും സ്വീകരിച്ച സന്ദേശം അർത്ഥശൂന്യമാകും. പ്രാഥമികമായ ആ കാര്യങ്ങളെ വിട്ട്, പൗലൊസ് കൊരിന്ത്യയിലെ മറ്റൊരു വിവാദത്തിലേക്ക് തിരിയുകയായിരുന്നു. അടുത്ത ഭാഗത്ത്, വീണ്ടെടുക്കപ്പെട്ടവർ വരുവാനുള്ള ലോകത്തിൽ പ്രവേശിക്കുവാൻ ദൈവം നിശ്ചയിച്ച യോഗ്യതകളെ വിവരിക്കുന്നു.

### ശൂന്യമായ കല്ലറ (15:12-19)

യേശുവിന്റെ വ്യക്തിത്വത്തെ കുറിച്ച് ദൈവം സാക്ഷീകരിച്ചതിൽ ഉൾപ്പെട്ട ദൈവികത്വത്തിലെ എല്ലാ വശങ്ങളും അവന്റെ ശാരീരിക ഉയർപ്പിനെ പിന്തുണക്കുന്നതാണ് (റോമ. 1:4). ശാരീരിക-ഉയർപ്പ് അവസാനിക്കാത്ത രീതിയിലാണ് പൗലൊസ് തന്റെ പ്രസ്താവനയിൽ സൂചിപ്പിക്കുന്നത്. 1 കൊരിന്ത്യ ലേഖനത്തിൽ പൗലൊസ് ശൂന്യമായ കല്ലറയെ കുറിച്ചു പറയുന്നില്ല എന്നാണ് ചിലർ ഈ വിഷയത്തെ വിമർശിക്കുന്നത്. ശൂന്യമായ കല്ലറയുടെ പാരമ്പര്യം പിന്നീട് രൂപപ്പെട്ടതാണ് എന്ന വാദവുമുയർന്നിരിക്കുന്നു. ക്രിസ്ത്യാനിത്വം ആരംഭിച്ച് എട്ടാം ദശാബ്ദത്തിൽ പകർത്തിയെഴുതിയപ്പോഴാണ് ശൂന്യമായ കല്ലറ പാരമ്പര്യത്തിലേക്ക് വന്നത് എന്ന് ചില വിമർശകർ പറയുന്നു. എങ്ങനെയായാലും, സൂക്ഷ്മ പരിശോധന നടത്തിയാൽ പൗലൊസ് ശൂന്യമായ കല്ലറ ഉപയോഗിക്കാതിരുന്നത് സന്നിഗ്ദ്ധോത്തരം ആണ്, അല്ലാതെ യേശുവിന്റെ ഉയർപ്പ് ശാരീരികമാണെന്ന് അവന് അറിയാമായിരുന്നു. അതു സംബന്ധിച്ച് അവന് തെറ്റിദ്ധാരണയില്ലായിരുന്നു. *ദൈവം യേശുവിന്റെ ശരീരത്തെ ഉയർത്തിയപ്പോൾ, അവന്റെ ശരീരം അടക്കിയ കല്ലറ ശൂന്യമായിരുന്നു എന്നത് തീർച്ചയായിരുന്നു.*

ഉയർപ്പിനെ കുറിച്ച് പൗലൊസ് കൊരിന്ത്യരെ ബോധ്യമാക്കിയതിൽ പ്രധാനമായും മൂന്നു പോയിന്റുകൾ ഉൾപ്പെടുന്നു. (1) പൗലൊസ് കൊരിന്തിൽ പ്രസംഗിച്ചതും, അവർ ഏറ്റു പറഞ്ഞതും, മറ്റു അപ്പൊസ്തലന്മാർ പ്രസംഗിച്ചതും, യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്ന സന്ദേശം ആയിരുന്നു. (2) സുവിശേഷത്തിന്റെ അനുബന്ധമായിരുന്നില്ല ഉയിർത്തെഴുന്നേൽപ്; അത് അതിന്റെ സത്തയായിരുന്നു. (3) യേശുവിന്റെ ഉയിർപ്പ് നിഷേധിക്കുക എന്നാൽ, ദൈവം അയച്ച രക്ഷകനെ നിഷേധിക്കുക എന്നാണ് അർത്ഥമാക്കുന്നത്. യേശുവിന്റെ ശാരീരിക ഉയർപ്പ് കൂടാതെ-ക്രിസ്ത്യാനികൾ-വിശ്വാസം വ്യർത്ഥമായി നിരാശരായി തീരുകയും ചെയ്യും.

**[12]ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റു എന്ന പ്രസംഗിച്ചു വരുന്ന അവസ്ഥക്ക് മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നത് എങ്ങനെ? [13]മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയർത്തെഴുന്നേറ്റിട്ടില്ല; [14]ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ, ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. [15]മരിച്ചവർ ഉയർക്കുന്നില്ല എന്നു വരികിൽ ദൈവം ഉയർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയർപ്പിച്ചു എന്നു ദൈവത്തിന് വിരോദമായി സാക്ഷ്യം പറകയാൽ, ഞങ്ങൾ ദൈവത്തിന് കള്ളസാക്ഷികൾ എന്നു വരും. [16]മരിച്ചവർ ഉയർക്കുന്നില്ല എങ്കിൽ, ക്രിസ്തുവും ഉയർത്തിട്ടില്ല. [17]ക്രിസ്തു ഉയർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ. നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. [18]ക്രിസ്തുവിൽ നിദ്രകൊണ്ടവരും മരിച്ചുപോയി. [19]നാം ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ.**

**വാക്യം 12.** സുവിശേഷത്തിലെ അടിസ്ഥാനപരമായ കാര്യങ്ങൾ അവതരിപ്പിച്ച ശേഷം, പൗലൊസ്, പ്രായോഗികത നൽകുകയാണ്. ക്രിസ്തീയ വിശ്വാസത്തിന് അടിത്തറ ഉറപ്പിക്കുന്നതു തന്നെ യേശുവിന്റെ ഉയിർത്തെഴുന്നേൽപ് ആയിരിക്കെ, അപ്പൊസ്തലന്മാരുടേയും കൊരിന്ത്യരുടേയും വിശ്വാസം അതായിരിക്കെ, **മരിച്ചവർക്ക് പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നത് എങ്ങനെ**? ഒരാളുടെ ആത്മാവിന്റേയും ശരീരത്തിന്റേയും നിലനിൽപ്പിന് മറ്റൊന്നിൽ ആശ്രയിക്കണം എന്നതാണ് ഗ്രീക്ക് ചിന്തകരുടെ വിശ്വാസം. ശരീരം മരിക്കുന്നതോടെ ഒന്നും അവശേഷിക്കുന്നില്ല എന്നാണ് അവർ കരുതുന്നത്. എങ്ങനെയായാലും, മരണശേഷം ജീവിതമില്ല എന്ന വിശ്വാസത്തിലേക്ക് കൊരിന്ത്യൻ ക്രിസ്ത്യാനികൾ പോയില്ല. മരിച്ചവർക്ക് വേണ്ടി സ്നാനം ഏൽക്കുന്ന ആളുകൾ (15:29), ചെയ്യുന്നതെന്തായാലും, മരണശേഷം എന്തോ ഉണ്ട് എന്ന് ആ പ്രവൃത്തി സൂചിപ്പിക്കുന്നു.

മരണത്തിൽ എന്തു സംഭവിക്കുന്നു എന്നതിനെ കുറിച്ച് വിവിധ വിശ്വാസം ആധുനിക കാലത്തുള്ളതുപോലെ, ഗ്രീക്ക്-റോമാ ലോകത്തും ഉണ്ടായിരുന്നു. ആധുനിക വ്യാഖ്യാതാക്കൾ മനുഷ്യമരണം-ന്യായിധി-അന്തിമസ്ഥാനം" എന്നിവയെ കുറിച്ച് പറയുന്നത്, പുനരുത്ഥാനം കാലാവസാനം സംഭവിക്കുന്നതും, സംഭവിച്ചു കഴിഞ്ഞതും ആയിട്ടാണ്. യേശു ക്രിസ്തു ആയിരുന്നു എന്നു വിശ്വസിക്കുവാനും, അവന്റെ ജീവിതവും ഉപദേശവും കൈക്കൊള്ളുന്നതിനു വേണ്ടിയായിരുന്നു അവനെ "മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേൽപിച്ചത്" എന്നാണ് ചിലർ കരുതുന്നത്. പൗലൊസ് ഇത് എഴുതിയതിനു നൂറു വർഷങ്ങൾക്ക് ശേഷം ജീവിച്ചിരുന്ന ഒരു തത്വചിന്തകൻ വിശ്വസിച്ചത്, "മരിച്ച ശേഷം പുനരുത്ഥാനമുണ്ടെന്ന് പറയുന്നവർ തെറ്റിയിരിക്കുന്നു, അവർ ജീവിച്ചിരിക്കുമ്പോൾ പുനരുത്ഥാനം ലഭിച്ചില്ലെങ്കിൽ, മരിച്ചുകഴിഞ്ഞാൽ ഒന്നും ലഭിക്കുകയില്ല."[7] പിന്നീട് ജ്ഞാനവാദികളുടെ വിശ്വാസം പരിഷ്ക്കരിച്ച്, പല ഊഹാപോഹങ്ങളും വളർത്തിയെടുത്തു.[8] വരുവാനുള്ള ലോകം തിരിച്ചറിഞ്ഞാൽ, പുനരുത്ഥാനം കഴിഞ്ഞു പോയി എന്നാണ് നോസ്റ്റിക്കുകാരുടെ വിശാസം (2 തിമൊ. 2:18); എന്നാൽ ആ വിശ്വാസം ഒന്നാം നൂറ്റാണ്ടിന്റെ-മദ്ധ്യകാലത്തായിരുന്നു, അപ്പോൾ ജീവിച്ച പൗലൊസിൽനിന്നു അത്തരം ഉപദേശം വന്നിരുന്നില്ല.

കൊരിന്ത്യയിലുള്ളവർ മരിച്ചവരുടെ പുനരുത്ഥാനത്തെ കുറിച്ച് ചോദ്യം ചോദിച്ചിരുന്നുവോ എന്ന് നമുക്ക് ഊഹിക്കുവാനേ കഴിയു. പ്ലാറ്റോ മുതലുള്ള ഗ്രീക്കുകാരുടെ ചിന്തയിൽ, ശരീരവും ആത്മാവും തമ്മിലുള്ള വ്യത്യാസത്തിൽ ഒരു മാർഗ രേഖ വരച്ചിരുന്നു. ആത്മാവ് ശരീരത്തിന്റെ വലയിൽ അകപ്പെട്ടിരിക്കുന്നു എന്ന് വിശ്വസിക്കപ്പെട്ടിരിക്കുന്നു. മരിക്കുമ്പോൾ, ബലഹീനവും നശ്വരവുമായ ശരീരത്തിൽ നിന്നു ആത്മാവ് മോചിതനാവുകയും, സ്വർഗീയ പ്രതലത്തിൽ പ്രാപഞ്ചിക ആത്മാവ് ആയി തീരുകയും ചെയ്യുന്നു. ഗുണമുള്ള ആത്മാവും ജഡവും തമ്മിൽ യോജിക്കുമെന്നത് ഗ്രീക്കുകാർക്ക് ചിന്തിക്കുവാൻ തന്നെ പ്രയാസമാണ്. പഴയനിയമത്തിൽ വേരൂന്നിയ ആത്മാവും ശരീരവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതായിട്ടാണ് പൗലൊസ് വിവരിക്കുന്നത്.

> പൗലൊസിനെ സംബന്ധിച്ച്, ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം, തികച്ചും, സാധാരണമാണ്, ശരീരത്തിൽ ആത്മാവില്ലാത്ത അവസ്ഥ നഗ്നമായ ഒന്നാണ്. ക്രിസ്തുവിന്റെ വരവിൽ ശരീരത്തിന് മാറ്റമുണ്ടാകും എന്നതു വാസ്തവമാണ്. അപ്പോൾ അത് ദൈവരാജ്യത്തിന് കൂടുതൽ യോജിക്കുന്ന രീതിയിലാകും. എന്നാൽ, എങ്ങനെയായാലും, പൗലൊസിന്റെ ഉപദേശത്തിൽ തിന്മയായി ഒന്നുമില്ല.[9]

വൈകാരികമായ തോന്നൽ കൂടാതെ ശരീരം ഭൗതികമാകയാൽ തിന്മയാണ് എന്ന ഗ്രീക്ക് ചിന്താഗതിയെയും കാഴ്ച്ചപ്പാടിനെയും പ്രതിരോധിച്ചാണ് ക്രിസ്തുവിന്റെ ശരീരവും ആത്മാവും കല്ലറയിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്ന് പൗലൊസ് പ്രസ്താവിച്ചത്. ശരീരവും ആത്മാവും യോജിച്ചിരിക്കുന്നതായി യേശു സ്ഥിരീകരിച്ചു. ശരീരം ഭൗതികമാകയാൽ, ബലഹീനതയായോ, തിന്മയായോ കാണാവുന്നതല്ല. ശരീരം/ആത്മാവ് അനുഭവമാണ് ഈ ലോക ജീവിതം. ഏതെങ്കിലും തരത്തിലുള്ള ശരീരം കൂടാതെ ഭൗതിക പരിമിതികൾ മനസിലാക്കുവാൻ പ്രയാസമാണ്. യേശുവിനെ ക്രിസ്തുവായി സ്വീകരിച്ചവർക്ക് പുനരുത്ഥാനം ലഭിക്കുമെന്ന് യേശുവിന്റെ ഉയർപ്പിനാൽ തെളിയിക്കപ്പെട്ടതാണ്. യേശു ശാരീരികമായി ഉയർത്തെഴുന്നേറ്റ സ്ഥിതിക്ക്, "മരിച്ചവർക്ക് പുനരുത്ഥാനം ഇല്ല എന്ന് ആളുകൾ പറയുന്നതെങ്ങനെ" എന്നതായിരുന്നു പൗലൊസിന്റെ വാദം. കല്ലറക്കപ്പുറമായി ജീവൻ നിലനിൽക്കുമെന്ന് യേശു ഉയർത്തെഴുന്നേറ്റതോടെ ഉറപ്പിച്ചു കഴിഞ്ഞു.

**വാക്യം 13**. യേശു ശരീരത്തോടെ ഉയർത്തെഴുന്നേറ്റു എന്ന അപ്പൊസ്തലന്മാരുടെ സാക്ഷ്യം സ്വീകരിച്ചുകഴിഞ്ഞാൽ, പിന്നെ സ്വർഗത്തിൽ ശാരീരികമായ ജീവൻ നിലനിൽക്കമെന്നതിന് യാതൊരു സംശയത്തിനും സ്ഥാനം ഇല്ല. ശരീരത്തിന് മരണ ശേഷം നിലനിൽപ് ഇല്ലെങ്കിൽ, യേശു മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റിട്ടില്ല. ശാരീരികമായ ഉയർപ്പില്ല എന്നു പറയുന്നവർക്ക് ഒഴിഞ്ഞു മാറുവാൻ കഴിയുകയില്ല. ഒരാൾ മരിച്ചുകഴിഞ്ഞാൽ പിന്നെ ശരീരത്തിന്റെ ഒരംശവും അവശേഷിക്കുകയില്ല എന്ന വാദക്കാർക്ക്, യേശു മരിച്ചു എന്നു നിഷേധിക്കുവാൻ കഴിയുകയില്ല. അപ്പോൾ, യേശു ക്രൂശിനപ്പുറം ജീവിക്കുന്നതായി ബോധ്യപ്പെടുത്തിയതിനാൽ, ശാരീരക ഉയർപ്പ് അംഗീകരിപ്പാൻ അവർ നിർബ്ബന്ധിതരായിരിക്കുന്നു. അവർ പറയുന്നത് ശരിയായിരുന്നു എങ്കിൽ, യേശു കല്ലറക്കപ്പുറം ജീവിക്കുമായിരുന്നില്ല. നിഷേധിക്കുവാൻ പറ്റാത്ത വിധത്തിൽ പൗലൊസ്, ക്രിസ്തുവിന്റെ ഉയർപ്പിനെ ആദ്യം

തന്നെ ഉറപ്പിച്ചിരുന്നു.

പൗലൊസിന്റെ വെളിപ്പാടിൽ, യേശു പൂർണ്ണമായും നമ്മെ പോലെ മനുഷ്യനായിരുന്നു എന്നു വ്യക്തമാക്കിയിരുന്നു. അവന് നമ്മെ പോലെ ഒരു ശരീരം ഉണ്ടായിരുന്നു. *കല്ലറക്കപ്പുറമായി ഒരു ശാരീരിക ജീവൻ ഇല്ലെങ്കിൽ, യേശുവിന് ശരീരത്തോടുകൂടെ ഉയർത്തെഴുന്നേൽക്കുവാൻ കഴിയുമായിരന്നില്ല.* ശാരീരിക ഉയർപ്പ് നിഷേധിക്കുന്നവർ, ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടവരും, അവനോട് സംസാരിച്ചവരുമായവരുടെ സാക്ഷ്യത്തെയും നിരാകരിക്കുകയാണ്.

> അവൻ [പൗലൊസ്] തന്റെ വായനക്കാരോട് ആജ്ഞാപിക്കുന്നത്, മരിച്ചവർക്ക് ഉയർപ്പുണ്ട് എന്നത് നിഷേധിക്കുന്നവർക്കുള്ള താക്കീത് ആയിട്ടാണ്. ആർക്കും മരിച്ചവരിൽനിന്നും ഉയർക്കുവാൻ സാധ്യമല്ല എന്നു പറഞ്ഞാണ് അവർ അതിനെ നിഷേധിക്കുന്നത്. ഈ കാര്യത്തിൽ, ക്രിസ്തു ജീവിക്കയും മരിക്കയും ചെയ്തു; എന്നാൽ *അവൻ ഉയർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ* എന്തു സംഭവിക്കുമെന്ന് ചിന്തിക്കുക; പ്രപഞ്ചത്തിലുള്ള സകല മനുഷ്യരും മരിച്ചുകഴിഞ്ഞാൽ പിന്നീട് അവർക്ക് ഒരു പ്രത്യാശയുമില്ല എന്നു വരുന്നു. അങ്ങനെ വരുമ്പോൾ, ക്രിസ്തുവിന് തന്റെ പ്രത്യേക ജീവിതമോ, തന്നെ വിശ്വസിച്ച് അനുഗമിച്ചവരുടെ ജീവിതമോ സംരക്ഷിക്കുവാൻ കഴിഞ്ഞില്ല എന്നു വരും.[10]

**വാക്യം 14**. നിബന്ധനാ വാചകങ്ങളുമായി ഒരു തീർപ്പിൽനിന്നു മറ്റൊരു തീർപ്പിലേക്ക് തിരിഞ്ഞാണ് പൗലൊസ് തന്റെ വാദം നടത്തുന്നത്. ക്രിസ്തുവിന്റെ ഉയർപ്പും രക്ഷിക്കപ്പെട്ടവരുടെ ഉയർപ്പും ചേർന്നിരിക്കുകയാണ്. "മരിച്ചവർക്ക് പുനരുത്ഥാനം ഇല്ലെങ്കിൽ" (15:13), ക്രിസ്തു ഉയർത്തിട്ടില്ല; അപ്പോൾ, ക്രിസ്തു ഉയർത്തിട്ടില്ലെങ്കിൽ, കൊരിന്ത്യരോടു സുവിശേഷം അറിയിച്ചതും, അവർ വിശ്വസിച്ചതും **വ്യർത്ഥം**. അപ്പൊസ്തലൻ അപേക്ഷിച്ചത് സ്ഥിരതക്കായിട്ടാണ്. ഒരാൾ മരിച്ചവർക്കുള്ള പുനരുത്ഥാനത്തെ നിഷേധിച്ചാൽ, അവസാനം അതിന്റെ ഭവിഷ്യത്ത് അനുഭവിക്കും. സുവിശേഷം പ്രസംഗിക്കുന്നതിലെ അടിസ്ഥാനപരമായ കാര്യം തന്നെ, ക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നും, ക്രിസ്ത്യാനികൾക്ക് അവസാനം ശാരീരികമായ ഒരു ഉയർപ്പ് ഉണ്ട് എന്നതുമാണ്. "ക്രിസ്തു ഉയർത്തെഴുന്നേറ്റില്ല എങ്കിൽ, ദൈവത്തിന്റെ ദീർഘകാല പദ്ധതിയായ വീണ്ടെടുപ്പ് നിഷ്ഫലമായി തീരുകയും, മരിച്ചവർ അവസാനം-കല്ലറയിൽ-അടക്കം ചെയ്യുന്നതോടെ തീരുകയും ചെയ്യുന്നു എന്നു വരും."[11]

**വാക്യം 15**. മരിച്ചവർക്കുള്ള പുനരുത്ഥാനത്തെ നിഷേധിക്കുന്നത് മറ്റു ചില സൂചനകൾ നൽകുന്നു. പുനരുത്ഥാനം ഇല്ലെങ്കിൽ, പൗലൊസും, മറ്റു അപ്പൊസ്തലന്മാരും **ദൈവത്തിന് കള്ള സാക്ഷികൾ ... എന്നു വരും**. അങ്ങനെയാകുമ്പോൾ, അവരെ വഞ്ചകന്മാർ എന്നോ അല്ലെങ്കിൽ കള്ളന്മാർ എന്നോ വിധിക്കപ്പെടും. ധാരാളം പ്രത്യക്ഷതകളും നിരവധി സാക്ഷികളും, തെറ്റിപ്പോയെങ്കിൽ അവർ മനപ്പാർവ്വമായി-ചെയ്തതായി വരും. ഒരു തട്ടിപ്പു നടത്തുവാൻ അതിന് സംഘടിതമായ പരിശ്രമം വേണം. പുനരുത്ഥാനം ഇല്ലെങ്കിൽ, പൗലൊസും മറ്റു ദൃക്സാക്ഷികളും "കള്ള സാക്ഷികൾ" എന്നു വരും. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നതായിരുന്നു. ആരെ

വിശ്വസിക്കണം എന്നു കൊരിന്ത്യരാണ് തീരുമാനിച്ചത്. രണ്ട് അവകാശങ്ങളായിരുന്നു ഉയർന്നത്: (1) മരിച്ചവർക്ക് ശാരീരകമായ ഉയർപ്പ് ഇല്ല, (2) യേശു ശരീരത്തോടുകൂടെ പ്രത്യക്ഷനായി. പൗലൊസിന്റെ വാക്കുകളെല്ലാം അസന്നിഗ്ദ്ധമായി തെളിയിക്കപ്പെട്ടതായിരുന്നു. പൗലൊസും മറ്റുള്ളവരും പറഞ്ഞ സത്യം ഗൗരവമായി എടുത്തിട്ടല്ലെ അവർ ഉപദ്രവും കഷ്ടവും സഹിച്ച് ക്രിസ്ത്യാനികളായി ജീവിച്ചത്?

അടുത്ത ചില നൂറ്റാണ്ടുകളായി വേദശാസ്ത്രജ്ഞന്മാർക്കിടയിൽ പല ചർച്ചകളും നടന്നിരുന്നു. യേശുവിന്റെ ശാരീരികമായ ഉയർപ്പ് "ഒരു വിശ്വാസ പ്രസ്താവന" മാത്രമാണെന്ന് ചിലർ വിലയിരുത്തി. ഒരു കാലത്ത് നടന്നിട്ടില്ലാത്ത സംഭവമായതിനാലാണ് അതിനെ കുറിച്ചുള്ള വിവാദങ്ങൾ അവസാനിക്കാത്തത് എന്നാണ് അവരുടെ പക്ഷം. യേശുവിന്റെ ഉയർപ്പ് വാസ്തവത്തിലുള്ള സംഭവമായിരുന്നില്ല എങ്കിൽ, അത് സാക്ഷ്യപ്പെടുത്തിയവർ, വൈകാരിക സംഭവവും, വാസ്തവത്തിലുള്ള സംഭവവും തമ്മിൽ വേർതിച്ചറിയുവാൻ കഴിയാത്ത വിഡ്ഢികളായിരുന്നു എന്നു പറയേണ്ടി വരും. സത്യത്തെ എതിർക്കുന്നവർ ഏക്കാലത്തും നിലനിന്നിരുന്നു എന്നതാണ് സത്യം.

യേശുവിന്റെ ശരീരത്തിന് മൂന്നാം നാൾ പുനർജീവൻ നൽകിയത് ദൈവമായിരുന്നു. ഉയർപ്പിനു-ശേഷം യേശു ശരീരത്തോടെ പ്രത്യക്ഷനാവുകയും, അത് നേരിട്ടു കണ്ടവർ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അവൻ മടങ്ങി വരുമെന്ന് വാഗ്ദാനം ചെയ്തിട്ടാണ് പോയത്. അവൻ ഇപ്പോൾ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുകയാണ്. അവക്കെല്ലാം പുറുമെ, ക്രിസ്തുവിനെ കുറിച്ച്, അവനും മറ്റുള്ളവരും അവകാശപ്പെട്ട കാര്യങ്ങൾ, അതിനെ എതിർക്കുന്നവരുടെ ചോദ്യങ്ങളുടെ മുന ഒടിക്കുന്നതായിരുന്നു. താൻ വിശ്വസിച്ച് പ്രഖ്യാപിച്ച സുവിശേഷത്തിൽ ഉറപ്പുള്ള വാദമായിരുന്നു പൗലൊസിന്റേത്.

**വാക്യം 16.** കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് രണ്ടു വിധത്തിലും വിശ്വസിക്കുവാൻ കഴിയുമായിരുന്നില്ല. ആ ക്രിസ്ത്യാനികൾ മരിച്ചശേഷം ഉയർക്കുന്നില്ലെങ്കിൽ **ക്രിസ്തുവും ഉയർത്തെഴുന്നേറ്റിട്ടില്ല**. ഒന്നുകിൽ അവർ യേശു ശാരീരികമായി ഉയർത്തെഴുന്നേറ്റു എന്നു വിശ്വസിക്കണം, അല്ലങ്കിൽ ഉയർത്തെഴുന്നൽപ് ഇല്ല എന്ന വാദം തള്ളിക്കളയണം. മരണശേഷം വെറുമൊരു ജീവിതമല്ല ഉള്ളത് എന്നതായിരുന്നു പൗലൊസിന്റെ വാദം. മരണശേഷം ശാരീരികമായ ഒരു പുനരുത്ഥാനം ഉണ്ട് എന്നു പൗലൊസ് തറപ്പിച്ചു പറഞ്ഞു. യേശു കല്ലറയിൽനിന്നു പുറത്തു വന്നതിനാൽ, "ക്രിസ്തുവിൽ മരിച്ചവരും ഉയിർക്കും" (1 തെസ്സ. 4:16). ക്രൂശീകരിക്കപ്പെട്ട കർത്താവ് പ്രത്യക്ഷനായത് ശരീരത്തോടുകൂടെയായിരുന്നു. ശരീരത്തോടുകൂടിയല്ലാതെ ആത്മാവിനെ നമുക്ക് ഊഹിക്കുവാൻ സാധ്യമല്ല. "ശരീരമില്ലാതെ മനുഷ്യ ജീവിതം തന്നെ സാധ്യമല്ല. ശരീരത്തിന്റെ ഉയിർപ്പാണ് നമ്മുടെ പ്രരത്യാശ, അല്ലാതെ ആത്മാവിന്റെ നിലനിൽപ് അല്ല."[12]

**വാക്യം 17.** ഉയർത്തെഴുന്നേറ്റ കർത്താവിനെ കുറിച്ചുള്ള അപ്പൊസ്തലന്മാരുടെ സാക്ഷ്യം വിശ്വസിക്കണോ വേണ്ടയോ എന്നു കൊരിന്ത്യർ തീരുമാനിക്കണമായിരുന്നു. യേശു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, പൗലൊസ് പ്രസംഗിച്ച സുവിശേഷ ഭാഗമെല്ലാം തെറ്റായി പോകുമായിരുന്നു. അവർ സംഭവിക്കുവാനിരിക്കുന്ന കാര്യങ്ങൾ അഭിമുഖീകരിക്കണം: **നിങ്ങളുടെ വിശ്വാസം വ്യർത്ഥം,** അതിനു പുറമെ, അവൻ പറഞ്ഞു, **നിങ്ങൾ ഇപ്പോഴും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു.** അവസാനത്തെ വാക്ക് രണ്ട് വിധത്തിൽ മനസിലാക്കാം.

(1) ഉയർത്തെഴുന്നേൽപ് ഇല്ലെങ്കിൽ, ക്രൂശുമായി ബന്ധപെട്ട കാര്യങ്ങളെല്ലാം. സംശയാസ്പദമാകുമായിരുന്നു (2) നേരെ മറിച്ച്, ആ പ്രസ്താവന കൊരിന്ത്യരുടെ അനുഭവത്തോടുള്ള ഒരു അപേക്ഷ ആയിരുന്നേക്കാം. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശക്തി കൂടാതെ പാപത്തെ അതിജീവിക്കുവാൻ സാധ്യമല്ല. കൊരിന്ത്യൻ ക്രിസ്ത്യാനികൾ ക്രിസ്തുവിനെ നേരിട്ടു കണ്ടവരും, അവരുടെ ജീവിതത്തിൽ അവൻ പ്രവർത്തിച്ചവനുമാണ്. അവർ കർത്താവിനെ മനരിട്ടു കണ്ട ജീവിക്കുന്ന സാക്ഷികളായിരുന്നു. അവർ പാപത്തിൽനിന്നു മോചനം പ്രാപിച്ചവരുമായിരുന്നു. ഉയർത്തെഴുന്നേൽപ് ഇല്ല എങ്കിൽ മുകളിൽ പറഞ്ഞ നിഷേധഫലങ്ങളായിരിക്കും അനുഭവപ്പെടുക. എന്നാൽ അപ്പൊസ്തലന്റെ ഊന്നൽ ശാരീരിക ഉയർപ്പ് എന്ന യാഥാർത്ഥ്യത്തിലായിരുന്നു (റോമ. 4:24, 25 നോക്കുക).

**വാക്യം 18.** ക്രിസ്തുവിന്റെ ശാരീരിക ഉയർപ്പ് നിഷേധിച്ചാലുള്ള അനന്തരഫലങ്ങളെയാണ് അപ്പൊസ്തലൻ ഊന്നി തുടർന്നും പറയുന്നത്. **ക്രിസ്തുവിൽ നിദ്രപ്രാപിച്ചവർ** (οἱ κοιμηθέντες, *ഹോയി കോയിമെതെന്റസ്*), അതായത് മരിച്ചവർ **നശിച്ചുപോയി**. മരിച്ചവർക്കുള്ള പുനരുത്ഥാനം തള്ളിക്കളയുക എന്നാൽ, ഫലത്തിൽ, ക്രിസ്ത്യാനിയുടെ വിശ്വസവും പ്രത്യാശയുമാണ് തള്ളിക്കളയുന്നത്. വീണ്ടെടുപ്പിന്റേയും നീതീകരരണത്തിന്റേയും അടിസ്ഥാന ഫലമാണ് ദൈവം വേർതിരിച്ച ഉയർപ്പെന്ന പ്രത്യാശ.

നിദ്ര എന്ന മൃദുവായ വാക്കിനാൽ, പൗലൊസ് മരണമെന്ന ആശയത്തെ ലഘൂകരിച്ചിരിക്കയാണ്. പൗലൊസ് ജീവിച്ച ഗ്രീക്ക്-റോമാ ലോകത്തെ പ്ലാറ്റോ, സ്റോയിക് തത്വചിന്തകന്മാരുടെ സകല വിധ ദോഷ ചിന്തകളും ആളുകളിലേക്ക് പകർന്നിരുന്നു. തലയോട്ടിയിൽ കപ്പുണ്ടാക്കുക, ഗർഭഛിദ്രം, വ്യഭിചാരം, കുട്ടികളെ പുറത്തു കളയൽ എന്നിവ പരിശീലിച്ചിരുന്നു. കല്ലറകൾ പലതും ചുരുക്കപ്പേരുളായ "എഫ്. എഫ്. എൻഎസ്. എൻസി" എന്ന ലാറ്റിൻ മേലെഴുത്ത് കാണാമായിരുന്നു, *ഫൂയി, ഫൂയി, നോൺ, സം, നോൺ സം, നോൺ കുറോ* അർത്ഥം, "ഞാൻ ഇല്ലായിരുന്നു, ഞാൻ ഞാൻ ഉണ്ടായിരുന്നു, ഞാൻ കാര്യമാക്കുന്നില്ല."[13] "സ്റ്റോയിക് തത്വചിന്തയുടെ മുഖ്യ വാക്ക് *നിർവ്വികാരത* ആയിരുന്നു." "അയക്കപ്പെട്ട വിധി തന്നിൽനിന്നു ഒഴിവാക്കുവാൻവാൻ സ്ത്രീക്കോ പുരുഷനോ ഒന്നും ചെയ്യുവാൻ സാധ്യമല്ല."[14] ക്രിസ്തുവിന്റെ ശാരീരക ഉയർപ്പ് സ്വീകരിച്ചപ്പോൾ, ആളുകളുടെ മനോഭാവം തന്നെ മാറി.

**വാക്യം 19.** പുനരുത്ഥാനത്തിൽ വിശ്വാസമില്ലാത്തവർ, തങ്ങളുടെ മരിച്ചുപോയ പ്രിയപ്പെട്ടവരെല്ലാം എന്നേക്കുമായി നശിച്ചുപോയി എന്നു കരുതിയവർക്ക് പ്രത്യാശ തന്നെ ഇല്ലാതായി. ക്രിസ്തുവിന്റെ ശാരീരിക ഉയർപ്പ് എന്ന സന്ദേശമല്ലാതെ പ്രത്യാശ നൽകുന്ന മറ്റൊരു സന്ദേശം ലോകത്തിൽ വേറെ ഇല്ല എന്നു പൗലൊസിന് അറിയാമായിരുന്നു. ആ സന്ദേശം തെറ്റായാൽ, ജനം ഒരു പ്രത്യാശയില്ലാതാകും. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്ന അടിസ്ഥാനത്തിലായിരുന്നു സുവിശേഷ സന്ദേശം. അങ്ങനെയാകുമ്പോൾ ക്രിസ്ത്യാനികൾ സകല മനുഷ്യരിലും **അരിഷ്ടന്മാരാകും**. മനുഷ്യർക്കുള്ള ഏക പ്രത്യാശ ക്രിസ്തുവിലുള്ള പ്രത്യാശയാണ്.

ഒരാൾ മരിച്ച് നിദ്രകൊള്ളുന്നതിനും കർത്താവ് മടങ്ങിവരുമ്പോൾ സംഭവിക്കുന്ന ഉയർപ്പിനും ഇടക്കുള്ള കാര്യമല്ല അപ്പൊസ്തലൻ പറയുന്നത്. ഉയർപ്പ് ശരീരം ആരംഭിക്കുന്നത് മരിച്ചുകഴിയുമ്പോഴാണോ അതോ കർത്താവ് മടങ്ങിവരുമ്പോഴാണോ? പൗലൊസ് അതു പറഞ്ഞില്ല. എന്നാൽ നിത്യജീവൻ ആരംഭി

ക്കുന്നത് ശരീരത്തോടുകൂടെയാണ്. ഭൗതിക ശരീരമോ ഭൗതികവസ്തുക്കളോ തിന്മയല്ല. ദോഷവും പാപവും ആളുകൾ തിരഞ്ഞെടുക്കുന്നതാണ്, അല്ലാതെ അത് ശരീരത്തിൽ അടങ്ങിയിരിക്കുന്നതല്ല.

### ഏതു തരം ശരീരം? (15:20-28)

**[20]എന്നാൽ ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ
ഇടയിൽനിന്ന് ഉയർത്തെഴുന്നേറ്റിരിക്കുന്നു. [21]മനുഷ്യൻ മൂലം മരണം ഉണ്ടാ
കയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. [22]ആദാ
മിൽ എല്ലാവരും മരിക്കുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും ജീവിപ്പി
ക്കപ്പെടും. [23]ഓരോരുത്തനും താന്താന്റെ നിരയിലത്രെ; ആദ്യഫലം ക്രിസ്തു,
പിന്നെ ക്രിസ്തുവിനുള്ളവർ [24]അവന്റെ വരവിങ്കൽ, പിന്നെ അവസാനം;
അന്ന് അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും നീക്കം
വരുത്തീട്ട്, രാജ്യം പിതാവായ ദൈവത്തെ ഏൽപിക്കും. [25]അവൻ സകല
ശത്രുക്കളെയും കാൽക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. [26]ഒടുക്കത്തെ
ശത്രൂവായിട്ട് മരണം നീങ്ങി പോകും. [27]സകലത്തെയും അവന്റെ കാൽക്കീ
ഴാക്കിയിരിക്കുന്നു എന്നുണ്ടല്ലോ. സകലവും അവന്നു കീഴ്പ്പെട്ടിരിക്കുന്നു
എന്നു പറഞ്ഞാൽ സകലത്തെയും കീഴാക്കി കൊടുത്തവൻ ഒഴികെയത്രെ
എന്നു സ്പഷ്ടം. [28]എന്നാൽ അവന്നു സകലവും കീഴ്പ്പെടുന്ന ശേഷം
ദൈവം സകലത്തിലും സകലും ആകേണ്ടതിന്ന് പുത്രൻ താനും സകലവും
തനിക്ക് കീഴാക്കി കൊടുത്തവന്നു കീഴ്പ്പെട്ടിരിക്കും.**

വളരെ വർഷങ്ങൾക്ക് മുൻപ്, പണ്ഡിത സമൂഹത്തിന് അച്ചടക്കം നഷ്ടപ്പെട്ട സമയത്ത്, അലെക്സാണ്ടർ ബോൽമെയിൻ ബ്രൂസ് ക്രിസ്ത്യൻ അപ്പോളജറ്റിക്സിനെ കുറിച്ച് ഒരു പുസ്തകമെഴുതി. മറ്റു കാര്യങ്ങളോടൊപ്പം, ഭാവി ശോഭനമാകണമെങ്കിൽ ആളുകൾ ധാർമ്മിക സ്വഭാവത്തിലേക്ക് മടങ്ങി വരണം എന്ന ആഹ്വാനം പ്രവാചകന്മാർ നടത്തിയതിനെ കുറിച്ച് ബ്രൂസ് പരാമർശിച്ചു. അതിനെ കുറിച്ച് ബ്രൂസ് ഇങ്ങനെ പറഞ്ഞു,

> *നീതിക്കു വേണ്ടിയുള്ള ദാഹവും, പ്രത്യാശക്കുള്ള താൽപര്യവും ഇതു വരെ പൊതുവായിരിക്കയാൽ*, അവ രണ്ടും ഇല്ലാത്തവരെ ഉയർന്ന നിലവാരത്തിലുള്ളവരായി കണക്കാക്കുന്നു. എന്നാൽ അവ രണ്ടും ചേരുന്ന പ്രത്യേകതയാണ് എബ്രായ പ്രവാചകൻ നൽകുന്നത്.[15] (എംഫസിസ് ആഡഡ്.)

നസ്രേത്തുകാരനായ യേശുവും, അവനെ അനുഗമിച്ചവരും പ്രവാചകന്മാരേക്കാൾ മുന്നേറി. അവർ (1) വിട്ടുവീഴ്ച്ചയില്ലാതെ ദൈവഭക്തിക്കായി യോജിച്ചു (2) കർത്താവ് മടങ്ങി വരുമെന്ന ശുഭപ്രതീക്ഷ അവരിൽ ഉണ്ടായിരുന്നു. പുതിയ നിയമത്തിൽ വെളിപ്പെടുത്തിയ അവസാന കാര്യങ്ങൾ, നീതിയുള്ള ജീവിതം നയിക്കുവാൻ ആഹ്വാനം ചെയ്യുന്നവയാണ് (1 കൊ. 15:34; 2 കൊ. 5:10; 2 പത്രൊ. 3:11). കർത്താവ് മടങ്ങി വരുമ്പോൾ, ശാരീരിക ഉയർപ്പ്, ന്യായവിധി, നിത്യജീവൻ എന്നിവ സംഭവിക്കും. കർത്താവിന്റെ ശുഭാപ്തി പ്രവാചകന്മാരിൽ നിഴലിട്ടിരുന്നു. ബ്രൂസ് തുടർന്നു പറയുന്നു,

> ഇരുണ്ടതും അശുഭാപ്തിയുമുള്ള വിമർശകരോട് ചെയ്യുവാൻ ആ മനുഷ്യർ [യിസ്രായേൽ പ്രവാചകന്മാർ] ആവശ്യപ്പെട്ടത് ചെയ്താൽ, അന്ന് ജീവിച്ചിരുന്നവർക്ക് വരുവാനുള്ള ശിക്ഷ ഒഴിവായി കിട്ടുവാൻ വേറെ മാർഗം ഇല്ലായിരുന്നു. ആകയാൽ ലോക സാഹിത്യം വിഭാവനം ചെയ്ത സുവർണ്ണ കാലം എന്നു പറയുന്നത് ഭാവിയിൽ ലഭിക്കുന്ന തിളക്കമാർന്ന ജീവിതമാണ്, അപ്പോഴാണ് നാം വാസ്തവത്തിൽ മുഴുൻ നന്മയും സന്തോഷവും തിരിച്ചറിയുന്നത്.[16]

പുനരുത്ഥാനത്തെ കുറിച്ച് പൗലൊോസ് കൊരിന്ത്യർക്ക് എഴുതിയപ്പോൾ, *നീതിയും പ്രത്യാശയും* ഉൾപ്പെടുത്തിയിരുന്നു. വരുവാനുള്ള ലോകം എന്നു അപ്പൊസ്തലൻ സൂചിപ്പിച്ചതിൽ, യേശു, ഭാവി പുനരുത്ഥാനം, പ്രത്യാശ എന്നിവ ഇടകലർന്നു കിടക്കുന്നു. മരിച്ചവരുടെ ഇടയിൽനിന്നു, ദൈവം യേശുവിനെ മൂന്നാം നാൾ ഉയർപ്പിച്ചു എന്ന ചരിത്ര സംഭവത്തിൽനിന്നാണ് *പ്രത്യാശാ* സന്ദേശം ആരംഭിച്ചത്. ക്രിസ്തു മരിച്ചവരിൽനിന്നും ഉയർത്തതും, അവനെ പിതാവ് സാക്ഷീകരിച്ചതും, യേശു തന്നെ ക്രിസ്തു എന്ന വിശ്വാസം നാം ഏറ്റുപറഞ്ഞതും അടിസ്ഥാനപ്പെടുത്തിയാണ് നമ്മുടെ *പ്രത്യാശ* അവനനിൽ വളരുന്നത്.

**വാക്യം 20**. ഉയർത്തെഴുന്നേൽപിന്റെ പ്രത്യാശയില്ലെങ്കിൽ സകലവും ശൂന്യമായി പോകുമെന്ന് 15:13-19 വരെ തുറന്നു പറഞ്ഞശേഷം, പൗലൊസ് യേശു ഉയർത്തെഴുന്നേറ്റതും, അതിൽ സൂചിപ്പിച്ചതും വ്യക്തമാക്കി. വാസ്തവത്തിൽ യേശു **മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റതിനാൽ**, ക്രിസ്തു **നിദ്രകൊണ്ടവരിൽ ആദ്യജാതനായി തീർന്നു**. വീണ്ടും, നിദ്ര എന്നു പറയുന്നത്, മരണത്തിന്റെ രൂപകാലങ്കാരമാണ് (15:18 നോക്കുക). യിസ്രായേൽ ചരിത്രത്തിൽ വേരൂന്നി കിടന്ന ഒരു ആശയമാണ് പൗലൊസ് ഇവിടെ എടുത്തു കാണിക്കുന്നത്. ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് ദൈവജനം ആദ്യഫലം പഴയ നിയമകാലത്ത് കൊടുത്തിരുന്നു (ആവ. 26:1, 2). ആദ്യഫലം എന്നു പറയുന്നത്, ഒരർത്ഥത്തിൽ, വരുവാനുള്ളതിന്റെ മുന്നോടിയാണ്; കൂടാതെ അത് വിളവെടുപ്പിന്റെ ആരംഭം കൂടെയാണ്. ശരീരത്തിൽനിന്നു[ള്ള] വീണ്ടെടുപ്പിനാൽ, "മക്കളായി തിരത്തെടുക്കുന്നവരും അതിനായി കാത്തിരിക്കുന്നവർക്ക് ദൈവം പരിശുദ്ധാത്മാവിനെ നൽകുന്നത് സംബന്ധിച്ച് "ആദ്യഫലം" എന്ന പ്രയോഗം അപ്പൊസ്തലൻ [വേറൊരു] ഭാഗത്ത് നടത്തിയിരിക്കുന്നു" (റോമ. 8:23).

ദൈവശക്തി പ്രദർശിപ്പിക്കുന്നതായിരുന്നു യേശുവിന്റെ ഉയിർത്തെഴുന്നേൽപ്. അവൻ മരിച്ചവരെ ഉയർപ്പിപ്പാൻ ശക്തനും, തന്റെ ജനത്തെ പരിശുദ്ധാത്മാവ് നൽകി ശക്തിപ്പെടുത്തുകയും ചെയ്യും, എന്നാൽ അതിലുപരിയാണ്. ക്രിസ്തീയ ഭവനത്തിന്റെ ഉയർപ്പ് ആദ്യഫലമായി ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. യേശുവിന്റെ ഉയർപ്പ് ചരിത്രപരമായ യാഥാർത്ഥ്യത്തിലുപരിയാണ്. *കൊയ്ത്ത് ആരംഭിച്ചതിന്റെ ലക്ഷണമായിരുന്നു ക്രിസ്തു എന്ന ആദ്യഫലം.* അവനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചതും, ദൈവശക്തിയാൽ കല്ലറ ശൂന്യമാക്കിയതും. ആത്മാവിനെ അനുസരിക്കുന്നവരിൽ നൽകിയതും നമ്മെ ഉൽസാഹിപ്പിക്കുന്നതാണ്. അങ്ങനെ യേശു "കൊയ്ത്തിന്റെ ആദ്യഫലമായി തീർന്നു."[17] യേശുവിലുള്ള പുനരുത്ഥാനം ഒരു ചരിത്രസത്യമായി. "നിത്യക്രമത്തിനുള്ളത് എന്ന് കാണിക്കുന്ന ഒന്നല്ലാതെ മറ്റൊന്നല്ല യേശുവിന്റെ ശാരീരിക ഉയർപ്പ്."[18]

**വാക്യം 21.** യേശുവിനെ ആദാമിനോട് ഉപമിച്ച്, യേശുവിന്റെ അവതാരത്തെയും അവന്റെ കൽപനകളെയും തള്ളിക്കളഞ്ഞാലുള്ള ദൂര-വ്യാപകവും നിത്യവുമായ നാശത്തെയാണ് പൗലൊസ് ഇവിടെ മുന്നറിയിക്കുന്നത്. ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ അനന്തരഫലത്തെയും അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നു. എന്നാൽ ക്രിസ്തിവിന്റെ വരവോടുകൂടെ ആ സ്വാധീന ശക്തി ഇല്ലാതായി. അവൻ ആ വിഷയം പിന്നീട് റോമർ 5:12–17 പറഞ്ഞിരിക്കുന്നു, അതായത്, ആ സാമ്യം 1 കൊരിന്ത്യർ 15:45–50 ലും തുടരുന്നുണ്ട്. ആദാമിന്റെ ലംഘനം-ലോകത്തിൽ മരണം: ഭൗതിക മരണവും, ആത്മികമരണവും കൊണ്ടു വന്നു. ആദാം പാപം ചെയ്യുക മാത്രമായിരുന്നില്ല ചെയ്തത്, പാപം ചെയ്യുവാനുള്ള ഒരു മാതൃകയും നൽകി. ലോകത്തിലെ മനുഷ്യവർഗത്തിന് മുഴുവൻ ആദാം ഒരു മുന്നോടി ആയി. "എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി" പൗലൊസ് റോമർ 3:23 ൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രപഞ്ചത്തിലുള്ള പാപവും ആദാമിന്റേയും ഹവ്വയുടേയും പാപവും തമ്മിൽ ബന്ധമില്ലാതില്ല, വേദ പണ്ഡിതന്മാർക്കിടയിലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതായിരുന്നു പൗലൊസ് ക്രിസ്തുവിനേയും ആദാമിനേയും ഉപമിച്ചത്. ആദാമിന്റെ പാപഫലമായി മരണം ലോകത്തിൽ വന്നു എന്നല്ലാതെ, പാപം അമ്മയപ്പന്മാരിൽനിന്നു മക്കളിലേക്കു വരുന്നു എന്ന് പൗലൊസ് പറഞ്ഞില്ല. ആദാമിന്റെ പാപത്തെ കുറിച്ച് പറയുമ്പോഴോ, യേശുവിന്റെ ഉയർപ്പിനെ കുറിച്ച് പറയുമ്പോഴോ ജന്മപാപത്തെ കുറിച്ചു പറയുന്നില്ല.

അഗസ്റ്റേറിൻ വ്യാഖ്യാനം അനുസരിച്ചാണ് ചില നാമധേയയവിഭാഗങ്ങൾ, "ആദാമിന്റെ പാപത്തിൽ ലോകത്തുള്ള മനഷ്യരെല്ലാം പാപം ചെയ്യുന്നു" എന്നു വിശ്വസിച്ചത്. ജന്മപാപത്തിന്റെ ഉത്ഭവം സ്ത്രീ ആണെന്നും, ലൈംഗികത തെറ്റാണെന്നും അവർ പറയുന്നു. അഗസ്റ്റിൻ എഴുതി, "പാപത്തിനു മുൻപ് ആദാമിൽനിന്നു മെനഞ്ഞുണ്ടാക്കിയ സ്ത്രീ ... പാപം ചെയ്കയാലാണ്, ആ ഏക മനുഷ്യനായ [ആദാമിനാൽ] എല്ലാവരും പാപചം ചെയ്യുന്നു."[19] പാപം അങ്ങനെ പാരമ്പര്യമായി വരികയും ഒരു ശിശു ജനിക്കുമ്പോൾ പാപത്തിന്റെ കുറ്റത്തോടുകൂടെയാണ് ജനിക്കുന്നതെന്നും അവർ വിശ്വസിക്കുന്നു. ജന്മപാപം നിമിത്തം, "കുറ്റമുള്ള ശിശുക്കൾ ജനിക്കുന്നതിനാൽ, മനുഷ്യവർഡഗം മുഴുവൻ വഷളായി"[20] എന്നും അഗസ്റ്റിൻ എഴുതി. ആകയാൽ പാപം ആത്മിയമായ ഒരവസ്ഥയും ദൈവത്തിൽനിന്നു വേർപിരിക്കുന്നതുമാണ്, അല്ലാതെ ജഡാഭിലാഷത്താൽ മനുഷ്യൻ തിരഞ്ഞെടുക്കുന്നതല്ല എന്നും അഗസ്റ്റിൻ പറഞ്ഞു. ആ ചിന്തയുടെ അവസാനം പറയുന്നത്, മനുഷ്യൻ പാപത്തോടുകൂടെ ജനിക്കയും അതിന് അധീനമാകയും ചെയ്യുന്നതുകൊണ്ട്, അവനു നന്മ ചെയ്യുവാൻ സാധ്യമല്ല എന്നാണ്.

വർത്തമാനകാല തലമുറയെ കുറിച്ചായിരുന്നു പൗലൊസിന്റെ വാദം അല്ലാതെ പിന്നീടു വരുന്ന തലമുറയെ കുറിച്ചായിരുന്നില്ല. ദൈവത്തിന്റെ പരമാധികാരത്തെയും, മനുഷ്യരുടെ സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള ചോദ്യങ്ങളായിരുന്നു പൗലൊസിന്റെ ചിന്തയില്-എന്നാൽ അഗസ്റ്റിനെ[21] സംബന്ധിച്ചിടത്തോളം യുവത്വത്തിൽ പരിശീലിക്കുന്ന കാര്യങ്ങളായിരുന്നു. പാപവും മരണവും ആദ്യമനുഷ്യനായ ആദാമിൽനിന്നു വന്നതുപോലെ, പൂർണ്ണമനുഷ്യും പൂർണ്ണ ദൈവവുമായിരുന്ന യേശു മുഖാന്തരം ആണ്, പാപമോചനവും പ്രത്യാശയും വന്നത് (**മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനം**). "മരിച്ചവരുടെ പുനരുത്ഥാനവും" മനുഷ്യനാൽ വന്നു എന്നതായിരുന്നു അപ്പൊസ്തലന്റെ

വാദം. യേശുവിന്റെ പുനരുത്ഥാനത്തിൽ ഉൾപ്പെട്ടിരിക്കുന്നത് തന്റെ വായനക്കാരെ മനസിലാക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത്: വീണ്ടെടുക്കപ്പെട്ടവരെല്ലാം നിത്യജീവനായി പുനരുത്ഥരിക്കപ്പെടും.

**വാക്യം 22**. ആദാമിന്റെയും ക്രിസ്തുവിന്റേയും കാര്യം വ്യത്യസ്തമാണെങ്കിലും, രണ്ടിലും ദൈവത്തിന്റെ പ്രവൃത്തി എന്തെന്ന് തന്റെ വായനക്കാർ അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു. പാപത്തിന് അധീനനായ വ്യക്തിയായിരുന്നു ഒന്നാം മനുഷ്യനായ ആദാം. സാധാരണ മനുഷ്യർ ചെയ്യുന്നതുപോലെയുള്ള മൽസരമായിരുന്നു ആദാമിന്റേത്. അവനും അവന്റെ പിൻഗാമികളും പാപത്തെ തിരഞ്ഞെടുത്തു. പാപത്താൽ ആദ്യം ആദാമിനു സംഭവിച്ചതുപോലെ, **എല്ലാവരും മരിക്കുന്നു**. ആദാം എങ്ങനെയായിരുന്നു എന്ന് സർവ്വ ലോകത്തിലും മനുഷ്യ വർഗം എങ്ങനെയായിരിക്കുമെന്ന് അവൻ കാണിച്ചുകൊടുത്തു. ആദ്യ മാതാപിതാക്കൾ പാപം ചെയ്ത് ദൈവത്തെ കോപിപ്പിച്ചതുപോലെ, മനുഷ്യരെല്ലാവരും ദൈവത്തെ കോപിപ്പിച്ചുകൊണ്ടിരിക്കുന്നു.

ആദാമിനെ പോലെ, യേശുക്രിസ്തു മനുഷ്യകുടുംബത്തെ കുറിച്ച് ഒരു സത്യം പ്രദർശിപ്പിച്ചു. അവയുടെ വശ്യത നോക്കി ആളുകൾക്ക് നന്മയും തിന്മയും തിരഞ്ഞെടുക്കാം. **ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും** എന്നതിനാൽ, മരണത്തെ അതിജീവിച്ച് വീണ്ടെടുപ്പും ദൈവത്തോടുള്ള നിരപ്പും പ്രാപിക്കുന്നു. ആദാമിന്റെ സ്വഭാവത്താൽ ലോകത്തിന് മരണമാണ് ലഭിച്ചതെങ്കിൽ, ക്രിസ്തുവിന്റെ സ്വഭാവത്താൽ ലോകത്തിന് രക്ഷയാണ് ലഭിച്ചത്. എങ്ങനെയായാലും, ചിലർ ക്രിസ്തുവിനെ കൈക്കൊള്ളുകയില്ല എന്ന് പൗലൊസിന് അറിയാമായിരുന്നു. മശിഹയായ, ക്രിസ്തു തന്റെ വാഗ്ദാനം സർവ്വ ലോകത്തിനുമാണ് നൽകിയിരിക്കുന്നത്. പ്രപഞ്ചമനുഷ്യരോട് അവൻ തിരഞ്ഞെടുക്കുവാനാണ് പറഞ്ഞത്. അവൻ ആരോടും മുഖപക്ഷം കാണിക്കാതെ യെഹൂദന്മാർക്കും, ജാതികൾക്കും അവനിലേക്ക് തിരിഞ്ഞു വരാം എന്നതാണ് സ്ഥിതി. അവനെ തിരഞ്ഞെടുക്കുന്നവർക്ക് അവൻ പാപമോചനം കൊടുക്കുന്നു; അവനിൽ ഏവരും, "ജീവിപ്പിക്കപ്പെടും." എല്ലാവരും ക്രിസ്തുവിന്റെ മരണത്തിന്റേയും ഉയർപ്പിന്റേയും ആനുകൂല്യം നവീകരിക്കുമെന്നോ, അല്ലെങ്കിൽ ഒരു ശിശു ആദാമിൻെറ പാപത്തോടുകൂടി (ഖമര. 2:6–8) ഉദരത്തിൽ രൂപം കൊള്ളുമെന്നോ അല്ല പൗലൊസ് പറഞ്ഞത്, പിന്നെയോ, ആദാം ലോകത്തിന്ന് പാപവും തൽഫലമായി മരണവുമാണ് പ്രദാനം ചെയ്തത് എങ്കിൽ, ക്രിസ്തു ലോകത്തിന് വീണ്ടെടുപ്പ് തിരഞ്ഞെടുക്കുവാനുള്ള അവസരവും, തൽഫലമായി ജീവനുമാണ് വാഗ്ദാനം ചെയ്തത്. ക്രിസ്തു സർവ്വലോകത്തിൻേറയും രക്ഷകനാണ്.

**വാക്യം 23**. യേശുവാണ് ആദ്യം ഉയർത്തെഴുന്നേറ്റത് എന്നു പറഞ്ഞു, പൗലൊസ് ഉയർത്തെഴുന്നേൽപ് എന്ന വിഷയം തുടരുകയാണ്. അവൻ രണ്ടാമത് പ്രത്യക്ഷനാകുമ്പോൾ, ക്രിസ്തുവിൽ നിദ്രകൊണ്ടവർ അവന്റെ പുനരുത്ഥാനത്തിൽ പങ്ക് ചേരും. ഓരോരുത്തരും ഉയർക്കുന്നത് **താന്താന്റെ നിരയിലത്രെ** എന്നാണ് അപ്പൊസ്തലൻ ഊന്നി പറയുന്നത്. സാങ്കേതിക അർത്ഥത്തിലാണ് അപ്പൊസ്തലൻ വരുന്നു (παρουσία, *പരൗസിയ*; "പ്രത്യക്ഷപ്പെടൽ") എന്ന വാക്ക് ഉപയോഗിച്ചത്. ലോകാവസാനത്തിൽ കർത്താവ് മടങ്ങിവരുമ്പോൾ സംഭവിക്കുന്ന ഈ കാര്യത്തെ കുറിച്ച് തെസലൊനിക്യ ലേഖനത്തിന് പുറമെ ഇവിടെ മാത്രമാണ് പറയുന്നത് (1 തെസ്സ. 2:19; 3:13; 4:15; 2 തെസ്സ. 2:1, 8). തന്റെ സഹപ്രവർത്തകർ തന്റെ അടുക്കലേക്ക്

വരുന്നതിനെ കുറിച്ച് അപ്പൊസ്തലൻ പല പ്രാവശ്യം പറഞ്ഞിട്ടു**ണ്ട്.** 1 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ നാലു പ്രാവശ്യം. കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു (1:7, 8; 4:5; 11:26; 16:22 നോക്കുക). ഏങ്ങനെയായാലും, കൊരിന്ത്യ ലേഖനത്തിലോ, പൗലൊസിന്റെ മറ്റു ലേഖനങ്ങളിലോ മുഖ്യ വിഷയം കർത്താവിന്റെ മടങ്ങി വരവ് ആയിരുന്നില്ല. ക്രിസ്തുവിന്റെ ഒന്നാമത്തേയും രണ്ടാമത്തെയും വരവിനു ഇടക്കുള്ള സംഭവങ്ങളേക്കാൾ അപ്പൊസ്തലന്റെ ചിന്തയിൽ മുഴുകിയത് കർത്താവ് മടങ്ങി വരുമ്പോഴത്തെ സംഭവങ്ങളെയാണ്.

ക്രിസ്തുവിലുള്ളവർ അവന്റെ തേജസ് പങ്കിടുന്നു. മൂന്നു വിഷയങ്ങൾ തമ്മിലുള്ള ബന്ധം-മരിച്ചവരിൽനിന്നുള്ള ഉയർപ്പ്-ക്രിസ്തുവിന്റെ രണ്ടാം വരവ്-ന്യായവിധി എന്നിവയായിരുന്നു പൗലൊസിന്റെ മനസിൽ. ക്രിസ്തുവിന്റെ വരവിന് മുൻപ്, ഇപ്പോൾ പോലും, ക്രിസ്തു തന്നെയാണ് മരിച്ചവരിൽനിന്നുള്ള ആദ്യഫലം. അവനിൽ മരിച്ചവരുടെ പുനരുത്ഥാനം തുടങ്ങി കഴിഞ്ഞിരിക്കുന്നു. ക്രിസ്ത്യാനികൾക്ക് "ആത്മാവിന്റെ ആദ്യഫലം നൽകി ... പര്യവസാനത്തിന് മുൻപ് നാം പുത്രത്വത്തിന്റെ വീണ്ടെടുപ്പിനായി കാത്തിരിക്കുകയാണ് (റോമ. 8:23). ഇപ്പോഴും, ചിലത് ഭാവിയിൽ സംഭവിക്കുവവാനിരിക്കുന്നു. യേശു ഉയർത്തെഴുന്നേറ്റു കഴിഞ്ഞു, എന്നാൽ അവന്റെ അനുയായികൾക്ക് പുനരുത്ഥാനം ലഭിക്കുന്നത് അവൻ മടങ്ങി വരുമ്പോഴാണ്.

ക്രിസ്തുവിനെ അറിയാത്തവർക്ക് ലഭിക്കുവാനിരിക്കുന്ന പുനരുത്ഥാനത്തെ കുറിച്ച് ഇപ്പോൾ പൗലൊസിന്റെ ചിന്തയിൽ ഇല്ല; സാർവ്വലൗകിക പുനരുത്ഥാനത്തെ കുറിച്ച് അപ്പൊസ്തലൻ ഈ അദ്ധ്യായത്തിൽ പറയുന്നില്ല. മറ്റു ഭാഗങ്ങളിൽ അവൻ അത് പറഞ്ഞിട്ടുമു**ണ്ട്.** കൂടാതെ 1 തെസലൊനിക്യർ 4:15-18 ൽ ക്രിസ്തുവിലുള്ളവർ, അവൻ മടങ്ങി വരുമ്പോൾ അവനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടുമെന്ന് മുന്നറിയിച്ചിരിക്കുന്നു. തന്റെ ജനത്തെ പീഡിപ്പിച്ചവരെ ദൈവം ശിക്ഷിക്കുമെന്ന് 2 തെസ്സലൊനീക്യർ 1:6-10 ൽ രേഖപ്പെടുത്തിയിരിക്കുന്നു (2 കൊ. 5:10 നോക്കുക). അപ്പോൾ പോലും, ദൈവത്തെ തള്ളിക്കളയുന്നവർക്ക് ഒരു ശാരീരിക ഉയർപ്പ് ഉണ്ട് എന്നു പറയുന്നില്ല. ശാരീരിക ഉയർപ്പ് പുതിയ നിയമത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്നത് വീണ്ടെടുക്കപ്പെട്ടവർക്കാണ്. മറ്റുള്ളവർക്ക് "നിത്യനാശമാണ്" വരുവാനിരിക്കുന്നത് (2 തെസ്സ. 1:9). ക്രിസ്തുവിനെ പുറന്തള്ളിയവർക്ക് നിത്യതയിലെ അവസ്ഥ കൂടുതലായി പുതിയ നിയമത്തിൽ വിവരിക്കുന്നില്ല.

**വാക്യം 24.** കർത്താവിന്റെ വരവും, അവന്റെ പരൗസിയയും, ഇപ്പോഴുള്ള ലോകത്തിന്റെ **അവസാനവും** ഒരേസമയത്ത് സംഭവിക്കും. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ക്രിസ്തുവിന്റെ ഭരണത്തെ, ദൈവഭരണത്തെ സൈദ്ധാന്തികമായി മാത്രം കാണുന്നവർക്ക് പ്രത്യാശയില്ലാകുന്ന സമയം ആയിരിക്കും അത്. ഒരർത്ഥത്തിൽ, അവന്റെ സ്വർഗാരോഹണത്തിൽ ആരംഭിച്ച് അത് അവൻ കർത്താവും ന്യായാധിപനുമായി മടങ്ങിവരുന്നതു വരെ തുടരും (പ്രവൃ. 1:9-11). ഒന്നു പരിഗണിക്കയും മറ്റൊന്നു പരിഗണിക്കാതിരിക്കയും ചെയ്യുക അസാധ്യമായിരിക്കും വിധത്തിൽ യേശുവിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും വരവ് ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ വരവ് വാഗ്ദാനം ചെയ്യുന്നതാണ് ആദ്യ വരവ്. പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു ക്രിസ്തു തന്റെ സഭയെ വാഴുന്നു എന്ന് പൗലൊസ് വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു (റോമ. 8:34; എഫെ. 1:20; കൊലൊ. 3:1). അവസാനം, **അവൻ തന്റെ**

**രാജ്യം പിതാവിന്ന്** [ഏൽപിച്ചു] **കൊടുക്കും.**

കർത്തതാവ് മടങ്ങി വരുമ്പോൾ, തന്റെ വീണ്ടെടുപ്പ് പ്രവൃത്തി പൂർത്തീകരിക്കയും, ഭൗമികപ്രതലത്തിൽ സഭ ഇല്ലാതാകുകയും ചെയ്യും.അത് ശരിയാണെങ്കിൽ, പിന്നെ "എല്ലാം എല്ലാം" ദൈവം ആയിരിക്കും (15:28). അവൻ [ക്രിസ്തു] **എല്ലാ വാഴ്ച്ചകളെയും അധികാരങ്ങളെയും നീക്കം ചെയ്യും,** അവർ തന്റെ വാഴ്ച്ച പിതാവിനെ ഏൽപിക്കും. ഇപ്പോൾ ഈ കാലത്തിലും സ്വർഗീയ പ്രതലത്തിലും എന്തെല്ലാം എതിർപ്പുകൾ ഉണ്ടായാലും (കൊലൊ. 1:16), അവസാനം എല്ലാം അവനു കീഴ്പ്പെടും. "സകല അധികാരവും, വാഴ്ച്ചയും" യേശുവിന് നഷ്ടമാകും എന്നല്ല പൗലൊസ് പറഞ്ഞത്, മറിച്ച്, ദൈവത്തിന്റെ മനുഷ്യവർഗത്തെ വീണ്ടെടുക്കുന്ന പദ്ധതി പൂർത്തിയാകും എന്നാണ്. ക്രിസ്തു തന്റെ അധികാരം പിതാവിനു കൈമാറുന്നത് മനസിലാക്കുവാൻ ദൈവിക ജ്ഞാനം ആവശ്യമാണ്. ക്രിസ്തുവിന്റെ വരവിനും എല്ലാം നശിപ്പിക്കുന്നതിനുമിടയിൽ ഭൂമിയിൽ ഒരായിരം-വർഷം ക്രിസ്തു ഭരിക്കുമെന്ന് പൗലൊസ് പറയുന്നില്ല. അത്തരം ഉപദേശങ്ങളെല്ലാം മാനുഷികമാണ്.

**വാക്യം 25**. യേശു തന്റെ സഭമേൽ **വാഴുക തന്നെ** വേണം. അവൻ ഒരു ജനത്തിന്റെ രാജാവാണ് (മത്താ. 2:2; 27:11; ലൂക്കൊ. 19:38; കൊലൊ. 1:13). അവൻ ആദ്യജാതന്മാരുടെ സഭയുടെ തലയുമാണ് (എബ്രാ. 12:23). സഭയും ദൈവരാജ്യവും തമ്മിലുള്ള പ്രകടമായ വ്യത്യാസം കാണുന്നത് വരുവാനുള്ള ലോകത്തിലാണ്. ആ വ്യത്യാസം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ രാജ്യത്തെ തോൽപ്പിക്കുവാൻ ശ്രമിച്ച എല്ലാ ശക്തികളെയും വാഴ്ച്ചകളെയും അധികാരങ്ങളെയും അവൻ നീക്കി കളയും എന്നു മുൻ വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നു (1 കൊ. 15:24). എങ്ങനെയായാലും, **സകല ശത്രുക്കളെയും തന്റെ കാൽക്കീഴിൽ ആക്കുവോളം** എന്ന പ്രയോഗത്തിൽ. മുൻപ ് പറഞ്ഞ ആദ്യ സർവ്വനാമം അജ്ഞാതമാണ്. എല്ലാറ്റിനേയും ക്രിസ്തുവിന്റെ കാൽക്കീഴിൽ ആക്കുന്നത് ദൈവം ആണോ അതോ ക്രിസ്തു തന്നെയാണോ സകല ശക്തിയെയും തന്റെ കാൽക്കീഴിലാക്കുന്നത്? 15:25 ലെ ഫോർ എന്ന കഞ്ചങ്ഷൻ കഴിഞ്ഞ വാക്യത്തിലേക്ക് ക്ഷണിക്കുകയാണ്, അവിടെ ക്രിസ്തുവിനെ കുറിച്ചാണ് പറയുന്നത്, എന്നാൽ 15:27 ൽ ഉദ്ധരിച്ച സങ്കീർത്തനം 8:6 ലെ വിഷയം ദൈവം ആണ്. 15:25 ലേയും വിഷയം ദൈവം ആണ്. "ദൈവം അവന്റെ [ക്രിസ്തുവിന്റെ] സകല ശത്രുക്കളെയും തന്റെ കാൽക്കീഴിലാക്കും." സങ്കീർത്തനം 8:6 ലും 110:1 ലും കാണുന്ന അതേ ആശയമാണ് "സകല ശത്രുക്കളും അവന്റെ കാൽക്കീഴിൽ ആക്കും" എന്നത്. "എല്ലാ ശക്തിയുടേയും ഉറവിടം ദൈവം ആണ്, എല്ലാം ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കുന്നു."[22]

മനുഷ്യാവതാരം എടുത്ത ക്രിസ്തു, പാപത്തിൽനിന്നു സ്ത്രീപുരുഷന്മാരെ വിലെക്ക് വാങ്ങി, ലോകാവസാനത്തിലെ തന്റെ പരൗസിയക്കും സ്വർഗാരോഹണത്തിനും ഇടക്ക് അവരെ വാഴുകയും ചെയ്യുന്നു. ദൈവികത്വത്തിൽ, ദൈവത്തിന്റേയും ക്രിസ്തുവിന്റേയും വാഴ്ച്ചയിൽ എന്തെല്ലാം വ്യത്യാസം ഉണ്ടെങ്കിലും, പിതാവിനെ സ്വീകരിക്കുന്ന വ്യക്തി പുത്രനെയും സ്വീകരിക്കും. ക്രിസ്തുവിനെ സ്വീകരിച്ചവർ, അവന്റെ മടങ്ങി വരവിൽ, അവന്റെ ജയത്തിൽ പങ്കു ചേരും (റോമ. 14:9). ദുഷ്ടതക്ക് താൽക്കാലികമായി എനന്തു നേട്ടം കൈവരിച്ചാലും, ക്രിസ്തുവിന്റെ ഉയർപ്പ് അന്തിമ വിജയം ഉറപ്പു നൽകുന്നു.

**വാക്യം 26**. ആരംഭം മുതൽ, മരണം എന്നു പറയുമ്പോൾ, അതിൽ ശ്വാസം നിൽക്കുന്നതും, ബോധം നഷ്ടമാകുന്നതും, ചലനശേഷി ഇല്ലാതാകുന്നതു

മാണ് (ഉല്. 2:17). എന്നാൽ അത് ഭൗതിക പ്രതലത്തിനപ്പുറമാണെന്ന് ദൈവം സൂചിപ്പിച്ചിരിക്കുന്നു. വ്യക്തിപരമായാലും, **അവസാന ശത്രു** ആയാലും ജീവിതത്തിന് എതിരാണ് മരണം. ജീവിതം എന്നു പറയുന്നത്, സ്ഥാനം, സന്തോഷം, കുടുംബം, സ്നേഹം, സന്തുഷ്ടി, സംതൃപ്തി എന്നിവയാണ്, പക്ഷെ മരണം ഇതിനെല്ലാം എതിരാണ്. യേശു മരണത്തിന്റെ വിഷമുള്ള് നീക്കി കളഞ്ഞു (15:55, 56). ആളുകൾക്ക് നല്ല ജീവിതം സാധ്യമാക്കുന്നതിനാണ് യേശു വന്നത് (യോഹ 5:24; 10:10).

ആദ്യഫലമായ, യേശുവിന്റെ പുനരുത്ഥാനം മുഖാന്തരം വിശ്വാസികൾക്ക് ശാരീരിക പുനരുത്ഥാനം മാത്രമല്ല ലഭിക്കുന്നത്, യേശുവിലുള്ള അന്തിമമായ വിജയവും ലഭ്യമാണ്, സകല ശത്രുക്കളെയും, "മരണത്തെ" പോലും ജയിക്കുമാറാക്കും. കർത്താവ് മടങ്ങി വരുന്നതുവരെ, ലോകത്തിൽ മനുഷ്യരെ പാപവും "മരണവും" ബാധിച്ചുകൊണ്ടിരിക്കും; അവസാനം അതും നീക്കി കളയും. മരണം പാപത്താൽ വന്നു; എന്നാൽ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റവൻ മുഖാന്തരം ജീവൻ വന്നു. അവന്റെ ജയം പൂർണ്ണമാകുന്നതോടെ മരണവും നീങ്ങിപ്പോകും.

പൗലൊസ് ഉദ്ധരിച്ച വാക്കുകൾ സങ്കീർത്തനം 8:6 ന്റെ പശ്ചാത്തലത്തിലായിരുന്നു, അത് പൊതു പ്രായോഗികതക്കുള്ളതാണ്. മനുഷ്യൻ എന്തു മാത്രം. സങ്കീർത്തനക്കാരൻ ചോദിച്ചത്, "മർത്യനെ നീ ഓർക്കേണ്ടതിന്ന് അവൻ എന്തു മാത്രം ..." (എന്നാണ് സങ്കീ 8:4). പൗലൊസ് ആ വാക്കുകൾ പ്രത്യേകമായി യേശുക്രിസ്തുവിനായിട്ടാണ് ഉപയോഗിച്ചത് (എബ്രാ. 2:5–8). മർത്യനെ ദൈവം സൃഷ്ടിച്ചത്, "അവന്റെ കൈകളുടെ പ്രവൃത്തികളെ വാഴുവാൻ" ആയിരുന്നു. നീ എല്ലാം അവന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു." പൗലൊസ് ആ വാക്ക് മർത്യന്റെ അന്തിമാവസ്ഥക്കായി ഉപയോഗിച്ചിരിക്കുന്നു. അതായത് ക്രിസ്തു എന്ന മനുഷ്യനിൽ ദൈവം അത് പൂർത്തിയാക്കും എന്നർത്ഥം. ക്രിസ്തുവിന്റെ മരണത്താലും, അവന്റെ ശാരീരിക ഉയർപ്പിനാലും ദൈവം "സകലവും അവന്റെ കാൽക്കീഴാക്കി കൊടുത്തു" (1 കൊ. 15:27). യേശുവിന്റെ വാഴ്ച്ചയിൽ, അവൻ തനിക്കു വേണ്ടി ഒരു ജനത്തെ വിശുദ്ധീകരിക്കുന്നതും (1 പത്രൊ. 1:14–19) അവൻ വാഴുന്നത് തന്റെ സഭയിലാണ്.

**വാക്യം 27.** അപ്പൊസ്തലൻ ഈ സത്യം വിശദീകരിച്ചു. എൻഎഎസ്ബി പറയുന്നത് എന്നാൽ അവൻ പറയുമ്പോൾ എന്നതിന്റെ വിഷയം ഏകവചന ക്രിയ മൂന്നാം വ്യക്തിക്കായി (εἴπῃ, *അപേ*) ഉപയോഗിച്ചിരിക്കുന്നു. അതിൽ "അവൻ," "അവൾ," അല്ലെങ്കിൽ "അത്" എന്നീ പ്രയോഗങ്ങൾ സന്ദർഭം അനുസരിച്ചു വേണം മനസിലാക്കുവാൻ. പൗലൊസ് ഇവിടെ സങ്കീർത്തനം ഉദ്ധരിച്ചു പറയുന്നതിനാൽ, നല്ല തർജിമ "എന്നാൽ അതു പറയുന്നു" എന്നായിരിക്കും. **സകലത്തെയും കീഴ്പ്പെടുത്തിക്കൊടുത്തവൻ ഒഴികെ എന്നു സ്പഷ്ടം** എന്നു അപ്പൊസ്തലൻ വളരെ **വ്യക്തമായി** പ്രസ്താവിച്ചിരിക്കുന്നു. പിതാവായ ദൈവം പുത്രന് കീഴ്പ്പെടുന്നില്ല. എന്നാൽ ഭരണത്തിലും മഹത്വത്തിലും പിതാവിനേയും പുത്രനേയും വേർതിരിക്കുവാനും സാധ്യമല്ല. പിതാവിനുള്ള മുൻഗണന പൗലൊസ് തള്ളിക്കളയുന്നില്ല. പിതാവ് പുത്രന് കീഴ്പ്പെട്ടതായി തിരുവെഴുത്തും പറയുന്നില്ല. പിതാവ് പുത്രന് ഒരു ചുമതല നൽകി (യോഹ. 5:36). പുത്രൻ പിതാവിന്റെ ഇഷ്ടം നിറവേറ്റി (യോഹ. 4:34). ക്രിസ്തുവിന്റെ പ്രത്യേക അവതാരം അവനെ തന്റെ രാജ്യം വാഴുവാനായി പ്രാപ്തനാക്കി എന്നു പൗലൊസ് പറഞ്ഞു (എഫെ. 1:22, 23). എന്നാൽ അവന്റെ

വാഴ്ച്ച ദൈവത്തിന്റെ പരമാധികാരത്തിനു യോജിച്ചതായിരുന്നു.

**വാക്യം 28.** 1 കൊരിന്ത്യ ലേഖനത്തിൽ പൗലൊസ് ഇവിടെയും 1:9 ലും മാത്രമാണ് യേശുവിനെ ദൈവത്തിന്റെ **പുത്രൻ** എന്നു വിശേഷിപ്പിച്ചത്. പിതാവും പുത്രനും തമ്മിൽ അധികാര വടംവലി നടത്തി എന്നും പൗലൊസ് പറഞ്ഞില്ല. ദൈവികത്വത്തിൽ എന്തുകൊണ്ടാണ് മൽസരം ഇല്ലാതിരുന്നത് എന്നത് മനസിലാക്കുവാൻ ഒരുപക്ഷെ പ്രയാസമായിരിക്കും. പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഏക മനസുള്ളവരാണ് (6:19; 12:3 നോക്കുക). അവർ മൂവരും ദൈവമാണ്. യേശു രക്ഷകനും തന്റെ ജനത്തിന്റെ തലയുമാണ് എന്ന വ്യത്യാസമാണ് പൗലൊസ് എടുത്തു കാണിച്ചത്. അവരിൽ ഒരുവനായി അവൻ വാഴുന്നു. അവൻ ന്യായവിധിക്കും, പുനരുത്ഥാനത്തിനും, തന്റെ ജനത്തെ നിത്യതയിലേക്ക് നയിക്കുന്നതിനുമായി മടങ്ങി വരുമ്പോൾ, അവന്റെ മദ്ധ്യസ്ഥതയും അവസാനിക്കും (1 തിമൊ. 2:5; 1 കൊ. 8:6 നോക്കുക). അപ്പോൾ **ദൈവം എല്ലാവിരിലും** "എല്ലാം" **ആകേണ്ടതിന്ന് അവൻ സകലവും കീഴ്പ്പെടുത്തിയവന്ന് കീഴ്പ്പെട്ടിരിക്കും**.

സൂചന എന്തെന്നാൽ, പുത്രന്റെ സ്വർഗാരോഹണത്തിനും, ലോകാവസാനത്തിനുമുള്ള, അവന്റെ പരൗസിയക്കും (15:24), ഇടക്കുള്ള ജീവിതവും മരണവും, വാഴ്ച്ചയും മനുഷ്യവർഗത്തെ സ്വാധീനിക്കുന്നതായിരുന്നു. ഇപ്പോൾ പോലും, പുത്രന്റെ അധികാരം, പിതാവിന്റെ പരമാധികാരത്തെയും മഹത്വത്തെയോ ബാധിക്കുന്നതായിരുന്നില്ല. അവന്റെ അവതാരാടിസ്ഥാനത്തിലായിരുന്നു പിതാവ് പുത്രനു ദൗത്യം ഏൽപിച്ചത്. മനുഷ്യരെ വീണ്ടെടുക്കുന്ന നിത്യപദ്ധതിയിൽ, പിതാവും പുത്രനും തികച്ചും യോജിച്ചിരുന്നു.

മരണത്തോളമുള്ള ഒരു സമർപ്പണത്തിനായുള്ളതാണ് ക്രിസ്തുവിന്റെ സന്ദേശം (ലൂക്കൊ. 14:26, 27). ഗലീലിയൻ ഉപദേഷ്ടാവിനോട് മൗലികമായ ജീവിതത്തെ ബന്ധിപ്പിക്കുന്ന കണ്ണിയാണ് മരിച്ചവരിൽനിന്നുള്ള ഉയർപ്പ് എന്നാണ് പൗലൊസ് സൂചിപ്പിച്ചത്. വരുവാനുള്ള ജീവിതത്തിൽ മേന്മയുള്ള ഒന്നുമില്ലെങ്കിൽ, യേശുവിനെ അനുഗമിക്കുവാനായി കഷ്ടതയും മരണവും സ്വീകരിക്കുന്നത് മൗഢ്യമായിരിക്കുമെന്നായിരുന്നു പൗലൊ1സിന്റെ വാദം. ക്രിസ്തീയ ഏറ്റുപറച്ചലിന്റെ അനുബന്ധമായിരുന്നു ശാരീരിക ഉയർപ്പ്. അതാണ് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ കാതൽ.

### "എന്തുചെയ്യും?" എന്ന വലിയ ചോദ്യം (15:29-34)

**29അല്ല മരിച്ചവർക്കു വേണ്ടി സ്നാനം ഏൽക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയിർക്കുന്നില്ലെങ്കിൽ, അവർക്ക് വേണ്ടി സ്നാനം ഏറ്റിരിക്കുന്നത് എന്തിന്? 30ഞങ്ങളും നാഴിക തോറും പ്രാണഭയത്തിലാകുന്നത് എന്തിന്? 31സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ എനിക്ക് നിങ്ങളിലുള്ള പ്രശംസയാണെ ഞാൻ ദിവസമേന മരിക്കുന്നു. 32ഞാൻ എഫെസൊസിൽ വെച്ച് മൃഗയുദ്ധം ചെയ്തതു വെറും മാനുഷികം എന്നു വരികിൽ എനിക്ക് എന്തു പ്രയോജനം? മരിച്ചവർ ഉയർക്കുന്നില്ലെങ്കിൽ നാം തിന്നുക, കുടിക്കുക, നാളെ ചാകുമല്ലൊ. 33വഞ്ചിക്കപ്പെടരുത്, ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു. 34നീതിക്ക് നിർമ്മദരായി ഉണർന്നിരിപ്പിൻ, പാപം ചെയ്യാതിരിപ്പിൻ, ചിലർക്ക് ദൈവത്തെ കുറിച്ചു പരിജ്ഞാനമില്ല, ഞാൻ നിങ്ങൾക്ക് ലജ്ജക്കായി പറയുന്നു.**

**വാക്യം 29**. ഈ വാക്യത്തിലെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ ബൈബിൾ വിദ്യാർത്ഥികൾക്ക് പല വഴികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അവയിൽ പലതും വിയോജിപ്പുളവാക്കുന്ന വിശദീകരണങ്ങളാണ് നൽകുന്നത്. ആ വാക്യത്തെ അക്ഷരികമായി വ്യാഖ്യാനിക്കുന്നതാണ് വ്യത്യസ്തമായ ഉപദേശത്തിന് വഴിയൊരുക്കുന്നത്. വേറൊരു വിശദീകരണം എന്തെന്നാൽ, കൊരിന്ത്യർ ചില രീതിയിൽ മരിച്ചവർക്കു വേണ്ടി സ്നാനം പരിശീലിച്ചിരുന്നു എന്നതാണ്. അതു ശരിയാണെങ്കിൽ, പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് അത് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ വിഷമം നേരിടുന്നത്, പൗലൊസ് സാധാരണ രീതിയിൽ, ആ വിഷയത്തെ പറഞ്ഞിട്ട് മറ്റൊരു വിഷയത്തിലേക്കു കടക്കുന്നതാണ്. മരിച്ചുപോയ തങ്ങളുടെ പ്രിയപ്പെട്ടവരും, അവിശ്വാസികളുമായവർക്ക് വേണ്ടി ക്രിസ്ത്യാനികൾ സ്നാനം ഏൽക്കുകയാണെങ്കിൽ, പൗലൊസ് അത് തിരുത്താതെ മറ്റൊരു വിഷയത്തിലേക്ക് തിരിയുന്നതും പ്രശ്നമാകും. ക്രിസ്തീയ ഉപദേശത്തിന് വിരുദ്ധമായുള്ള വ്യതിചലനത്തെ തുറന്നു കാണിക്കുവാൻ പൗലൊസ് ഒരിക്കലും ലജ്ജിച്ചിരുന്നില്ല. പൗലൊസ് സ്നാനത്തെ കുറിച്ച് പ്രതിപാദിച്ച സന്ദർഭങ്ങളിലെല്ലാം (റോമ. 6:3–7; 1 കൊ. 6:11; ഗലാ. 3:27; കൊലൊ. 2:12; തിത്തൊ. 3:5), സ്നാനം ഏറ്റവരെല്ലാം വിശ്വാസത്തോടെ പ്രതികരിച്ചതായാണ് കാണുന്നത്.

കൊരിന്ത്യർ പരിശീലിച്ചിരുന്ന ആ സ്നാനം മനസിലാക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നിട്ടും, ചിലർ സാധ്യതയുള്ള ചില വിശദീകരണങ്ങൾ നൽകി. ഹെർമൻ റൈഡർ എഴുതി, "തന്റെ എതിരാളികൾ ആചരിച്ചിരുന്നതും, പൗലൊസിന്റെ അംഗീകാരമില്ലാത്തതുമായ ഒരു പതിവിനെയായിരിക്കാം പൗലൊസ് ഇവിടെ പരാമർശിച്ചത്."[23] അത് വാസ്തവമാണെങ്കിൽ, ആ പരിശീലനത്തെ പൗലൊസ് ഉപകാരമില്ലാത്തതും, ഉപദ്രവമില്ലാത്തതുമായി കണ്ടിരിക്കാം. **മരിച്ചവർ ഉയർക്കുന്നില്ലെങ്കിൽ, പിന്നെ അവർക്ക് വേണ്ടി സ്നാനം ഏൽക്കുന്നത് എന്തിന്?** എന്ന പൗലൊസിന്റെ ചോദ്യത്തിൽ, അവന്റെ അംഗികാരമില്ലായ്മ വ്യക്തമാക്കുന്നു. പൗലൊസ് പുനരുത്ഥാനത്തെ കുറിച്ചാണ് പറയുന്നതെങ്കിലും, അവിടെ പറയുന്ന സ്നാനത്തെ കുറച്ചുകൂടെ വ്യക്തമാക്കിയിരുന്നെങ്കിൽ എന്ന് ഒരാൾ ആഗ്രഹിച്ചേക്കാം. അവൻ ചോദിച്ചചോദ്യം, "**അവർ എന്തു ചെയ്യും** ...?" എന്നാണ് അല്ലാതെ "നാം എന്തു ചെയ്യും ...?" എന്നല്ല. ആ ചോദ്യത്തിന്റെ അർത്ഥം, "മരിച്ചവർക്ക് വേണ്ടി സ്നാനം ഏൽക്കുന്നതിന്റെ പ്രയോജനം എന്താണ്" എന്നതായിരിക്കാം. അതായത്, "മരിച്ചവർക്ക് പുനരുത്ഥാനം ഇല്ലെങ്കിൽ, പിന്നെ മരിച്ചവർക്ക് വേണ്ടി സ്നാനം ഏൽക്കുന്നതിൽ എന്താണ് അർത്ഥം?" നല്ല ഒരു സമാന്തരപ്രയോഗം ഇതായിരിക്കാം, "മരിച്ചവർക്കുള്ള പുനരുത്ഥാനത്തെ തള്ളിക്കളയുന്നവർ, മരിച്ചവർക്ക് വേണ്ടി സ്നാനം കൊടുക്കുന്നതിൽ എന്ത് അർത്ഥമാണ് ഉള്ളത്?"[24]

മറ്റൊരു വിധത്തിൽ, മരിച്ച ശേഷം സ്നാനത്തെ കുറിച്ച് ചിന്തിച്ചിട്ട് കാര്യമില്ലല്ലൊ എന്ന ആശയമായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത് എന്ന അഭിപ്രായം ഉണ്ട്. മറ്റുള്ളവർ മരിച്ചു പോയി, എന്നാൽ ജീവിച്ചിരിക്കുന്നവർ കർത്താവിന്റെ മടങ്ങി വരവ് അഭിമുഖീകരിക്കുവാനിരിക്കയാൽ, സ്നാനം ഏൽക്കുവാൻ ആഗ്രഹിച്ച സാഹചര്യമായിരുന്നു. പൗലൊസിന്റെ ചിന്തയെ ഡേവിഡ് ഈ. ഗാർലന്റ് സമാന്തരപ്രയോഗം നടത്തി ഇങ്ങനെ പറഞ്ഞു, "മരിച്ചവർക്ക് പുനനരുത്ഥാനം ഇല്ല എങ്കിൽ, സംഭവിക്കാതിരിക്കുന്ന ഒരു കാര്യത്തിനായി, സ്നാനം ഏൽക്കുന്നതിൽ ഒരർത്ഥവുമില്ലല്ലൊ."[25] "കാഴ്ച്ചപ്പാടോടുകൂടെ"

പ്രിപൊസിഷൻ ὑπέρ (*ഹുപ്പർ*), എന്നാൽ സാധാരണ ഉപയോഗിക്കുന്ന വാക്കുകളുടെ അർത്ഥം പൗലൊസ് ഉപയോഗിക്കാറില്ല.

മറ്റൊരു സാധ്യത എന്തെന്നാൽ, അപ്രതീക്ഷിതമായ മരിച്ച ഒരാളിലുള്ള വിശ്വാസ സാക്ഷ്യമാണ് വിശ്വാസികളെ സ്നാനം ഏൽക്കുവാൻ പ്രേരിപ്പിക്കുന്നത്. ഭക്തിയുള്ള ഒരാൾ മരിച്ച ഒരാളിലുള്ള വിശ്വാസവും ഭക്തിയും നി മിത്തമാണ്, ആ വ്യക്തിയോടു ചേരുവാൻ സ്നാനം ഏൽക്കുന്നത്. ദൈവത്തിന്റെ കരുണയും കൃപയും മൂലമുള്ള അഭ്യർത്ഥന മാനിച്ചാണ് ഒരാൾ ആ പ്രവൃത്തി ചെയ്യുന്നത്. അക്കാരണത്താലായിരിക്കാം അതിനെ പൗലൊസ് കൂടുതൽ വിശദീകരിക്കാതിരുന്നത്.

ഒരു വിശദീകരണവും പൗലൊസിന്റെ വാക്കുകൾ മനസിലാക്കുവാൻ പര്യാപ്തമല്ല. എങ്ങനെയായാലും, ആളുകൾ എടുത്തിരിക്കുന്ന തീർപ്പുകളിൽ തള്ളിക്കളയാവുന്നത്: (1) ചിലർ വിചാരിക്കുന്നതുപോലെ, അത് “മരിച്ച” എന്ന വാക്ക് ഗ്രീക്കിൽ ബഹുവചനമാണ് ഉപയോഗിച്ചിരിക്കുന്നതിനാൽ, അവിടെ യേശുവിനെ അല്ല ഉദ്ദേശിച്ചിത് എന്നു വ്യക്തം. (2) പുതിയ നിയമത്തിൽ ആ ചിന്ത പറയാത്തതിനാൽ, ജീവിച്ചിരിക്കുന്ന ആൾ മരിച്ചുപോയ തന്റെ ആർക്കെങ്കിലും സ്നാനം ഏറ്റു അയാളുടെ പാപം നീക്കം ചെയ്യുന്നു എന്നു പറയുവാനും സാധ്യമല്ല (പ്രവൃ. 22:16). മാനസാന്തരപ്പെട്ട ഒരു വിശ്വാസി വചനത്തോട് ക്രിയാത്മകമായി പ്രതികരിക്കുകയാണ് സ്നാനത്തിൽ കൂടെ.

**വാക്യം 30.** മരിച്ചവർക്ക് പുനരുത്ഥാനം ഇല്ല എങ്കിൽ, താനും സഹപ്രവർത്തകരും ക്രിസ്തുവിന്റെ നാമത്തിന് വേണ്ടി സാഹസത്തിലായതെന്തിന് എന്ന ചോദ്യത്തിലേക്കാണ് കൊരിന്ത്യരിൽനിന്നു അപ്പൊസ്തലന്റെ ശ്രദ്ധ തിരിയുന്നത്. ശാരീരിക ഉയർപ്പുകൂടാതെ മരണാനന്തരജീവിതം ഇല്ലെന്നും, അങ്ങനെയുള്ള മരണാനന്തര ജീവിതത്തിന് ഒരു വിലയുമില്ല എന്നതായിരുന്നു അപ്പൊസ്തലന്റെ വാദം.

ഗ്രീക്ക് ചിന്തകർക്ക്, മരണശേഷം ഭൗതിക ശരീരം നിലനിൽക്കുമെന്ന ചിന്ത അവിശ്വസനീയം തന്നെയായിരുന്നു. ഉദാഹരണമായി, പൗലൊസ് അഥേനയിലായിരുന്നപ്പോൾ, മരിച്ചവർക്കു പുനരുത്ഥാനം ഉണ്ട് എന്നു പറയുന്നതുവരെ അവന്റെ പ്രസംഗത്തെ ആളുകൾ ക്രിയാത്മകമായി സ്വീകരിച്ചു (പ്രവൃ. 17:32). താൻ വാഗ്മി അല്ലായ്കയാൽ, പൗലൊസിന്റെ അപ്പൊസ്തലിക അധികാരത്തെ അവന്റെ ചില എതിരാളികൾ സംശയിച്ചിരുന്നു (2 കൊ. 10:10). തത്വശാസ്ത്രപരമായ ബോധവൽക്കരണം അവനു ലഭിച്ചിട്ടില്ല എന്നായിരുന്നു അവരുടെ വാദം (1 കൊ. 2:6 നോക്കുക). വിട്ടുവീഴ്ച്ചയില്ലാത്ത വിശ്വാസത്താലായിരുന്നനു പൗലൊസ് അവരോട് പ്രതികരിച്ചത്. താൻ വിശ്വസിച്ചതിനു വേണ്ടി മരിക്കുവാൻ പോലും അവൻ തയ്യാറായിരുന്നു. പഠിച്ച തത്വചിന്തകന്മാർക്ക് അതിനു കഴിഞ്ഞില്ല.

തന്റെ വിമർശകരോട് പൗലൊസ് പ്രതിരോധിക്കുവാൻ മടിച്ചിരുന്നില്ല. അവന് ജ്ഞാനം കുറവാകുന്നുവെങ്കിൽ, അത് ഭൗമികമായിരുന്നു. തന്റെ ബലഹീനതയിൽ, ദൈവം തന്റെ മഹത്വത്തിനായി പ്രവർത്തിച്ചത് പൗലൊസിന് മനസിലാക്കുവാൻ കഴിഞ്ഞിരുന്നു. തത്വചിന്താ പഠന കാപട്യമൊന്നും പൗലൊസ് കാണിച്ചില്ല. കൂടാതെ, തുടർച്ചയായ അപകടങ്ങളെ അവൻ നേരിട്ടത് ദൈവത്തിലുള്ള അവന്റെ ആശ്രയമായിരുന്നു തെളിയിച്ചത്. മരിച്ചവർക്ക് പുനരുത്ഥാനം ഇല്ല എങ്കിൽ, താൻ ജീവിച്ചതും, പഠിപ്പിച്ചതും ഒക്കെ എന്തിന് എന്ന ചോദ്യമായിരുന്നു അവൻ കൊരിന്ത്യരോട് ചോദിച്ചത്. നാഴിക

തോറും **അവൻ പ്രാണഭയത്തിലായത് എന്തിന്?**

**വാക്യം 31. ഞാൻ ദിവസേന മരിക്കുന്നു** എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം, അവൻ നിരന്തര അപകടത്തെ നേരിട്ടിരുന്നു എന്നാണ്. ഏതു നിമിഷവും അവന് തടവോ, മരണമോ സംഭവിക്കാമായിരുന്നു. അപ്പൊസ്തലൻ പോയ സ്ഥലങ്ങളിലെല്ലാം അവനു ശത്രുക്കൾ ഉണ്ടായിരുന്നു, പക്ഷെ തന്റെ കഷ്ടത സുവിശേഷത്തിന് ഒരു ഭാരമായി അവൻ കണക്കാക്കിയില്ല (പ്രവൃ. 9:16; 2 കൊ. 11:23–27 നോക്കുക). കൊരിന്ത്യയിലും, മറ്റുസ്ഥലങ്ങളിലുമുള്ള ക്രിസ്ത്യാനികളുടെ വിശ്വാസം ജ്വലിപ്പിക്കുന്നതിനും, ആത്മാക്കളുടെ രക്ഷക്കും, ദൈവനാമ മഹത്വത്തിനുമായിരുന്നു അവൻ ആ സാഹസങ്ങളെ നേരിട്ടത്. νή (*നെ*, "അഫേം") എന്ന വാക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്, സാങ്കേതികമായി ആ വാക്ക് പ്രതിജ്ഞക്കാണ് ഉപയോഗിച്ചിരുന്നത്. താൻ എഴുതിയ സത്യത്തെ ആണ് അപ്പൊസ്തലൻ ഇവിടെ ഉറപ്പിച്ചത്. ആർഈഎബി ആ വാക്യത്തെ ഇങ്ങനെയാണ് പറയുന്നത്, "ഓരോ ദിവസവും ഞാൻ മരിക്കുന്നു, എന്റെ സ്നേഹിതരേ, എനിക്ക് നിങ്ങളിലുള്ള എല്ലാ അഭിമാനത്തെയും വെച്ചു, ഞാൻ സത്യം ചെയ്യുന്നു, ക്രിസ്തുയേശുവിൽ ഞാൻ നിങ്ങളെ കുറിച്ച് അഭിമാനിക്കുന്നു."

**നിങ്ങളിലുള്ള പ്രശംസ** എന്ന പ്രയോഗം ചോദ്യങ്ങളുയർത്തുന്നു. "നിങ്ങളുടെ" (കെജെവി) അല്ലെങ്കിൽ "നിങ്ങളിലുള്ള" എന്നതിനാണ് ഊന്നൽ. "നിങ്ങളുടെ പ്രശംസക്കായി, ഞാൻ പവിത്രമായ പ്രതിജ്ഞയാൽ അപേക്ഷിക്കുന്നു." ക്രിസ്തുവിന്റെ അനുഗ്രഹങ്ങളെ കുറിച്ചുള്ള "പ്രശംസ" ഉറപ്പിക്കുന്നതായിരുന്നു പൗലൊസിന്റെ സാഹസിക ജീവിതം. വിശ്വാസം ഏറ്റു പറയുന്നതിനായി കൊരിന്ത്യർ എടുത്ത ധീരതയിൽ, പൗലൊസ് തൃപ്തനാകുകയും, സന്തോഷിക്കുകയും ചെയ്തു എന്നതിനും സാധ്യതയുണ്ട്. അപൊസ്തലന്റെ അവരിലുള്ള സന്തോഷവും, സംതൃപ്തിയും നിമിത്തമുള്ള പ്രശംസ ആകാമെന്നതാണ് മറ്റൊരു സാധ്യത. അവസാന വാക്യത്തിലെ "പ്രശംസ" എന്ന പ്രശ്നം, **അവർക്ക് കർത്താവായ ക്രിസ്തുയേശുവിൽ** ഉള്ള ആത്മാഭിമാനം ആയിരുന്നു. അവന്റെ പ്രസംഗത്താൽ, അവർ തങ്ങളുടെ ജീവിതം കർത്താവിൽ പങ്കിടുകയായിരുന്നു എന്നത് പ്രതിജ്ഞയാൽ പൗലൊസ് ഉറപ്പിക്കുകയായിരുന്നു.

**വാക്യം 32.** ശാരീരിക ഉയർപ്പും അതിനോട് അനുബന്ധിച്ചുള്ള പ്രത്യാശയും മാറ്റി നിർത്തിയാൽ, ചിലർ ജീവിതത്തിലെ സാഹസിക തിരഞ്ഞെടുത്തത് അന്തിമലക്ഷ്യം നിമിത്തമായിരുന്നു എന്നു പൗലൊസ് സമ്മതിക്കുന്നു. പൗലൊസ് പ്രവർത്തിച്ചത് **മാനുഷ ലക്ഷ്യങ്ങൾക്കായിരുന്നു** എന്ന് ആരോപിക്കപ്പെട്ടിരുന്നു κατὰ ἄνθρωπον (*കാടാ ആൻത്രാപോൺ*; 15:32) അതായത്, ക്രിസ്തീയ സമൂഹത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലക്ക് പൗലൊസിന് അഭിലാശവും ആത്മാഭിമാനവും ഉണ്ടായിരുന്നു എന്നർത്ഥം. താൻ എല്ലാം സഹിച്ചത്, "മാനുഷ ലക്ഷ്യങ്ങൾക്കായിരുന്നില്ല" എന്ന് പൗലൊസ് തുറന്നു പറഞ്ഞു. കൊരിന്ത്യയിൽ അവന്റെ ജീവൻ അപകടത്തിലായിരുന്നു (പ്രവൃ. 18:12). അരേഗ്യൻ കടലിൽനിന്നും ഇരുന്നൂറു മൈൽ അകലെ ആയിട്ടും ആപത്ത് അവനെ ഒഴിഞ്ഞിരുന്നില്ല. **എഫെസൊസിൽ വെച്ച് ഞാൻ മൃഗയുദ്ധം ചെയ്തു** എന്നു മാത്രമെ പൗലൊസിനു പറയുവാൻ കഴിഞ്ഞുള്ളു.

സ്റ്റോയിക് മനസുള്ളവരുടെ അസാധാരണ അപകടങ്ങളെ നേരിടുന്നതിനെ ആണ് "വന്യ മൃഗങ്ങളുമായുള്ള യുദ്ധം"[26] എന്ന രീതിയിൽ പറഞ്ഞി

രിക്കുന്നത്. അക്ഷരികമായി പൗലൊസ് മൃഗങ്ങളോട് യുദ്ധം ചെയ്തു എന്നല്ല പൗലൊസ് പറഞ്ഞത്. അത്തരം സന്ദർഭമാണ് നേരിട്ടതെങ്കിൽ പൗലൊസിന്റെ ജീവൻ നഷ്ടപ്പെടുമായിരുന്നു; ചിലർ അങ്ങനെ ചെയ്തിട്ടുണ്ട്. കഠിനമായ പരീക്ഷണത്തിലൂടെ പൗലൊസ് എഫെസൊസിലായിരുന്നപ്പോൾ, കടന്നു പോയി, അതെന്താണ് എന്ന് അപ്പൊസ്തലൻ വിശദമാക്കിയില്ല. ഏകദേശം മൂന്ന് വർഷം അപ്പൊസ്തലൻ എഫെസൊസിൽ താമസിച്ചിരുന്നു (പ്രവൃ. 20:31). എന്നാൽ 1 കൊരിന്ത്യ ലേഖനം എഴുതുന്നതിന് മുൻപ് എത്ര നാൾ പൗലൊസ് അവിടെ ഉണ്ടായിരുന്നു എന്നു വ്യക്തമല്ല. കൊല്ല പണിക്കാരുടെ കുഴപ്പത്തെ കുറിച്ചല്ല അപ്പൊസ്തലൻ പറഞ്ഞത് എന്നത് തീർച്ചയാണ് (പ്രവൃ. 19:24, 25; 20:1; 2 തിമൊ. 4:14 നോക്കുക).

മരിച്ചവർക്ക് പുനരുത്ഥാനം ഇല്ലെങ്കിൽ അത്തരം പരീക്ഷണങ്ങൾക്ക് വിധേയനാകുന്നതിന്റെ അനൗചിത്യത്തെയാണ് അപ്പൊസ്തലൻ വ്യക്തമാക്കുന്നത്. വരുവാനുള്ള ലോകമില്ലെങ്കിൽ, പിന്നെ അത്തരം കഷ്ടതകൾ സഹിച്ചതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. പിന്നെ ഹെഡോണിസ്റ്റിന്റെ ജീവിതം ആയിരിക്കും നല്ലത്[27] "തിന്നുക, കുടിക്ക, ആനന്ദിക്ക, നാളെ ചാകുമല്ലൊ" (യെശ. 22:13). ഈ പറഞ്ഞ തത്വമാണ് ഗ്രീക്ക്-റോമാ ലോകത്തെ അധികം ആളുകളുടേയും ചിന്ത. മരിച്ചവർക്ക് പുനരുത്ഥാനം ഉണ്ട് എന്ന് നിങ്ങൾ വിശ്വസിച്ചില്ലെങ്കിൽ, യുക്തിപരമായും, ലോകത്തിലെ എല്ലാ താൽക്കാലിക ഭോഗ സുഖങ്ങളെയും ത്യജിക്കേണ്ട കാര്യമില്ല കാരണം മരണത്തോടുകൂടെ എല്ലാം അവസാനിക്കുമല്ലൊ. അത്തരം ഒരു പ്രയോഗമാണ് *ലാറ്റിൻ കാർപെ ഡയം* ("സീസ് ദ ഡെ") ഈ തത്വത്തിലുമുള്ളത്. മരണവും കല്ലറയുമാണ് ഒരാൾക്ക് അന്ത്യമെങ്കിൽ, ജീവിച്ചിരിക്കുന്ന നിമിഷങ്ങളാണ് കാര്യമായുള്ളത്.

**വാക്യം 33**. ദുഷ്ട ശക്തിയുടെ സ്വാധീനത്താൽ, ലോകാവസാനം രക്ഷിക്കപ്പെട്ടവർക്ക് ദൈവം വാഗ്ദാനം ചെയ്ത ശാരീരിക ഉയർപ്പ് തള്ളിക്കളയുന്നത് അപകടമാണെന്ന് ബോധ്യമാക്കുവാനാണ് അപ്പൊസ്തലൻ ആഗ്രഹിച്ചത്. നിർഭാഗ്യവശാൽ, കൊരിന്ത്യയിലുള്ള ചിലർ മറ്റുള്ളവയെ പോലെ, ശാരീരിക പുനരുത്ഥാനത്തെയും തള്ളിക്കളഞ്ഞു. പൗലൊസ് കൊരിന്ത്യയിൽ അനുഭവിച്ച കഷ്ടതകൾ പുനരാവിഷ്ക്കരിക്കുവാൻ ബുദ്ധിമുട്ടാണ്. ആധുനിക വായനക്കാർക്ക് അത് ഊഹിക്കുവാനേ കഴിയു. പുനരുത്ഥാനം സംഭവിച്ചു കഴിഞ്ഞു എന്നായിരിക്കാം ചില കൊരിന്ത്യർ അവകാശപ്പെട്ടത്. ഉയർത്തെഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് സ്നാനം ഏറ്റത് എന്ന് പൗലൊസ് പഠിപ്പിച്ചതിനെ ചിലർ തെറ്റിദ്ധരിച്ചതാകാം അതിനു കാരണം (റോമ. 6:4). അവരെ ഉയർപ്പിച്ച് ക്രിസ്തുവിനോടുകൂടെ ഇരുത്തിയിരിക്കയാൽ പിന്നെ അവർക്ക് അധാർമ്മികതയെയും, പാപത്തെയും ഭയപ്പെടേണ്ട ആവശ്യമില്ല. ഒരു പ്രധാന തത്വം എടുത്ത് പൗലൊസ് അതിനെ പ്രതിരോധിച്ചു; അവർ എടുത്ത ഏറ്റുപറച്ചൽ ജീവിതത്തിൽനിന്നു ധാർമ്മികത നീക്കി കളയുവാൻ സാധ്യമല്ല എന്ന് അപ്പൊസ്തലൻ വ്യക്തമാക്കി.

പുരാതന സാഹിത്യത്തിൽനിന്നു ആധുനിക സാഹിത്യത്തിൽ വരെ എത്തിനിൽക്കുന്ന ഒരു പഴഞ്ചൊല്ലാണ് "**ദുർഭാഷണത്താൽ സദാചാരം കെട്ടുപോകും**" എന്നത്. അഥേനയിലുള്ളവർ ഉപയോഗിച്ചിരുന്ന ഒരു പ്രസ്താവനയാണ് പൗലൊസ് ഉദ്ധരിച്ചത് (സി. ബി. സി. 300). "ബാഡ് കമ്പനി" (ὁμιλίαι κακαί, *ഹോമിലിനി കാകായി*) സൂചിപ്പിക്കുന്നത്, മോശമായ കൂട്ടുകെട്ട് തെറ്റായ വിശ്വാസം സ്വീകരിക്കുവാൻ പ്രേരിപ്പിക്കപ്പെടും എന്നതാണ്

അതിന്റെ ഭവിഷ്യത്ത്.കെജെവി യിലെ തർജിമ "ദുർഭാഷണം നല്ല നടപ്പ് മോശമാക്കും" എന്നാണ്. അതിലൊരു സത്യമുണ്ട്; എന്നാൽ അതിൽ ഉപരിയാണ് അപ്പൊസ്തലന്റെ വാക്കുകൾ. "ഗുഡ്" എന്ന തർജിമ പരിഷ്ക്കരിച്ചിരിക്കുന്നത് "സദാചാരം" എന്നാണ്. സാധാരണ അത് അർത്ഥമാക്കുന്നത് "ഉപയോഗമുള്ള" എന്നാണ്. എന്നാൽ ഈ സന്ദർഭത്തിലെ അർത്ഥം, "ധാർമ്മികമായി നന്മയും ഉപകാരവുമുള്ളവരാകുവിൻ"[28] എന്നാണ്. മോശമായവരോട് ബന്ധപ്പെട്ടാൽ, അവരോടുള്ള വാക്കുകൾ പോലും-ദോഷമുള്ളതായി കണക്കാക്കും-അവരോട് യോജിക്കുന്നതായി തീരും എന്നർത്ഥം. അവരുടെ ദുഷ്ടതയിൽ-പങ്കുചേരുന്നതിനെ കുറിച്ചാണ് അപ്പൊസ്തലൻ പറയുന്നത്. വാക്കുകൾ ഒഴിച്ചുകൂടാനാവാത്ത വിധത്തിൽ ഫലം പുറപ്പെടുവിക്കും. ഈ അർത്ഥം, "യിസ്രായേലും, യെഹൂദമതാനുസാരികളെയും സംബന്ധിച്ച് സാമൂഹ്യ-രാഷ്ട്രീയ പ്രതലത്തിൽ ഉപയോഗപ്രദം തന്നെയായിരുന്നു."[29]

**വാക്യം 34.** കർത്താവ് വരുമ്പോൾ സംഭവിക്കുവാനിരിക്കുന്ന ശാരീരിക ഉയർപ്പിനെ തള്ളിക്കളയുന്നത് ഉപേക്ഷിക്കുവാനായിരുന്നു പൗലൊസ് ആവശ്യപ്പെട്ടത്. നീതിക്ക് **നിർ-മ്മദരായി ഉണരുവിൻ, പാപം ചെയ്യാതിരിപ്പിൻ** അവർ ദുരുപദേശത്തെ സഹിക്കുകയാണെങ്കിൽ, ക്രിസ്തുവുമായുള്ള അവരുടെ ബന്ധം അപകടത്തിലാകും എന്നാണ് ഗ്രീക്ക് വർത്തമാന കാലം പറയുന്നത്. മോഷണവും, നുണയും മാത്രമല്ല, അടിസ്ഥാന ഉപദേശങ്ങൾ ലംഘിച്ചാൽ പോലും, അത് പാപമായി കണക്കിടും. ദുരുപദേശത്തെ സ്വീകരിക്കുന്നത് ദൈവപരിജ്ഞാനത്തിന്റെ അഭാവത്തെയാണ് കാണിക്കുന്നത്. അവരുടെ പ്രയോജനത്തിനായിട്ടാണ് വായനക്കാരോട് പൗലൊസ് അപേക്ഷിച്ചത്. പ്രതിരോധിക്കേണ്ട സാഹചര്യത്തിൽ, പ്രതിരോധിക്കുമ്പോൾ അതിനെയും, അവരുടെ നല്ല പ്രവൃത്തിയെയും പൗലൊസ് പുകഴ്ത്തിയിരുന്നു. അവന്റെ ലക്ഷ്യം പ്രസിദ്ധനാകണമെന്നായിരുന്നില്ല, മറിച്ച് ആ സഹോദരന്മാരെ ശരിയായ ദിശയിൽ നയിക്കുക എന്നതായിരുന്നു.

## വിവിധ തരം ശരീരങ്ങൾ (15:35-41)

**35പക്ഷെ ഒരുവൻ മരിച്ചവർ എങ്ങനെ ഉയിർക്കുന്നു എന്നും ഏതു വിധം ശരീരത്തോടെ വരുന്നു എന്നും ചോദിക്കും. 36മൂഢാ നീ വിതെക്കുന്നത് ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. 37നീ വിതെക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല, കോതമ്പിന്റെയോ മറ്റു വല്ലതിന്റെയോ വെറും മണിയത്രെ വിതെക്കുന്നത്. 38ദൈവമോ തന്റെ ഇഷ്ടം പോലെ അതിനു ഒരു ശരീരവും, ഓരോ വിത്തിന് അതതിന്റെ ശരീരവും കൊടുക്കുന്നു. 39സകല മാംസവും ഒരുപോലെയുള്ള മാംസമല്ല, മനുഷ്യരുടെ മാംസം വേറെ, കന്നുകാലികളുടെ മാംസം വേറെ, മൽസ്യങ്ങളുടെ മാംസം വേറെ. 40സ്വർഗീയ ശരീരങ്ങളും ഭൗമികശരീരങ്ങളും ഉണ്ട്. സ്വർഗീയ ശരീരങ്ങളുടെ തേജസ് വേറെ ഭൗമ ശരീരങ്ങളുടെ തേജസ് വേറെ. 41സൂര്യന്റെ തേജസ് വേറെ, ചന്ദ്രന്റെ തേജസ് വേറെ. നക്ഷത്രങ്ങളുടെ തേജസ് വേറെ. നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ് കൊണ്ട് ഭേദം ഉണ്ടല്ലൊ.**

**വാക്യം 35.** ബുദ്ധിപൂർവ്വകമായ വാക്കുകളാൽ എതിരാളികൾക്ക് വിവരിക്കുവാൻ സാധ്യമല്ല എന്നതിനാൽ പുനരുത്ഥാനത്തെ നിഷേധിക്കാതിരി

ക്കുന്നവരുണ്ട്. ഒരു ഭൗതിക ശരീരം ജീർണ്ണിക്കുന്നത് ഒരാൾക്ക് കാണുവാൻ കഴിയും. പിന്നെ, അതെങ്ങനെ ഉയിർക്കും? ഗാർലന്റിന്റെ പ്രസ്താവന ഭാഗികമായി ശരിയാണ്:

> സത്യസന്ധമായി വിലയിരുത്തിയാൽ, ഉപദേശപരമായ കാര്യങ്ങളിലെ മൽസരമായിരുന്നില്ല അവരുടെ തെറ്റ്, പിന്നെയോ, അവർക്ക് ലഭിച്ച ഗ്രീക്ക് കാഴ്ച്ചപ്പാട് ആയിരുന്നു. നശ്വരമായ ഒരു ശരീരം മരിച്ചശേഷം എങ്ങനെ സ്വർഗീയവും, ആത്മികവും എന്നേക്കും നിലനിൽക്കുമെന്നത് അവർക്ക് മനസിലാക്കുവാൻ കഴിയുന്നില്ല.[30]

ഉപസംഹാരം, സംശയരഹിതമായി, അടിസ്ഥാനപ്പെടുത്തുയിരിക്കുന്നു; എന്നാൽ 15:34 ലെ പൗലൊസിന്റെ "പാപം ചെയ്യാതിരിപ്പിൻ" എന്ന ആജ്ഞ സൂചിപ്പിക്കുന്നത് ഉപസംഹാരത്തേക്കാൾ കൂടുതൽ അതിൽ അടങ്ങിയിരിക്കുന്നു എന്നാണ്.

കൊരിന്ത്യൻ വിശ്വാസികളെ പ്രോൽസാഹിപ്പിക്കുവാൻ പൗലൊസ് ഇവിടെ "ആക്ഷേപാലങ്കാര" പ്രയോഗമാണ് നടത്തിയിരിക്കുന്നത്. എതിരാളികളുടെ വായടപ്പിക്കുന്ന വാക്കുകളായിരുന്നു പൗലൊസ് ഉപയോഗിച്ചത് (റോമ. 9:19; 11:19; യാക്കൊ. 2:18), പിന്നെയാണ് വാദത്തിലേക്ക് തിരിയുന്നത്. ദൈവം തന്റെ ജനത്തിന് ഓരോരുത്തർക്കായി നിത്യജീവനായുള്ള സ്വർഗീയ ശരീരം നൽകുവാൻ കഴിയുന്ന സർവ്വശക്തനാണ് എന്നതാണ് അപ്പൊസ്തലൻ അവരെ അറിയിക്കുവാൻ ആഗ്രഹിച്ചത്-അത് തിരിച്ചറിയാവുന്ന ശരീരവുമായിരിക്കും. താഴെ കൊടുത്തിരിക്കുന്ന ചോദ്യം, കൊരിന്ത്യയിലുള്ള ചിലർ ചോദിച്ചതായിരിക്കാം, പ്രത്യേക ഒരു വ്യക്തി പൗലൊസിന്റെ മനസിൽ ഇല്ലായിരുന്നു. "**മരിച്ചവർ എങ്ങനെ ഉയിർക്കും? ഏതു വിധം ശരീരത്തോടെയായിരിക്കും വരുന്നത്?**" എന്ന് ചോദിച്ചത് സംശയാലു ആയിരിക്കാം. ഈ അദ്ധ്യായത്തിൽ പൗലൊസ് ആദ്യമായിട്ടാണ് "ശരീരം" എന്ന വാക്ക് ഉപയോഗിക്കുന്നത്. സംശയാലുക്കളുടെ ഇത്തരം ചോദ്യങ്ങളിൽ ശരിയായ ജ്ഞാനം അടങ്ങുന്നില്ല. തന്നെ കുറിച്ചുള്ള വെളിപ്പാട് പോലും പൗലൊസ് അൽപമായിട്ടാണ് പറഞ്ഞിരിക്കുന്നത്; മനുഷ്യജീവിതത്തിലെ അനുഭവുമായി അത് ബന്ധപ്പെട്ടാണിരിക്കുന്നത്.

**വാക്യം 36.** വളരെ പരുഷമായ ഭാഷയിൽ, മൂഢൻ ἄφρων (*ആഫ്രോൺ*) എന്നു പറഞ്ഞാണ് പുനരുത്ഥാനത്തെ ചോദ്യം ചെയ്ത ബുദ്ധിമാന്മാരെന്ന് കരുതിയവരെ പൗലൊസ് ചർച്ചയിൽ മിണ്ടാതാക്കുന്നത്. അവന്റെ ആ പ്രതികരണത്തിന്റെ ഫലത്തെ കുറിച്ച് ആർഈഔബി പറയുന്നു, "എന്തു വിഡ്ഢിത്ത ചോദ്യങ്ങൾ."

**വാക്യം 37.** ആ സംശയാലുക്കൾ അവരുടെ ചുറ്റും ഒന്നു കണ്ണോടിച്ചാൽ മാതൃകകൾ അവർക്ക് കാണുവാൻ കഴിയുമെന്നായിരുന്നു പൗലൊസ് സൂചിപ്പിച്ചത്. **നീ** എന്നു ഊന്നി പറയുന്നതാണ്. "നീ പോലും, കോതമ്പിന്റെ ഒരു മണി വിതെച്ചാൽ, അത് ചാകുന്നില്ലെങ്കിൽ ജീവിക്കുന്നില്ല" എന്ന് അറിയുന്നില്ലേ എന്നാണ് ചോദിക്കുന്നത്. കോതമ്പ് വിതെക്കുമ്പോൾ, അത് ദ്രവിക്കുന്നതിനെയാണ് ചാകുന്നത് എന്നു പറഞ്ഞിരിക്കുന്നത്; എന്നാൽ അത് പുതിയ ജീവനുള്ള നടപടിയാണ്. മരണത്തിൽനിന്നു ജീവൻ ഉത്ഭവിക്കുന്നു. വിത്ത് വിതെച്ചാൽ, അത് ഇല്ലാതാകുകയും, ചെടി അതിൽനിന്ന് ഉണ്ടാകു

കയും ചെയ്യും. മനുഷ്യരും ജീവിക്കുവാനായി മരിക്കണം. മാംസം മരിക്കും, എന്നാൽ പുതിയ ആത്മിയ ശരീരത്തിനു വേണ്ടിയുള്ള നടപടി നടക്കും. മരണശേഷം ജീവിക്കുവാൻ ജഡമാംസം പിന്നെ ആവശ്യമില്ല. ശാരീരികമായ നിത്യജീവനെ എതിർത്തു ചോദ്യം ചോദിച്ചവർ വാസ്തവത്തിൽ അവർക്ക് കാണുവാൻ കഴിയുന്ന ഭൗതികലോകത്തിലേക്ക് നോക്കുന്നില്ല.

യേശു മരിക്കുന്നതിന് മുമ്പ് ഇതുപോലെയുള്ള ഒരു ഉദാഹരണം വ്യത്യസ്ത സാഹചര്യത്തിൽ പറഞ്ഞിരിക്കുന്നു. അതായത് ഒന്ന് ഇല്ലാതായി മറ്റൊന്നു ജീവിക്കുവാൻ കാരണമാകുന്നു. ഗ്രീക്ക് സംസാരിക്കുന്ന ചില യെഹൂദന്മാർ പെസഹാ പെരുന്നാളിന് ആരാധിക്കുവാൻ പോകുന്ന സന്ദർമായിരുന്നു. അവർ യേശുവിനെ കാണുവാൻ അതിയായി ആഗ്രഹിച്ചു. യോഹന്നാന്റെ സുവിശേഷ വിവരണത്തിൽ ഒരു പ്രഹേളികാ രൂപത്തിൽ അത് രേഖപ്പെടുത്തിയിരിക്കുന്നു, യേശു അവരുടെ കാഴ്ച്ചപ്പാട് മാറ്റുവാൻ ആവശ്യപ്പെടുന്നു. "കോതമ്പ് മണി നിലത്തു വീണു ചാകുന്നില്ലെങ്കിൽ, അത് തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും" (യോഹ. 12:24).

വിത്ത് ഇല്ലാതാകുന്നത്, മനോഹരമായ ചെടിയുടെ ആവിർഭാവത്തിന് തടസമില്ല. അതുപോലെ തന്നെ. മരിച്ചു പോയ ശരീരത്തിന്റെ ജീർണ്ണത പുതിയ ആത്മിയ ശരീരത്തിന്റെ വരവിന് തടസം അല്ല. വിവരിക്കുവാൻ കഴിയാത്ത വിധത്തിൽ ധാരാളം സംഭവങ്ങൾ പ്രകൃതിയിൽ തന്നെ ഉള്ളത് നോക്കിയാൽ ദൈവം തന്റെ ജനത്തിന് ഒരുക്കിയിട്ടുള്ള ശാരീരിക ഉയിർപ്പ് മനസിലാക്കുവാന് പ്രയാസമില്ല. ഭൗതിക ശരീരത്തിന് പകരം വരുവാനുള്ള ലോകത്തിന് യോജിക്കുന്ന വിധത്തിലുള്ള ശരീരം ദൈവം എങ്ങനെ രൂപപ്പെടുത്തുമെന്ന് പൂർണ്ണമായി മനസിലാക്കുവാൻ മനുഷ്യബുദ്ധിക്ക് സാധ്യമല്ല. ഒരു **കോതമ്പ് ചത്ത് ചെടിയായി രൂപാന്തരപ്പെടുന്നതുപോലെ**, വിശ്വാസികളായി ജീവിച്ച സ്ത്രീ പുരുഷന്മാർക്ക് ഒരിക്കൽ, അവരുടെ പഴയ ശരീരത്തിന് പകരം പുതിയ ആത്മിയ ശരീരം ദൈവം നൽകും എന്നു വിശ്വാസത്താൽ അറിയാം. ഒരു കപ്പലണ്ടിയായാലും, അതിന്റെ വിത്ത് വിതെച്ച് ഒരു ചെടിയായി വളർന്ന് പുഷ്പിച്ച്, പുതിയ വിത്ത് രൂപപ്പെടുന്നു. അതിന് ദൈവം ഉപയോഗിക്കുന്ന മാർഗം നമുക്ക് മുഴുവനും മനസിലായില്ലെങ്കിലും, സൃഷ്ടികർത്താവാണ് ഇതിൽ പ്രവർത്തിക്കുന്നത് എന്ന് സ്പഷ്ടം.

**വാക്യം 38.** വിത്ത് മുളെച്ചു പുതിയ **ശരീരമായി** തീരുന്നതിന് പ്രവർത്തിക്കുന്നത് ദൈവം ആണ്. ഒരു വിത്തു നശിക്കുമ്പോൾ, അതിന് പുതിയ ജീവൻ നൽകുന്നതു ദൈവമാണ്. വിത്തിൽ നിന്ന് ഏതു വിധം ശരീരത്തോടെയാണ് അതിന് ജീവൻ വെപ്പിക്കേണ്ടത് എന്ന് നിശ്ചയിക്കുന്നത് ദൈവം ആണ്. ക്രിസ്ത്യാനികൾ ശാരീരിക ഉയിർപ്പിനെ കുറിച്ചു ചിന്തിക്കുമ്പോൾ, അവർ ദൈവത്തിന്റെ അപ്രമേയ ശക്തിയെ കുറിച്ച് ചിന്തിക്കണം. ഈ ലോകത്ത് ജീവിക്കുന്നവർക്ക് ഗ്രഹിക്കാൻ സാധിക്കാത്ത വിധത്തിൽ ദൈവത്തിന് പ്രവർത്തിക്കുവാൻ കഴിയും. വിത്തുകൾക്കും അവയുടെ പുതിയ ശരീരങ്ങൾക്കുമിടയിൽ സംഭവിക്കുന്നത് കാണാതെ പോകരുത്. ഭൗമിക ശരീരങ്ങളെ രൂപപ്പെടുത്തിയവന് സ്വർഗീയ ശരീരങ്ങളെ രൂപപ്പെടുത്തുവാൻ ഒരു പ്രയാസവുമില്ല. അതേ സമയത്ത് വ്യക്തിത്വവും നിലനിർത്തും.

അപ്പൊസ്തലന്റെ വിവേചനത്തിന് പ്രാധാന്യം ഉണ്ട്, വിത്തു ചെടിയായി രൂപപ്പെടുന്നു എന്നത്, അത് രണ്ടും രണ്ടാണ്, തികച്ചും ഭൗതികവുമാണ്. വെയിന് ഗ്രൂഡെം ഈ വീക്ഷണം അവതരിപ്പിച്ചിരിക്കുന്നു:

ചുരുക്കത്തിൽ, യേശുവും പുതിയ നിയമ എഴുത്തുകാരും നമ്മോടു പറയുവാന് ആഗ്രഹിക്കുന്ന വസ്തുത, ശാരീരിക ഉയിർപ്പ് അഭൗമിക മാണ്, ദൈവത്തിന് എങ്ങനെ വേണമങ്കിലും ചെയ്യാം. എന്നാൽ മനുഷ്യരുടെ ഭൗമിക ശരീരങ്ങൾ ഇല്ലാതാകുമ്പോൾ, പിന്നീട് അവയെ രൂപപ്പെടുത്തുന്നത്, എന്നേക്കും ബലഹീനത, രോഗം, മരണം എന്നിവ ഇല്ലാത്തവയായിരിക്കും.[31]

**വാക്യം 39.** ഇപ്പോൾ പൗലൊസിന്റെ സാമ്യം, മാറിയിരിക്കുന്നു, സസ്യ ലോകത്തിൽനിന്ന് മൃഗ ലോകത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. താൻ പറഞ്ഞ പോയിന്റുകൾ സ്ഥാപിക്കുവാൻ പൗലൊസ് കൂടുതൽ ഉദാഹരണങ്ങൾ നിരത്തുകയാണ്. സസ്യ ലോകത്തിലുള്ള ഓരോ സസ്യത്തിനും ഓരോ രൂപമാണ് ദൈവം കൊടുത്തിരിക്കുന്നത്, അതാതു വിത്ത് അതാത് ചെടിയെ ഉത്ഭവിപ്പിക്കുന്നതുപോലെ, മനുഷ്യരുടെ മാംസം വേറെ, മൃഗങ്ങളുടെ ശരീരം വേറെ, മൽസ്യത്തിന്റെ ശരീരവും വേറെ. സസ്യങ്ങൾക്കായാലും മൃഗങ്ങൾക്കായാലും, അതാതു ശരീരം ഓരോന്നിനും കൊടുത്തിരിക്കുന്നു. ഭൗതികമായ നിലനിൽപിനായാലും വെവ്വേറെ ശരീരമാണ് കൊടുത്തിരിക്കുന്നത്. മൃഗങ്ങൾക്കായാലും അവയുടെ നിലനിൽപിന് ആവശ്യമായ ശരീരങ്ങളെ ആണ് ദൈവം നൽകിയിരിക്കുന്നത്. സ്വർഗീയ ജീവിതത്തിന് ദൈവം ഭൗമിക ശരീരത്തിന് പകരം സ്വർഗീയ ശരീരങ്ങളും നൽകും.

15:39 ലെ താക്കോൽ വാക്ക്, "മാംസം" ആണ്; 15:40, 41 ലെ താക്കോൽ വാക്ക് "മഹത്വം" ആണ്. മൃഗങ്ങളുടെ മാംസങ്ങൾ വ്യത്യാസമുള്ളതാണ്; ഭൗമിക ശരീരങ്ങളും സ്വർഗീയ ശരീരങ്ങളും മഹത്വത്തിൽ വ്യത്യസ്തമാണ്. സംശയാലുക്കളായ ചോദ്യകർത്താക്കളോട് പൗലൊസ് പറഞ്ഞത്, എന്തായാലും മരണശേഷവും ശരീരത്തോടുകൂടെയായിരിക്കുമെന്നാണ്. മാംസത്തോടുകൂടെ ആയിരിക്കുന്ന ആത്മാക്കൾക്ക് പരിമിതികളുണ്ടെന്നും, മാംസത്തിൽനിന്നു വേർപിരിയുമ്പോൾ, ആത്മാക്കൾ സ്വതന്ത്രരാകും എന്നാണ് അവർ വിചാരിച്ചത്. ആ ചിന്തയെ പൗലൊസ് നിഷേധിച്ചു. ആരംഭത്തിൽ ദൈവം ഭൗതികമായവയെല്ലാം ഉണ്ടാക്കിയിട്ട് നല്ലതു എന്നു കണ്ടു (ഉല്. 1:31).

**വാക്യം 40.** ദൈവത്തിന്റെ തേജസ് ഭൗമിക ശരീരങ്ങളിലും, സ്വർഗീയ ശരീരങ്ങളിലും വസിക്കും. മരത്തിന്റെയോ മലയുടെയോ തേജസുപോലെയുള്ളതല്ല ചന്ദ്രന്റെയും നക്ഷത്രങ്ങളുടേയും തേജസ്, എന്നാൽ ഓരോന്നിലും പ്രവർത്തിക്കുന്നത് സൃഷ്ടികർത്താവിന്റെ ജ്ഞാനവും ശക്തിയുമാണ്. ഭൗമികമായവയിൽ ദൈവം തന്റെ തേജസ് പകരുന്നതുപോലെ, എന്നേക്കും വസിക്കുവാനുള്ള സ്വർഗീയ ശരീരങ്ങളിലും ദൈവം തന്റെ തേജസ് പകരും.

**വാക്യം 41.** അവനിൽ ഉണ്ടായിരുന്നുവെങ്കിലും, പൗലൊസ് പറയുന്നത് ഭൗമികമായവയുടെ തേജസിനെ കുറിച്ചായിരുന്നില്ല. വൈവിധ്യം വ്യക്തമായിരുന്നു. **സൂര്യന്റെ തേജസ് വേറെ, ചന്ദ്രന്റെ തേജസ് വേറെ**. ഒരു തരം ശരീരത്തിലോ, ശോഭയിലോ മാത്രം ഒതുങ്ങി നിൽക്കുന്നവനല്ല ദൈവം. ശാസ്ത്രീയ ജ്ഞാനം മുന്നനേറിയിരിക്കുന്നതുപോലെ, മാംസ-രക്ത ശരീരങ്ങളുടെ തേജസും കൂടുതൽ വ്യക്തമാകുകയാണ്. ഇപ്പോഴും ശരീരം വളരുകയും അവസാനം ജീർണ്ണിക്കുകയും ചെയ്യും. ഭൗമിക ശരീരത്തിന് രോഗവും മരണവും ഉണ്ടാകും. ഭൗതിക ശരീരത്തിലെ പരിമിതികൾ ഇല്ലാത്ത ശരീരം രൂപപ്പെടുത്തുവാൻ ദൈവത്തിന് കഴിയും എന്നാണ് പൗലൊസ് പറഞ്ഞത്.

സ്വർഗീയ പ്രതലത്തിലെ മാറ്റമില്ലാത്ത തേജസ് തന്റെ അനുഭവത്തിൽകൂടെ അപ്പൊസ്തലൻ വ്യക്തമാക്കി. ദുർബ്ബലമായ ശരീരത്തിനെതിരായതാണ് നക്ഷത്രങ്ങൾ. ആകയാൽ ഭൗമിക ശരീരങ്ങളെ സ്വർഗീയമാക്കി മാറ്റുവാൻ ദൈവത്തിന് കഴിയും. മാംസ ശരീരങ്ങളിൽ നിന്നു വ്യത്യസ്തമായിരിക്കും സ്വർഗീയ ശരീരങ്ങൾ.

ഒന്നാമത്തെ മനുഷ്യനായ ആദാമിനേയും യേശുവിനേയും തമ്മിൽ ഒരു സമാന്തര പഠനം പൗലൊസ് നടത്തിയിരുന്നു (15:22). ഏതാനും വർഷങ്ങൾക്ക് ശേഷം പൗലൊസ് റോമർക്ക് ലേഖനം എഴുതിയപ്പോൾ ആ രണ്ടു പേരെയും പറ്റി കൂടുതൽ വിവരിച്ചിരിക്കുന്നു. റോമർ 5:14-19 ൽ ആദാമിന്റെ പാപത്തിന്റെ അനന്തരഫലമായ മരണവും, തുടർന്ന്, യേശുവിന്റെ ശാരീരിക ഉയിർപ്പും പ്രതിപാദിക്കുന്നു. വീണ്ടെടുക്കപ്പെടുന്നവർക്കുള്ള ഉയിർപ്പിനുള്ള മാതൃകയായിരുന്നു യേശുവിന്റെ ഉയിർത്തെഴുന്നേൽപ്. ക്രിസ്ത്യാനികൾക്ക് ശാരീരിക ഉയിർപ്പ് ഉണ്ടെന്ന് ഉറപ്പു നൽകുന്നതാണ് ക്രിസ്തുവിന്റെ ശാരീരിമായ ഉയിർപ്പ്.

അടക്കപ്പെട്ട ശരീരത്തോടുകൂടിയാണ് യേശു ഉയിർത്തെഴുന്നേറ്റത്, എന്നാൽ അതിന് മാറ്റം സംഭവിക്കുകയും മഹത്വീകരിക്കപ്പെടുകയും ചെയ്തു. മാംസ-രക്തങ്ങൾ ദ്രവിക്കാതെയും ദ്രവിച്ചും അതിന് ഉയിർപ്പ് ശരീരം ലഭിച്ചേക്കാം. നമ്മുടെ വിശ്വസക്കണ്ണാൽ നോക്കി കാണാവുന്ന ദൂരത്താണ് സത്യം.

### അവസാനത്തെ ആദാം (15:42-49)

**[42]മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിർക്കുന്നു. [43]അപമാനത്തിൽ വിതെക്കപ്പെടുന്നു; തേജസിൽ ഉയിർക്കുന്നു. ബലഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു. [44]പ്രാകൃത ശരീരം വിതെക്കപ്പെടുന്നു, ആത്മിക ശരീരം ഉയിർക്കുന്നു. പ്രാകൃത ശരീരം ഉണ്ടെങ്കിൽ ആത്മിക ശരീരവും ഉണ്ട്. [45]ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായി തീർന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ. ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. [46]എന്നാൽ ആത്മികമല്ല, പ്രാകൃതമത്രെ ഒന്നാമത്തേത്. ആത്മികം പിന്നത്തേതിൽ വരുന്നു. [47]ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നു മണ്ണുകൊണ്ടുള്ളവൻ, രണ്ടാം മനുഷ്യൻ സ്വർഗത്തിൽനിന്നുള്ളവൻ. [48]മണ്ണ് കൊണ്ടുള്ളനനെ പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗീയനെ പോലെ സ്വർഗീയരും ആകുന്നു. [49]നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗീയന്റെ പ്രതിമയും ധരിക്കും.**

**വാക്യം 42.** മരിച്ചവരുടെ പുനരുത്ഥാനത്തെ പൗലൊസ് തത്വചിന്തകരുടെ സങ്കൽപവുമായി കൂട്ടി കുഴച്ചില്ല. സ്വാഭാവിക ശരീരങ്ങളുടെ തേജസ് വെവ്വേറെയായി സൃഷ്ടിച്ച ദൈവത്തിന് അവയെ ദൈവത്തിന്റെ ശക്തിയാലും ജ്ഞാനത്താലും സ്വർഗീയതേജസുള്ളവയാക്കി മാറ്റുവാൻ സാധിക്കും. പാപത്താൽ വീണുപോയ മനുഷ്യരുടെ അപര്യാപ്ത ജ്ഞാനത്താൽ, അതു ഗ്രഹിക്കുവാൻ കഴിയാതിരിക്കുന്നു (2:5).

ഭൂമിയിലെ ജീവിതത്തിന് ദൈവം രൂപപ്പെടുത്തിയ ശരീരം **വിതെക്കപ്പെടുന്നു** എന്നാണ് പൗലൊസ് പറഞ്ഞത്. അത്തരത്തിലുള്ളത് **ദ്രവത്വത്തിലുള്ളതാണ്** (φθορά, *ഫ്തോറാ*), ഉയിർക്കുന്ന ശരീരങ്ങൾ നിത്യതക്കുള്ളതാണ്,

അവ **അദ്രവത്വത്തിലുള്ളതാണ്** (ἀφθαρσία, *അഫ്തർസിയ*). കെജെവിയിലും എൻഏ എസ്ബിയിലും അൽപ വ്യത്യാസത്തിലാണ് കൊടുത്തിരിക്കുന്നത്, "ദ്രവത്വവും," "അദ്രവത്വവും" എന്നാണ്. അത് ഒന്നുകിൽ പാപത്തിനുള്ള ശിക്ഷയോ, അല്ലെങ്കിൽ ഭൗതികമായവയെല്ലാം ദ്രവിക്കുവാനുള്ളതാണ് എന്ന തത്വം നിമിത്തവുമാകാം അങ്ങനെ സംഭവിക്കുന്നത്. പൗലൊസ് ഇവിടെ ചിന്തിക്കുന്നത് പാപത്തിന്റെ നാശകരമായ ശക്തിയല്ല, എൻഏഎസ്ബിയിലേയും എൻഐവിയിലേയും തർജിമയാണ് നല്ലത്. തന്റെ സൃഷ്ടിക്ക് ഭൂമിയിൽ വസിക്കുന്നതിന് നൽകിയതാണ് "വിതെക്കപ്പെടുന്നത്."

**വാക്യം 43**. ഭൗമിക ശരീരവും ഉയിർക്കുവാനുള്ള ശരീരവും തമ്മിലുള്ള വ്യത്യാസം പൗലൊസ് ഇവിടെയും തുടരുകയാണ്. വർത്തമാന കാലത്തെ ശരീരങ്ങൾ, **അപമാനത്തിലും, ബലഹീനതയിലും** വിതെക്കപ്പെടുന്നു. പുനരുത്ഥാനത്തിൽ, ശരീരങ്ങൾ മാറ്റി **ശക്തിയും മഹത്വവും** നൽകുന്നു. നിഗളഭാവമുള്ള ശരീരങ്ങളെ ഒരു വിധത്തിൽ താഴ്ത്തുകയാണ്. അഹംഭാവമുള്ള ശരീരത്തെ ദൈവം പ്രായം വർദ്ധിപ്പിച്ച് ദുർബ്ബലമാക്കുന്നു, അപ്പോൾ ഭയവും തെറ്റിദ്ധാരണയും കടന്നുവരും.

*കല്ലറയിൽ അടക്കം ചെയ്ത മാംസ-രക്തത്തോടു-കൂടിയ ശരീരമാണ് തിരിച്ചുവരിക എന്ന അപരിഷ്കൃതമായ വാദമല്ല അപ്പൊസ്തലൻ നടത്തുന്നത്.* കടലിൽ വീണ മനുഷ്യനെ മൽസ്യം വിഴുങ്ങുകയും, ആ മൽസ്യത്തെ മറ്റു മനുഷ്യർ ഭക്ഷിക്കുകയും ചെയ്താൽ ആ ശരീരം എങ്ങനെ ഉയിർക്കുമെന്ന് സംശയാലുക്കൾ ചോദിക്കും. ആത്മാക്കൾ ജഡത്തിൽ കുടുക്കിയിരിക്കുകയാണെന്ന ഗ്രീക്ക് തത്വചിന്തകരെ പോലെ ഇവരും തെറ്റിപ്പോയിരിക്കുകയാണ്. പുരാതന തത്വചിന്തകർക്കോ ആധുനിക തത്വചിന്തകർക്കോ വ്യക്തതയില്ലാത്തതാണ് ദൈവത്തിന്റെ ഉയിർപ്പ് ശരീരം എന്ന ആശയം. ഭൗമിക വിഭവങ്ങളിൽ ഒതുങ്ങുന്നവനല്ല ദൈവം. ശാസ്ത്രജ്ഞന്മാരുടെ പഠനം പോലെ, മരിച്ചവർക്കുള്ള പുനരുത്ഥാനത്തിന് പരമാണുക്കളും തന്മാത്രകളും ആവശ്യമില്ല.

**വാക്യം 44**. മിക്കവാറും കാര്യങ്ങളിൽ തർജിമക്കാർ ഒരു ഭാഷയിൽ നിന്നു മറ്റൊരു ഭാഷയിലേക്ക് മാറ്റിയപ്പോഴും, തെറ്റിദ്ധാരണ കുറച്ചുകൊണ്ടുവരുവാനാണ് ശ്രമിച്ചിട്ടുള്ളത്; എന്നാൽ പ്രാകൃത ശരീരം എന്ന പ്രയോഗം (σῶμα ψυχικόν, *സോമാ സൂക്കിക്കോൺ*) പ്രയാസമുള്ളതു തന്നെയാണ്. മാനുഷിക പരിമിതികളടങ്ങുന്ന **മനുഷ്യഗുണങ്ങളോടുകൂടിയ** അഡ്ജക്ടീവ് ആണ് പൗലൊസ് ഉപയോഗിച്ചത് ψυχικός (*സൂക്കുക്കൊസ്*) എന്നാൽ ആ യോഗ്യതകൾ "ശാരീരികം," "ജഡികം" എന്നീ വാക്കുകളിൽ കെട്ടിമറിഞ്ഞ് കിടക്കുകയാണ്. അവ രണ്ടും കൃത്യമായി മനസിലാക്കുക എളുപ്പമല്ല. റിച്ചാർഡ് ഈ. ഓസ്റ്റ് ജൂനിയർ ഇങ്ങനെ വാദിച്ചു.

> മുകളിൽ പറഞ്ഞ ആശയങ്ങളുടെ എല്ലാം സംക്ഷിപ്തമായി പറഞ്ഞ വാക്കാണ് "പ്രാകൃത" മെന്നത് (15:42–43) ഉദാഹരണമായി, ദ്രവത്വം, അപമാനം, ബലഹീനത, എന്നാൽ "ആത്മികം" എന്നത് അദ്രവത്വം, തേജസ്, ശക്തി എന്നീ വാക്കകളുമായാണ് ചേർത്തിരിക്കുന്നത്.[32]

ഭൗമിക ശരീരത്തിലെ ബലഹീനതയുള്ളതല്ല ഉയിർത്തെഴുന്നേറ്റ ശരീരം. വരുവാനുള്ള ലോകത്തിൽ ലഭിക്കുന്ന ശരീരം **ആത്മികം** ആണ്. അത് അപ്രസക്തമെന്ന് പൗലൊസ് പറഞ്ഞില്ല. ഭൗതികാവശ്യങ്ങൾ നിറവേറ്റുന്ന രീതിയി

ലുള്ളതാണ് ഭൗമിക ശരീരം. അതുപോലെ ആത്മികാവശ്യങ്ങൾ. നിറവേറ്റുന്ന വിധത്തിലുള്ളതാണ് ആത്മിക ശരീരം; എന്നാൽ അപ്പൊസ്തലൻ തറപ്പിച്ചു പറയുന്നത്, ഭൗമിക ശരീരം ഉണ്ടെങ്കിൽ ആത്മിക ശരീരവും ഉണ്ട്.

ഏതെങ്കിലും വിധത്തിലുള്ള ശരീരം കൂടാതെ ഒന്നിനും നിലനിൽക്കുവാൻ സാധ്യമല്ല. ശരീരം വിട്ട ആത്മാക്കൾക്ക് സ്ഥലപരിമിതികൾ പ്രശ്നമല്ല. സ്ഥല പരിമിതികളില്ലാതെയുള്ള നിലനിൽപ്പ് നിങ്ങൾക്ക് ഊഹിക്കാമോ? ഭൗതിക ശരീരത്തിൽ നിന്നും ആത്മാവ് വേർപിരിയുമ്പോൾ, സ്വതന്ത്രമാവുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്യുമെന്ന തത്വചിന്തകന്മാരുടെ ആശയത്തെ അഗസ്റ്റിൻ നേരിട്ടു അതിലെ വൈപരീത്യത്തെ എടുത്തു കാണിച്ചു. അഗസ്റ്റിൻ എഴുതി, "... അനുഗ്രഹം പ്രാപിക്കുവാനായി, ദൈവം സൃഷ്ടിച്ച ശരീരം വിട്ടുകളയണമെന്നില്ല, കാരണം ശരീരത്തിലെ കഷ്ടതയും, വേദനയും, മരണവുമെല്ലാം മനുഷ്യന്റെ കണ്ടുപിടിത്ത ഫലമായി ഉണ്ടായതാണ്. അത് തുടരുകയുമാണ്ട."[33]

**വാക്യം 45**. ആരംഭത്തിൽ, ദൈവം മനുഷ്യരെ തന്റെ സ്വരൂപത്തിലും, സാദൃശത്തിലും സൃഷ്ടിച്ചപ്പോൾ, ശരീരം ഭൂമിയിലെ ജീവിതത്തിന് യോജിച്ച നലിലയിലായിരുന്നു. മണ്ണിലെ പൊടിയിൽ നിന്നു ദൈവം മനുഷ്യനെ ഉണ്ടാക്കി ജീവശ്വാസം ഊതിയപ്പോൾ, അവൻ "ജീവനുള്ള ദേഹിയായി തീർന്നു" (ഉല്. 2:7). ആ വേദഭാഗം സമാന്തരപ്രയോഗമായി പൗലൊസ് ഇങ്ങനെ രേഖപ്പെടുത്തി, "**ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായി തീർന്നു.**" ദൈഹവും ദേഹിയും യോജിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ആദാം. തടുയപമ, ഇലകളും, തടിയും, പുഷ്പങ്ങളുമില്ലാത്ത ഒരു വൃക്ഷം പോലെ ആയിരിക്കും ആത്മാവ് ഇല്ലാത്ത ഒരു ശരീരം. ആദാമും അവന്റെ സന്തതികളും ജീവിച്ചത്, ദേഹവും-ദേഹിയുമായിട്ടാണ്.

പൗലൊസ് 15:44 ൽ പൗലൊസ്, "പ്രാകൃതശരീരവും," (σῶμα ψυχικόν, *സോമാ സൂക്കിക്കോൺ*), "ആത്മിക ശരീരവും" (σῶμα πνευματικόν, *സോമാ ന്യൂമാറ്റിക്കോൺ*) വേർതിരിച്ചു മനസിലാക്കിയതിനാൽ, നപുംസക ഏക വചന അഡ്ജക്ടിവ് ആണ് ഉപയോഗിച്ചിരിക്കുന്നത്; എന്നാൽ 15:45 ൽ ഒന്നാമത്തെയും, ഒടുക്കത്തെയും **ആദാമിനെ** പരിഗണിക്കുവാനാണ് പറഞ്ഞിരിക്കുന്നത്. രണ്ട് വ്യക്തികളും അവർ തിരഞ്ഞെടുത്ത പ്രവൃത്തിയുടെ ഫലങ്ങളാണ് മനനുഷ്യകുടുംബം അനുഭവിക്കുന്നത്. "... ഒന്നാം ആദാം ജീവനമുള്ള ദേഹിയായി തീർന്നു." (ψυχὴν ζῶσαν, *സൂക്കെൻ സോസെൻ*) കാരണം അതായിരുന്നു ദൈവം നിശ്ചയിച്ചത്. പാപം വരുന്നതിന് മുൻപ് ആദാമിൽ ബലഹീനതയോ അപമാനമോ ഇല്ലായിരുന്നു (15:43). ഭൂമിയിൽ ജീവിച്ച ആദാമിന് പാപം എന്നാൽ മരണം ആയിരുന്നു (15:21, 22). "ഒടുക്കത്തെ ആദാം" **ജീവി-പ്പിക്കുന്ന ആത്മാവായി** (πνεῦμα ζῳοποιοῦν, *ന്യൂമാ സൂപോയിയൺ*), മനുഷ്യകുടുംബത്തെ വീണ്ടെടുത്തു. എൻഎഎസ്ബി തർജിമക്കാർ "ജീവിപ്പിക്കുന്ന ആത്മാവ്" എന്നത് വലിയ അക്ഷരത്തിലാണ് കൊടുത്തിരിക്കുന്നത്. ഒന്നാമത്തെ ആദാമിനെ ഭൂമിയിൽ ജീവിക്കുവാനായിരുന്നു നിർമ്മിച്ചത്. "ഒടുക്കത്തെ ആദാം" നിത്യജീവനായി ആത്മിക കുടുംബത്തെ വിലെക്കു വാങ്ങി.

**വാക്യം 46**. പ്രാകൃത ശരീരം **ആത്മിക**ശരീരമായി മാറുന്ന പ്രക്രിയയെയാണ് അപ്പപൊസ്തലൻ ഇവിടെ കാര്യകാരണസഹിതം തെളിവുകൾ നിരത്തുന്നത്. ഗാർലന്റ് ഈ വിധത്തിലാണ് അതിനെ കണ്ടത്:

> കൊരിന്ത്യരുടെ സ്വയ-കേന്ദ്രീകൃത ആത്മിക ജീവിതവുമായി പൗലൊ

> സിന്റെ വാദത്തിനു ബന്ധമില്ലായിരുന്നുവെങ്കിലും, ദൈവത്തെ അനുസരിച്ച ക്രിസ്ത്യാനികളുടെ ഭൗമിക ശരീരത്തെ മാറ്റി സ്വർഗീയ ശരീരമാക്കും എന്നതായിരുന്നു പൗലൊസിന്റെ വാദം.[34]

ഒരു വ്യക്തിയുടെ മരണത്തിനും, കർത്താവിന്റെ മടങ്ങി വരവിൽ, ലോകാവസാനം സംഭവിക്കുന്നതിനും ഇടക്ക് അവൻ അല്ലെങ്കിൽ അവൾ സുമബോധമായിരിക്കുമോ എന്ന കാര്യമല്ല അപ്പൊസ്തലൻ പറയുന്നത്. ചുരുങ്ങിയത് 1 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിലെങ്ങും അത് പറഞ്ഞിട്ടുമില്ല. മരണ-ശേഷമുള്ള ജീവിതവും, പൗലൊസ് പറയുന്ന ഉയർപ്പിനു-ശേഷമുള്ള ജീവിതവും തമ്മിൽ ഓസ്റ്റർ വേർതിരിച്ചു കാണുന്നു.

> വിശ്വാസിയുടെ വ്യക്തിപരമായ മരണത്തെ തുടർന്ന് സംഭവിക്കുന്ന അവസ്ഥയെ സൂചിപ്പിക്കുന്നതല്ല ... ആത്മിക ജീവിതം. മറിച്ച് കർത്താവിന്റെ മടങ്ങി വരവിൽ ശരീരത്തിനു സംഭവിക്കുന്ന മാറ്റത്തെയാണ് അപ്പൊസ്തലൻ വിവരിക്കുന്നത്.[35]

**വാക്യം 47.** ഒന്നാമത്തെ ആദാമിനും ഒടുക്കത്തെ മനുഷ്യനും ഇടക്കുള്ള തുടർച്ചയെയാണ് പൗലൊസ് ഇവിടെ എടുത്ത് കാണിക്കുന്നത്. പാപത്താൽ ശുഷ്ക്കിച്ചു പോകുന്ന ശരീരം ബലഹീനവും അപമാനവും ഉള്ളതായി തീരുന്നു. എന്നാൽ ക്രിസ്തുവിനോടുള്ള അനുസരണം നിമിത്തം അവൻ ആ ശരീരത്തെ മഹത്വവും ശക്തിയുമുള്ളതാക്കി മാറ്റും. ഈ ലോക ജീവിതത്തിന് ആത്മാവും ശരീരവും ഉള്ളതുപോലെ, സ്വർഗീയ ജീവിതത്തിനും ആത്മാവും സ്വർഗീയ ശരീരവും ഉണ്ടായിരിക്കും.

ഉയിർത്തെഴുന്നേൽപിനെ തള്ളിക്കളയുന്നവർക്ക് പറ്റിയ കുഴപ്പം, അവർ രണ്ടു പ്രതലത്തെയും ഒരേ വിധത്തിൽ കണ്ടു എന്നതാണ്. ആദാമിൽനിന്നും ഉത്ഭവിച്ചതായ ഭൗതിക ശരീരം ആത്മിക ശരീരത്തിൽനിന്നു വ്യത്യസ്തമാണ്, അത് യേശുവിന്റെ ശരീരത്തോട് ഏകീഭവിക്കുന്നതാണ് എന്ന് പൗലൊസ് ഉറപ്പിച്ചു പറഞ്ഞു. "ആദാം" എന്ന പേരിന്റെ അർത്ഥം തന്നെ "നിലം" എന്നാണ്. നിലത്തിൽ നിന്ന് **ഒന്നാം മനുഷ്യനായ** ആദാമിനെ എടുത്തിരിക്കയാൽ (ἐκ γῆς χοϊκός, *ഏക് ജെസ് കോയികാസ്*, "മണ്ണിലെ പൊടിയിൽ നിന്ന്") രണ്ടാമത്തെ മ**നുഷ്യനിൽനിന്ന്** സ്വർഗിയ ശരീരം ലഭിക്കുന്നു (ἐξ οὐρανοῦ, *എക്സ് ഔരാണൗ*). യേശുവിന്റെ അവതാര ശരീരവുമായി ബന്ധമില്ലാത്തതാണ് പൗലൊസിന്റെ പോയിന്റ്. റഡർബോസ് അതിനെ നന്നായി അവതരിപ്പിച്ചിരിക്കുന്നു:

> അവ (ആ വാക്കുകൾ *എക്സ് ഔരാണോയ്*), അവന്റെ മനുഷ്യാ-വതാരത്തിന് മുമ്പുള്ള അവസ്ഥയെയല്ല ആത്മിക ശരീരം ഉദ്ദേശിച്ചിരിക്കുന്നത്, പിന്നെയോ അവന്റെ പുനരുത്ഥാന-ശേഷമുള്ള സ്വർഗിയമായ ശരീരത്തെയാണ്.[36]

രണ്ടാം മനുഷ്യൻ, അതായത്, ഉയിർത്തെഴുന്നേറ്റ യേശു **സ്വർഗത്തിൽനിന്നുള്ളവൻ,** അല്ലെങ്കിൽ "സ്വർഗീയൻ" (എൻഐവി). മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റതിനാൽ, അവൻ "സ്വർഗീയൻ" ആകുന്നു. ക്രിസ്തുവിൽ തുടങ്ങിയ ഉയിർപ്പ്, അവനിൽ വിശ്വസ്തമായി ജീവിച്ച് മരിച്ച വിശുദ്ധന്മാർക്കും

ആ ഉയർപ്പിൽ പങ്കു ചേരുവാൻ സാധിക്കും. ഇപ്പോഴത്തേക്ക്, യേശു തന്റെ മനുഷ്യത്വം ദൈവസന്നിധിയിൽ മുദ്ര വെച്ചിരിക്കുന്നു (ഫിലി. 3:20, 21 നോക്കുക). ഉയിർപ്പിനു മുമ്പുള്ള യേശുവിന്റെ ശരീരത്തെ കുറിച്ച് പൗലൊസ് ഇവിടെ ഒന്നും പറയുന്നില്ല. ചില ജ്ഞാനവാദികളായ ഉപദേഷ്ടാക്കന്മാർ പറയുന്നതുപോലെ, യേശു ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ സ്വർഗീയ മനുഷ്യൻ ആയിരുന്നില്ല. അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ ആദാമിന്റെ സന്തതികളെയെല്ലാം പോലെ ആയിരുന്നു യേശുവും.

**വാക്യം 48**. രണ്ട് വിധത്തിലുള്ള മനുഷ്യരുടെ നിലനിൽപ്പിനെയാണ് പൗലൊസ് നമുക്ക് കാണിച്ചു തരുന്നത്. ഒന്ന് ഭൂമിയിലെ **മണ്ണുകൊണ്ടുള്ള** ഒന്നാണ് ആദ്യത്തേത് (ὁ χοϊκός, *ഹോ കോയികോസ്*). **സ്വർഗീയമായ** സൃഷ്ടിച്ച ഒന്നാണ് രണ്ടാമത്തേത് (ὁ ἐπουράνιος, *ഹോ എപൗരോമോണിയസ്*). ഭൗതിക മരണത്തിനും ലോകാവസാന കർത്താവിന്റെ പ്രത്യക്ഷതക്കും "ഇടക്കുള്ള" അവസ്ഥയെയാണ് അപ്പൊസ്തലൻ പറയുന്നത്. പൗലൊസും മറ്റുള്ളവരും പുതിയ നിയമത്തിൽ പറയുന്ന പ്രസ്താവനകൾ പരിഗണിക്കുവാൻ കഴിയുന്നതാണ് (2 കൊ. 5:1–10; ഫിലി. 1:23; 3:20, 21; 1 തെസ്സ. 4:13–17); എന്നാൽ എല്ലാം പരിശോധിക്കുമ്പോൾ, ഇടക്കുള്ള നിലനിൽപിനെ സംബന്ധിച്ച് അസംഖ്യം ചോദ്യങ്ങൾ ഉയർന്നേക്കാം. മരിച്ചുപോയവരെല്ലാം ക്രിസ്തുവിന്റെ വരവ് വരെ നഗ്നരായിരിക്കുമോ (2 കൊ. 5:2, 3)? ഈ വേദഭാഗത്തിന്റെ ഒരു വ്യാഖ്യാനം അതാണ്. ചോദ്യങ്ങൾ അവസാനിക്കാത്തതും, ഉത്തരങ്ങൾ ഊഹവുമായിരിക്കും. ഉത്തരങ്ങൾ എഴുതിയപ്പോൾ, ജോൺ മെക്റേ പറഞ്ഞതു ശരിയാണ്, "... വിശ്വാസത്തിനും, സന്തോഷത്തിനും, പ്രതീക്ഷയോടെ ജീവിക്കുന്നതിനും, അവസാനം ശാരീരിക ഉയിർപ്പിന് വേണ്ടി കാത്തിരിക്കുവാനും, ക്രിസ്തുവിനോടു ചേരുവാനും ഈ ഉത്തരങ്ങളൊന്നും ആവശ്യമില്ല."[37]

**വാക്യം 49**. വർത്തമാന കാലത്തിൽ നാം ജനിച്ച് വളർന്ന് ജീവിക്കുന്ന ഒന്നാണ് **ഭൗമിക രൂപം**. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ശരീരത്തോട് സാമ്യമുള്ള ഒന്നാണ് **സ്വർഗിയ രൂപം** (ഫിലി. 3:20, 21). ഈ ലോകത്തിൽ ദൈവഭക്തിയോടെയുള്ള ജീവിതം പൗലൊസിന്റെ ലേഖനങ്ങളിൽ കാണാതിരിക്കുകയില്ല. ഭാവികാല സൂചനക്ക് പകരം φορέσομεν (ഫോർസോമെൻ "ഞങ്ങൾ സഹിക്കും") ഒരു പുരാതന ഉപയോഗമാണ് പ്രബോധനത്തിലുള്ളത് φορέσωμεν (ഫോർസോമെൻ, "നമുക്ക് സഹിക്കാം"). മുമ്പിലത്തെ വായന സന്ദർഭവുമായി യോജിക്കുന്നതാണ്, എന്നാൽ വേദഭാഗ തെളിവ് രണ്ടാമത്തെ വായനക്കാണ്. രണ്ടാമത്തെ വായന സ്വീകരിക്കുകയാണെങ്കിൽ, സ്വർഗസ്ഥനായ ക്രിസ്തു ഈ ലോകത്തിൽ ജീവിക്കുന്നവരോട് നിത്യജീവനായി ഒരുങ്ങുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

### പുനരുത്ഥാന ശുശ്രൂഷ (15:50-57)

**[50]സഹോദരന്മാരേ, മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല. ദ്രവത്വം അദ്രവത്വത്തേ അവകാശമാക്കുകയുമില്ല എന്നു ഞാൻ പറയുന്നു. [51]ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം. [52]നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളത്തിങ്കൽ പെട്ടെന്ന് കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും, കാഹളം ധ്വനി**

**ക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. [53]ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കേണം. [54]ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്ന് എഴുതിയ വചനം നിവൃത്തിയാകും. [55]ഹേ മരണമേ, നിന്റെ ജയംഎവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ? [56]മരണത്തിന്റെ വിഷമുള്ള് പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. [57]നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നല്കുന്ന ദൈവത്തിന് സ്തോത്രം.**

പൗലൊസ് മരിച്ചവരുടെ "ഇടക്കുള്ള സ്ഥാനത്തെ" കുറിച്ച് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. കർത്താവിന്റെ വെളിപ്പാട് ആശ്രയിച്ചാണ് അപ്പൊസ്തലൻ പറയുന്നത്. ഈ കാര്യത്തിൽ, അവന് സ്പഷ്ടമായും കുറച്ചു മാത്രമാണ് ലഭിച്ചിരിക്കുന്നത്. രണ്ടാമത് കർത്താവിന്റെ വരവ് ഉടൻ സംഭവിക്കുമെന്ന് അപ്പൊസ്തലൻ കരുതി. ആ കാലം അവസാനിക്കുന്നതിനും, തന്റെ തലമുറയിൽ ജീവിച്ച് ഭൗതികമായി മരിച്ചവരുടെ കാലയളവും തമ്മിൽ നിദൂരമായ ഒരു കാലയളവ് ആയിരുന്നില്ല അപ്പൊസ്തലന്റെ മനസിൽ.

1 കൊരിന്ത്യർ എഴുതുന്നതിന് ഏകദേശം നാല് വർഷം മുൻപ് ആയിരിക്കാം 1 തെസലൊനിക്യ ലേഖനം എഴുതിയത്. അവൻ തെസലൊനിക്യർക്ക് ലേഖനം എഴുതിയപ്പോൾ ജീവനോടെയിരിക്കുന്നവരുടെ കാലയളവിൽ കർത്താവ് മടങ്ങി വരുമെന്ന് പൗലൊസ് പ്രതീക്ഷിച്ചിരിക്കാം. അവൻ എഴുതി, "... കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനോടെയിരിക്കുന്ന നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല" (1 തെസ്സ. 4:15). കൊരിന്ത്യ ലേഖനം എഴുതുമ്പോഴേക്ക് കൂടുതൽ വെളിപ്പാട് ലഭിച്ച് ആ സംഭവം നടക്കുമ്പോൾ താൻ ജീവനോടെയിരിക്കയില്ല എന്നു പറയുന്നു. "നാം എല്ലാവരും നിദ്രകൊള്ളുകയില്ല," അവൻ എഴുതി. "... എന്നാൽ നാം എല്ലാവരും രൂപാന്തരപ്പെടും" (15:51).

പുതിയ നിയമ ക്രിസ്ത്യാനികൾ മുൻപോട്ട് നോക്കി ക്രിസ്തുവിന്റെ മടങ്ങി വരവിനായി കാത്തിരുന്നു. യാക്കൊബ് എഴുതി, "... എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടിരിപ്പിൻ (യാക്കൊ 5:8). 'സമീപിച്ചിരിക്കയാൽ'; കെജെവി" തന്റെ ആദ്യ ലേഖനത്തിൽ പത്രൊസ് പറഞ്ഞു, "എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കുന്നു" (1 പത്രൊ. 4:7). കർത്താവ് വെറുതെയല്ല മടങ്ങി വരുന്നത്; ക്രിസ്ത്യാനികൾ ഓരോ ദിവസവും അവന്റെ വരവിനായി കാത്തിരിക്കണം. കാരണം പ്രസിദ്ധമായ ക്രിസ്തീയ ഗാനത്തിൽ നാം പാടുന്നത്, "അവൻ വേഗം വരും" എന്നാണ്.[38] അവൻ വരികയും, നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും എന്നതാണ് സഭയുടെ ഉപദേശം.

**വാക്യം 50.** തന്റെ വാദങ്ങളെയെല്ലാം പൗലൊസ് ചുരുക്കുവാൻ തയ്യാറായി. മനുഷ്യ-നിലനില്പിനെ പരിമിതപ്പെടുത്തുന്ന ഇപ്പോഴത്തെ ശരീരം പോലെ ആയിരിക്കയില്ല ഉയിർപ്പ് ശരീരം എന്നാണ് പൗലൊസ് വ്യക്തമാക്കിയത്. ഇപ്പോഴത്തെ ശരീരം ദ്രവത്വമുള്ളതാണ്; ഉയിർപ്പ് ശരീരം അദ്രവത്വമുള്ളതായിരിക്കും. **ദ്രവത്വമുള്ള** ശരീരത്തിന്, അനശ്വരമായ **ദൈവരാജ്യം അവകാശമാക്കുവാൻ** സാധ്യമല്ല. ഭൗതിക ശരീരത്തിന് നിഷേധ സൂചനകളില്ല എന്നതായിരുന്നു പൊതുവേ ഗ്രീക്കുകാരുടെ ചിന്ത.

"ശരീരം" എന്ന വാക്ക് മാംസം എന്നതിൽനിന്നു വ്യത്യസ്തമായി ഉപയോ

ഗിച്ചിരിക്കുന്നതിനാൽ മനുഷ്യന് രണ്ട് രീതിയിലുള്ള നിലനിൽപ് ഉണ് എന്നു വ്യക്തമാക്കുന്നു. സന്ദർഭത്തിൽ വിവരിക്കുന്നത് ഈ ലോക ജീവിതമാണ് പരിഗണിക്കുവാനുള്ളത്. ആ വാക്ക് ചിലപ്പോൾ തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ അപ്പൊസ്തലൻ ഉപയോഗിച്ചിരിക്കുന്നു (ഉദാഹരണമായി, റോമർ 2:28 ൽ "മാംസം" "ശരീരത്തിന്" തുല്യമായി പറഞ്ഞിരിക്കുന്നു). മറ്റു വേദഭാഗ ങ്ങളിൽ, മനുഷ്യനെ രണ്ട് വ്യത്യസ്ത വീക്ഷണങ്ങളിൽ പറഞ്ഞിരിക്കുന്നു.മനു ഷ്യന്റെ ബലഹീനതയും മൃദുത്വവും കാണിക്കുന്നതിന് പൗലൊസ് "ജഡം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ശരീരമില്ലാതെ ഉയിർപ്പ് ചിന്തിക്കുവാൻ അപ്പൊസ്തലന് കഴിയുകയില്ല. അപ്പൊ1സ്തലൻ ഒരിക്കലും ജഡത്തിന്റെ ഉയിർപ്പിനെ കുറിച്ചു പറയുന്നില്ല.

ജെയിംസ് ഡി. ജി. ഡൺ ഇങ്ങനെ പറഞ്ഞു:

> നമ്മുടെ മാംസം എന്നു പറയുന്നത് ദൗരർബ്ബല്യവും ബലഹീനവും, അതേ സമയത് മനുഷ്യരാകയാൽ മരണവും നേരിടും; നമ്മുടെ വിശപ്പും, ആഗ്രഹവും ശമിപ്പിക്കുവാൻ നാം ശ്രമിക്കും, നമ്മുടെ വിശപ്പും, ആഗ്ര ഹവും നിമിത്തം നാം കൗശല സ്വാധീനത്തിന് വഴങ്ങുകയും ചെയ്യും.[39]

"മാംസം" എന്നു പറയുന്നതിനേക്കാൾ "ശരീരം" എന്നു പറയുമ്പോൾ, മന ുഷ്യ നിലനിൽപ് പരിഗണിക്കതക്കതാണ്, പൗലൊസും പഴയ നിയമവും വ്യക്തമാക്കുന്നത്, ശരീരം എന്ന ആശയത്തിൽ, ജീവിക്കുന്ന ആത്മാവ് അന്തർലീനമാണ്.

യോയോക്കിം ജെരെമ്യാസ്, അദ്ധ്യായം 15 ന്റെ അവസാനം പൗലൊസ് പറയുന്നതിനെകർത്താവ് മടങ്ങി വരുന്നത് ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടിയാണെന്ന് വീക്ഷിച്ചിരിക്കുന്നു.[40] ജെരമ്യാസ് പറഞ്ഞതനുസരിച്ച് അപ്പൊസ്തലൻ ഉദ്ദേശിച്ചത്, "മാംസ-രക്തം" എന്നു പറഞ്ഞിരിക്കുന്നത് ജീവിച്ചിരിക്കുന്നവരും, അത് φθορά *ഫ്തോറാ*; "നശ്വരമെന്നും," അല്ലെങ്കിൽ "ദ്രവത്വമുള്ളത്" (കെജെവി), 15:53 ൽ വീണ്ടും "ദ്രവത്വം എന്ന വാക്ക് ഉപ യോഗിച്ചിരിക്കുന്നു, അത് മരിച്ചവരെ കുറിച്ചും "മർത്യര്" എന്നു പറയുന്നത് ജീവിച്ചിരിക്കുന്നവരെ കുറിച്ചുമാണ്. കർത്താവ് മടങ്ങി വരുമ്പോൾ, ജീവി ച്ചിരിക്കുന്നവരും, മരിച്ചവരും പുനരുത്ഥാനത്തിൽ പങ്ക് ചേരുന്നത് എങ്ങനെ എന്നു പൗലൊസ് വിശദമാക്കുന്നു. കർത്താവിന്റെ മടങ്ങി വരവിന് മുൻപ് മരിക്കുന്നവരെ കുറിച്ച് കൊരിന്ത്യർ ആകുലപ്പെട്ടിരുന്നോ എന്ന കാര്യം സംശ യമാണ്. തെസലൊനിക്യയിലെ ചോദ്യങ്ങൾ കൊരിന്ത്യയിലേക്ക് കൊണ്ടു വരേണ്ട കാര്യമില്ല (1 തെസ്സ. 4:13 നോക്കുക).[41]

**വാക്യം 51.** ഉയിർത്തെഴുന്നേൽപ് ശരീരത്തിന്റെ സ്വഭാവവും, ദ്രവത്വ ത്തിൽനിന്നും അദ്രവത്വത്തിലേക്ക് ദൈവജനം മാറുന്നതും മുഴുവനായി മനസി ലാക്കുവാൻ മർത്യന് സാധ്യമല്ല; അത് ഒരു **മർമ്മം** ആണ്. മൂടുപടത്തിന്റെ ഒരു ഭാഗം തുറക്കുന്നതായിരുന്നു അപ്പൊസ്തലന് കർത്താവ് നൽകിയ വെളിപ്പാട്. കർത്താവ് മടങ്ങി വരുമ്പോൾ ചില വിശ്വാസികൾ ജീവിച്ചിരിക്കും. എല്ലാവരും മരിക്കയില്ല; കർത്താവ് വരുമ്പോൾ ജീവനോടെയിരിക്കുന്നവർക്കും മരിച്ച വർക്കും മാറ്റമുണ്ടാകും. ദ്രവത്വമുള്ള മാംസ-രക്ത ശരീരങ്ങൾ കർത്താവ് വരുമ്പോൾ, ഉയിർത്തെഴുന്നേറ്റ ശരീരമായി മാറും. ഭൗതിക ശരീരം തിന്മയും തെറ്റുമാകയാൽ, ശാരീരിക ഉയർപ്പിനെ ഗ്രീക്ക് ചിന്തകർ തള്ളിക്കളയുന്നു.

ഭൗതിക പ്രപഞ്ചം നല്ലത് എന്നു ദൈവം ആരംഭത്തിൽ പറഞ്ഞിരുന്നു. **നാം എല്ലാവരും രൂപാന്തരപ്പെടും** എന്നതിൽ, വരുവാനുള്ള ലോകത്തിൽ ഭൗതികമല്ലാതാകും എന്നതു മാത്രമല്ല അടങ്ങിയിരിക്കുന്നത്.

**വാക്യം 52**. അവസാനം, സമയം തീർന്നുപോകും. ദീർഘ-കാലത്തെ മുന്നറിയിപ്പിന്റേയും മുൻനിഴലിന്റേയും ശേഷമായിരുന്നു കർത്താവ് ആദ്യം പ്രത്യക്ഷനായത് രണ്ടാമത്തെ വരവ് വ്യത്യസ്തമായിരിക്കും (എബ്രാ. 9:28). കള്ളൻ വരുന്നതുപോലെ, അപ്രതീക്ഷിതമായിട്ടായിരിക്കും അവന്റെ മടങ്ങിവരവ് (മത്താ. 24:43; ലൂക്കൊ. 12:39; 1 തെസ്സ. 5:2; 2 പത്രൊ. 3:10). അപ്പോൾ മാനസാന്തരപ്പെടുവാനും, ആശ്രയിക്കുവാനും, പ്രത്യാശിക്കുവാനുമുള്ള സമയം അവസാനിക്കും. **കണ്ണിമക്കുന്നതിനിടയിൽ** (ἐν ἀτόμῳ, *എൻ ആറ്റോമോ*), കൺപോളകൾ ചിമ്മുന്നതിനിടയിൽ. ദൈവശക്തിയാൽ മാറ്റങ്ങൾ സംഭവിക്കും. കെട്ടിട വസ്തുക്കൾ ചേർന്നിരിക്കുന്ന "ആറ്റംസ്" എന്ന വാക്ക് ഗ്രീക്കിൽ നിന്ന് ഇംഗ്ളീഷ് സംസാരിക്കുന്നവർ കടമെടുത്തിരിക്കുന്നതാണ്.

വായനക്കാരെ പ്രീതിപ്പെടുത്തുന്ന ഐഹികതയല്ല പൗലൊസ് ഇവിടെ അവതരിപ്പിക്കുന്നത്. അവസാനം അറിയിക്കുന്ന അടയാളമായ കാഹളത്തെ ഒരു രൂപകാലങ്കാരമായിട്ടാണ് പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് (മത്താ. 24:31; 1 തെസ്സ. 4:16 നോക്കുക). അന്ത്യ കാഹള ശബ്ദം കേൾക്കുമ്പോൾ, **മരിച്ചവർ അക്ഷയരായി ഉയിർക്കുകയും,** ജീവിച്ചിരിക്കുന്നവർ രൂപാന്തരപ്പെടുകയും, **എല്ലാവരും മാറ്റപ്പെടുകയും** ചെയ്യും. .ഉയിർപ്പ് ശരീരം, അപൂർണ്ണമായ ജഡത്തെ പിന്നിൽ വിട്ടുകളയും, ഫലമോ അക്ഷയവും സ്വർഗീയവുമായ ശരീരമായിരിക്കും.

പൗലൊസ്, ദുരുപദേഷ്ടാക്കന്മാർക്ക് അവമതിപ്പുണ്ടാകുമെന്ന് മാത്രമല്ല പറയുന്നത്-അവർ പറയുന്നത് ക്രിസ്തു വരുമ്പോൾ ഹർഷോന്മാദവും, ആയിരാ-മാണ്ട് വാഴ്ച്ചയും ഭൂമിയിൽ സംഭവിക്കും എന്നാണ്. ആലങ്കാരികമായ സുവർണ്ണ വീഥികളും ചതുരാകൃതിയിലുള്ള ഒരു മനോഹര നഗരത്തെയും യോഹന്നാന് ദർശിച്ചത് വിവരിക്കുന്നു (വെളി. 21:16-21). ഈ വിശ്വാസയുഗത്തിൽ ദൈവ ജനം "നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനിൽ" ആശ്രയിക്കയാണ് വേണ്ടത് (എഫെ. 3:20). ദൈവം വിശ്വാസികൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന ഉയിർപ്പ് ശരീരത്തോടുകൂടെയുള്ള നിത്യജീവനായിരുന്നു പൗലൊസിന്റെ ചിന്ത. ഈ സന്ദർഭത്തിൽ പൗലൊസ് ക്രിസ്തുവിന് പുറത്തുള്ളവരെ കുറിച്ച് ഒന്നും പറയുന്നില്ല. അവന്റെ ചിന്ത രക്ഷിക്കപ്പെട്ടവരെ കുറിച്ചായിരുന്നു.

**വാക്യം 53**. അപ്പൊസ്തലൻ 15:50 ൽ നിഷേധമായി സൂചിപ്പിച്ചതിനെ ഇപ്പോൾ ക്രിയാത്മകമായി പറയുകയാണ്. ശരീരത്തിന് മാറ്റം ഉണ്ടാകുമ്പോൾ, ഇപ്പോൾ ക്രിസ്ത്യാനികളായിരിക്കുന്നവർ കർത്താവ് വരുമ്പോൾ ആരായി തീരുമെന്നതിലേക്കുള്ള കാത്തിരിപ്പ് തുടരുകയാണ്. കാഹളധ്വനി കേൾക്കുമ്പോൾ, **ഈ ദ്രവത്വമായത് അദ്രവത്വത്തെ ധരിക്കും**. പൗലൊസ് പറഞ്ഞതുപോലെ, ഈ ലോകത്തിലും, വരുവാനുള്ള ലോകത്തിലും നിലനിൽപ്പ് ശരീരവും ആത്മാവും ആയിട്ടായിരിക്കും.

**വാക്യം 54**. "ആത്മാക്കളുടെ ലോകം" എന്ന ആശയമോ, അല്ലെങ്കിൽ ശരീരമില്ലാത്ത ആത്മാക്കളെയോ അല്ല ജാതികളുടെ അപൊസ്തലൻ വിവരിക്കുന്നത്. **മർത്യമായത് അമർത്യത്തെ ധരി**[ക്കേണം] എന്നു പറയുമ്പോൾ,

ശരീരത്തിന്റെ നിലനിൽപ് ചോദ്യം ചെയ്യപ്പെടുന്നില്ല. മറ്റൊരു ഭാഗത്ത്, ക്രിസ്ത്യാനികളാകുന്നവർ ക്രിസ്തുവിനെ ധരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അത് വസ്ത്രം ധരിക്കുന്നതുപോലെ ആണ്. വിഷയം ഉയിർപ്പ് ആകുമ്പോൾ, ധരിക്കൽ നിത്യമായ വാസത്തിനുള്ള ഒരുക്കമായി തീരുന്നു. കർത്താവിന്റെ വരവിൽ ജീവിച്ചിരിക്കുന്നവരുടെ ശരീരം ഉരിഞ്ഞ് മറ്റൊന്ന് സ്വീകരിക്കുന്നത് എങ്ങനെ എന്നോ, മരിച്ചവരുടെ പുനരുത്ഥാനം എങ്ങനെ എന്നുള്ളതോ അല്ല പൗലൊസിനെ മഥിച്ചിരുന്നത്.

കാഹളം ധ്വനിക്കയും, മർത്യർ അമർത്യരാകുകയും ചെയ്യുക എന്നത് ആരംഭം മുതൽ ദൈവം വെളിപ്പെടുത്തിയത് നിറവേറുന്നതാണ്. ഈ പോയിന്റെ ചുരുക്കി പറയുന്നതാണ്, അപ്പൊസ്തലൻ ഉദ്ധരിച്ച യെശയ്യാവ് 25:8. "**മരണം നീങ്ങി ജയം വന്നിരിക്കുന്നു.**" അന്ത്യ കാഹളനാദത്തിങ്കിൽ കർത്താവിന്റെ *പരൗസിയ* സംഭവിക്കുന്നത് യെശയ്യാവ് പറഞ്ഞതനുസരിച്ചാണെന്ന് തന്റെ വായനക്കാർ മനസിലാക്കണമെന്നല്ല പൗലൊസ് ആഗ്രഹിച്ചത്. പ്രവാചകന്മാരുടെ കാലത്ത് അവരുടേതായ അർത്ഥം ആ വാക്കുകൾക്ക് നൽകിയിരുന്നു. എന്നാൽ പൗലൊസ് വിവരിക്കുന്ന വിഷയവുമായുള്ള ബന്ധത്തിലായിരുന്നു ആ വാക്കുകൾ ഉപയോഗിച്ചത്. (15:27 ലെ പരാമർശം നോക്കുക.)

**വാക്യം 55.** പൗലൊസും പുതിയ നിയമ എഴുത്തുകാരും പഴയ നിയമം ഉദ്ധരിച്ചിരിക്കുന്നത്, വേദപുസ്തകം വെളിപ്പെടുത്തി എഴുതുന്നവർക്ക് യഥാർത്ഥ വിവരം ലഭിക്കാതെ കുഴപ്പത്തിലാകും. കാരണം ദൈവം ക്രിസ്തതുവിൽ പ്രവർത്തിക്കുന്നത് ഗ്രഹിക്കുവാൻ അവർക്ക് കഴിയാറില്ല. ഇവിടെ അപ്പൊസ്തലൻ ഉദ്ധരിച്ച ഹൊശേയാവിന്റെ പ്രവചനവും അതുപോലെയുള്ളതാണ്. വാക്കുകൾ അങ്ങനെ തന്നെ ഉദ്ധരിച്ചിരിക്കുന്നതല്ല 1 കൊരിന്ത്യർ 15:55. ഹൊശേയാവിന്റെ പുസ്തകത്തിൽനിന്നുള്ള ഭാഗം എൻഏഎസ്ബി തർജിമ ചെയ്തിരിക്കുന്നത്, 13:14 ആണ്, "മരണമെ നിന്റെ ബാധകൾ എവിടെ? പാതാളമേ നിന്റെ സംഹാരം എവിടെ?" ദൈവത്തിന് എഫ്രയിമിനോടുള്ള ബന്ധമാണ് ഹോശെയാവ് പറയുന്നതെങ്കിൽ, പൗലൊസ്, യേശുക്രിസ്തു മൂലം മരണത്തെ അതിജിവിച്ച് ജയിച്ചവരുടെ നിലവിളിയെയാണ് വ്യക്തമാക്കുന്നത്.

മരണത്തെയും കല്ലറയെയും തോൽപ്പിച്ച് പരിഹസിക്കുന്നതായിട്ടാണ് അപ്പൊസ്തലൻ പറയുന്നത്. മരണത്തോട് അവൻ ചോദിക്കുന്നു, "ഹേ മരണമെ നീ എവിടെ?" "ഇപ്പോൾ ദൈവപുത്രൻ മനുഷ്യരിലേക്ക് ദൈവകൃപ എത്തിച്ചിരിക്കുകയല്ലേ?" യുഗങ്ങളായി ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായിരുന്നു മരണം. പൗലൊസ് ഹോശെയാവിന്റെ വാക്കുകൾ എടുത്തു പറയുന്നു, "ഹേ, മരണേ, നിന്നേയും നിന്റെ മുള്ളിനേയും ജയിച്ചിരിക്കുന്നു, ഇപ്പോൾ ജീവിതം ഞങ്ങളുടേതായി."

മൊത്തത്തിൽ, പൗലൊസ് 1 കൊരിന്ത്യ ലേഖനത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയായിരുന്നു. ആന്തരിക ഭിന്നത, ധാർമ്മിക സ്ഥിരതയില്ലായ്മ, ഉപദേശ സ്ഥിരതയില്ലായ്മ എന്നീ ബാധകൾ ബാധിച്ചിരുന്ന ഒരു സഭയെ നേർപാതയിലേക്കു തിരിച്ചുവരുത്തുവാനാണ് അപ്പൊസ്തലൻ ശ്രമിക്കുന്നത്. തന്റെ എഴുത്തിലെ അധികം ഭാഗങ്ങളിലും, വലിയ ഉപദേശരൂപത്തിലേക്ക് കടക്കാതെ, അതേ സമയം തിരുത്തേണ്ടതു തിരുത്തിയുമാണ് പ്രശ്നങ്ങൾ പരിഹരിക്കുന്നത്. പ്രായോഗികവും, ധാർമ്മികവും, ബൈബിൾ വ്യവസ്ഥയനുസരിച്ചുള്ള ഉപദേശങ്ങളുമെല്ലാം പിന്നീടുള്ള ക്രിസ്ത്യാനികൾക്കായി വെളിപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ ധാർമ്മികതയും ഉപദേശവും വേർപ

ിരിക്കുവാൻ കഴിയാത്തവിധത്തിൽ ചേർന്നിരിക്കുകയാണ്.

**വാക്യം 56**. റോമർ 4–7 വരെ, ന്യായപ്രമാണവും വിശ്വാസത്തിലുള്ള അനുസരണവും വളർത്തി വലുതാക്കി യേശുക്രിസ്തുവിലുള്ള ദൈവകൃപ കാണിച്ചിരിക്കുകയാണ് (റോമ. 1:5; 16:26). പൗലൊസ് കൊരിന്ത്യർക്ക് ലേഖനം എഴുതി ഒരുപക്ഷെ, നാല് വർഷം കഴിഞ്ഞായിരിക്കാം റോമാ സഭക്ക് ലേഖനം എഴുതുന്നത് (പ്രവൃത്തികൾ. 20:2, 3 നോക്കുക). തന്റെ സ്വഭാവ രീതിയനുസരിച്ചായിരുന്നു പൗലൊസ് ഹോശേയാ 13:14 ഉദ്ധരിച്ചത്. **മരണത്തിന്റെ മുള്ള് പാപം ആകുന്നു, പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം ആകുന്നു**. പാപത്തെ കുറിച്ചും ന്യായപ്രമാണത്തെ കുറിച്ചും പൗലൊസിന്റെ ഉപദേശം അവൻ അവരോടുകൂടെ ആയിരുന്നപ്പോൾ, കൊരിന്ത്യയിലുള്ളവർ എല്ലാ ഇഷ്ടത്തോടും സ്വീകരിച്ചിരുന്നു (പ്രവൃ. 18:11), ക്രൂശിലെ മരണത്താൽ യേശു മരണത്തിന്റെ വിഷമുള്ള് തകർത്തു; ദൈവ കൃപയാൽ ന്യായപ്രമാണത്തെയും അതിജീവിച്ചു.

**വാക്യം 57**. കർത്താവ് വരുന്നതിന് മുൻപ് മർമ്മമായിരുന്ന പാപം, മരണം, ന്യായപ്രമാണം എന്നിവ ഇപ്പോൾ ഒന്നുമല്ലാതായി തീർന്നു. ദൈവം ക്രിസ്ത്യാനികൾക്ക് **വിജയം** നൽകി. **യേശുക്രിസ്തു മൂലം** വിശ്വാസത്താലുള്ള വിജയം ആണ് അത് (1 യോഹ 5:4, നോക്കുക). അഗസ്റ്റിൻ തന്റെ പിന്നീടുള്ള ജീവിതത്തിൽ, വിശ്വസ്തരായവർ പരീക്ഷണങ്ങളെ നേരിട്ടതിനെ കുറിച്ച് എഴുതിയിരിക്കുന്നു. അവസാനം അയാൾ 1 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിലെ ഈ ഭാഗം ഉദ്ധരിച്ചു പറഞ്ഞു, "നമ്മുടെ ശക്തിയാൽ വിജയം കൈവരിക്കുവാൻ ശ്രമിക്കും ..., നാം മ്മുടെ ശക്തിയിൽ ആശ്രയിക്കുമ്പോൾ, ദൈവ കൃപയെ കണക്കാക്കുകയില്ല ..."[42] വിശ്വാസത്താലുള്ള അനുസരണം എന്ന ഉത്തരവാദിത്തം നമ്മിൽ നിന്നുണ്ടായില്ലെങ്കിൽ വേദപണ്ഡിതൻ പറയുന്നതുപോലയാണ് പലരും.

ക്രിസ്തു ശാരീരിക ഉയിർപ്പ് പ്രാപിച്ചതിനാലാണ് ക്രിസ്ത്യാനികൾക്ക് പ്രത്യാശ ഭദ്രമാക്കുവാൻ കഴിയുന്നത്, തൽഫലമായി പൊതുവായ പുനരുത്ഥാനവും സാധ്യമാക്കി. യേശുവിന്റെ കല്ലറ ശൂന്യമായില്ലായിരുന്നുവെങ്കിൽ, ക്രൂശിലെ മരണം വ്യർത്ഥമാകുമായിരുന്നു. ശാരീരിക ഉയിർപ്പിന്റെ ആദ്യഫലമായ ക്രിസ്തുവിനോട് ബന്ധപ്പെടുവാനുള്ള അടിസ്ഥാന വിശ്വാസം കൂടാതെ ജീവിക്കുക എന്നത് കൊരിന്ത്യർക്ക് ചിന്തിക്കുവാൻ കഴിയാത്തതായിരുന്നു. ഈ ലോകം അനിശ്ചിതമാണ്, അതിലെ കഷ്ടതയും വേദനയും എല്ലാം നിത്യജീവന്റെ പ്രത്യാശ ഓർക്കുമ്പോൾ നിസാരമാണ്.

### ഒരു ഉപസംഹാരം (15:58)

**58 ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥം അല്ല എന്ന് അറിഞ്ഞിരിക്കയാൽ, കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ.**

**വാക്യം 58**. ജീവിതത്തിലെ സൂചനകൾ നൽകി പൗലൊസ് ഉയിർപ്പ് ശരീരത്തെ കുറിച്ചുള്ള തന്റെ ഉപദേശം ഉപസംഹരിക്കുകയാണ്. ഉയിർപ്പ് ഉറപ്പുള്ളതാകയാൽ തന്റെ വായനക്കാരോട് ക്രിസ്തുവിനോടുള്ള വിശ്വസ്തത

പുതുക്കുവാനാണ് ആവശ്യപ്പെട്ടത്. പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ മടങ്ങിവരവ് ഉപദേശം ക്രിസ്തീയ ജീവിതം തുടരുവാൻ പ്രചോദിപ്പിക്കുന്ന താണ്. അത് ധാർമ്മികതയും ഏറ്റുപറച്ചൽ പ്രായോഗികമാക്കുവാനും സഹാ യകരമാണ്. വിശ്വാസം അനുസരിക്കുന്നവർ, കൃപയാൽ വിശ്വാസം മൂലമാണ് രക്ഷിക്കപ്പെടുന്നത്. നമ്മുടെ പരദേശ വാസത്തിൽ, നാം എപ്പോഴും **കർത്താ വിന്റെ വേലയിൽ വർദ്ധിച്ചു വരണം. കർത്താവിൽ നമ്മുടെ പ്രയത്നം വ്യർത്ഥമല്ല** എന്ന് അറിഞ്ഞിരിക്കയാലാണ് നാം കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരേണ്ടത്. നാം ആത്മിക ശരീരത്തോടുകൂടെ എന്നേക്കും ക്രിസ്തു വുമായി വാഴേണം എന്നുള്ളതിനാൽ, നമ്മുടെ ഇപ്പോഴത്തെ പ്രയത്നം വെറു തെയാവുകയില്ല.

ക്രിസ്തുവിനെ അനുഗമിക്കുന്നവരോട് ഉയർന്ന നിലവാരം പുലർത്തി ക്രിസ്തുവിൽ ഫലം പുറപ്പെടുവിക്കുവാനാണ് അപ്പൊസ്തലൻ ആവശ്യപ്പെ ടുന്നത്. കൃപയാൽ വിശ്വാസം മൂലമുള്ള രക്ഷ, സൽപ്രവൃത്തികളിൽനിന്നു നമുക്ക് മുക്തി തരുന്നില്ല. ദൈവം കരുണയുള്ളവനാകയാൽ, ദൈവരാജ്യ ത്തിലെ വിശ്വസ്ത പ്രയത്നം അനിവാര്യമാണ്, അങ്ങനെ മറ്റുള്ളവരും ദൈവ ത്തിന്റെ കൃപ ആസ്വദിക്കുവാനിടവരും.

## പ്രായോഗികത

### ഏതു വിധം ശരീരം?

നൂറ്റാണ്ടുകളായി, ക്രിസ്ത്യാനികൾക്കുള്ള ഉയിർപ്പ് ശരീരത്തിലുള്ള വിശ്വാസം നിമിത്തം സംശയാലുക്കളാൽ പരിഹസിക്കപ്പെട്ടുകൊണ്ടാണിരിക്കു ന്നത്. സംശയാലുക്കൾ താഴെ കൊടുത്തിരിക്കുന്നതുപോലെയുള്ള രംഗങ്ങൾ ആവിഷ്ക്കരിച്ചിരിക്കുകയാണ്:

> ഒരു മനുഷ്യൻ ഒരു ആപ്പിൾ തിന്നുന്നു. അത് അവന്റെ ശരീരത്തിൽ ദഹിക്കുന്നു. അതിന്റെ പരമാണുക്കളും തന്മാത്രകളും ശരീരസംവി ധാനത്തിൽ അലിഞ്ഞു ചേരുന്നു. പിന്നെ അയാൾ മരിക്കയും ശരീരം അടക്കപ്പെടുകയും ചെയ്യും. ക്രമേണ അതു മറക്കുകയും, വേറൊരാൾ ആ മണ്ണിൽ അപ്പിൾ തൈ നട്ട് അതിന്റെ വേരുകൾ മണ്ണിൽ ആണ്ടിറങ്ങി വൃക്ഷം വലുതായി ആപ്പിൾ കായ്ക്കുന്നു. മരിച്ചയാളുടെ പരമാണുക്കളും തന്മാത്രകളും ആപ്പിളുകളായി തീരുകയും അത് മറ്റു മനുഷ്യരുടെ ആഹാ രമായി തീരുകയും ചെയ്യുന്നു. ആ മൂലകങ്ങൾ വ്യത്യസ്ത മനുഷ്യരിൽ അലിഞ്ഞു ചേരുന്നത് ഒരേ മൂലകങ്ങളാണ്.

ഇത്തരം കഥകൾ അവസാനിക്കാതെ തുടരുന്നു. ഉയർത്തെഴുന്നേൽപിൽ ഒന്നിലധികം ശരീരങ്ങളുടെ പരമാണുക്കളും തന്മാത്രകളും ഒരു ശരീരത്തില് കാണുമോ?

ഗ്രീക്ക് ചിന്തകർ പൗലൊസിനോട് ഉന്നയിച്ച ചോദ്യങ്ങളെ പോലുള്ളവ ആധുനിക സംശയാലുക്കൾ തുടരുകയാണ്. "മരിച്ചവർ എങ്ങനെ ഉയിർക്കും? ഏതു വിധം ശരീരത്തോടെ ആയിരിക്കും വരുന്നത്?" (15:35). പുരാതനവും ആധുവനികവുമായ ലോകത്തിനു മതിയായതാണ് പൗലൊസിന്റെ പ്രതിക രണം. ചോദിക്കപ്പെട്ട ചോദ്യങ്ങൾ പ്രസക്തിയില്ലാത്തവയായിരുന്നു. പുനരു ത്ഥാനത്തിൽ കാര്യങ്ങൾ എങ്ങനെയായിരിക്കുമെന്ന വെല്ലുവിളിയായിരുന്നു

സദൂക്യർ യേശുവിന്റെ മുമ്പിൽ ഉയർത്തിയത്. യേശുവിന്റേയും ഉത്തരം ഈ വിധത്തിലുള്ളതായിരുന്നു. "നിങ്ങൾ തെറ്റിപ്പോയിരിക്കുന്നു," അവൻ പറഞ്ഞു, "ദൈവ ശക്തിയെയും തിരുവെഴുത്തുകളെയും അറിയായ്കകൊണ്ടത്രെ നിങ്ങൾ തെറ്റിപ്പോകുന്നത്" (മത്താ. 22:29).

ദൈവം പല വിധത്തിലുള്ള ശരീരങ്ങളെയാണ് സൃഷ്ടിച്ചത് എന്നു പൗലൊസ് വ്യക്തമാക്കി. വിവിധ തരം തേജസോടുകൂടീയാണ് അവൻ അവയെ സൃഷ്ടിച്ചത് (1 കൊ. 15:35-41). ശാരീരക ഉയർപ്പിന്റെ സ്വഭാവത്തെ കുറിച്ച് അൽപം വിശദീകരണമാണ് പൗലൊസ് നൽകിയത്, പക്ഷെ അവൻ "മാംസ-രക്തങ്ങൾ ദൈവ രാജ്യത്തെ അവകാശമാക്കുകയില്ല" എന്നു സ്പഷ്ടമായി പറഞ്ഞു (15:50). വിശ്വാസികളുടെ ശരീരങ്ങൾ നിത്യജീവന് തികച്ചും യോജിക്കുന്ന വിധത്തിൽ സമന്വയിപ്പിക്കുന്നതായിരിക്കും എന്നുറപ്പാണ്. ഭൗതിക ജീവിതത്തിലെ പരമാണുക്കളും തന്മാത്രകളും പോലെ പരിമിതിയുള്ളവനല്ല ദൈവം. സ്വർഗീയ നിലനിൽപിന് യോഗ്യമായ നിലയിലുള്ള ശാരീരിക ജീവിതമാണ് ദൈവജനം അവകാശമാക്കുവാൻ പോകുന്നത്. ഈ ലോകത്തിൽ നാം സുബോധത്തോടെ ആയിരിക്കുന്നതുപോലെ തന്നെ വരുവാനുള്ള ലോകത്തിലും, ഒരുപക്ഷെ പ്രത്യക്ഷതയിലും അങ്ങനെ ആയിരിക്കാം. വർത്തമാന കാലത്തിലെ മാംസ-രക്തം പോലെ ആയിരിക്കുകയില്ല സ്വർഗീയ ശരീരം.

**മരണശേഷമുള്ള ജീവിതം**

അടക്കമാചാരങ്ങളെ അറിയുവാൻ പുരാതന ആളുകളെ അടക്കിയിരുന്നത് ഭൂഗർഭ ഗവേഷകർ നിരീക്ഷണം നടത്തി. ബി. സി. മൂന്നാം നൂറ്റാണ്ടു വരെ കരിങ്കടലിന് സമീപമായി ജീവിച്ചിരുന്ന പുരാതന സമൂഹമായിരുന്നു സിത്യക്കാർ എന്ന് ഭൂഗർഭഗവേശഷകർ അവരുടെ ഒരു ലേഖനത്തിൽ (സെപ്തംബർ/ഒക്ടോബർ 1997) പ്രസിദ്ധീകരിച്ചിരുന്നു.[43] പ്രധാനപ്പെട്ട ഒരു മൂപ്പന്റെ മൃതശരീരം അടക്കിയിരുന്നത് കുഴിച്ചെടുത്തു പരിശോധിച്ചിരുന്നു. വരുവാനുള്ള ജീവിതത്തിൽ ആവശ്യപ്പെടുന്ന വിശ്വാസത്തിൽ, കല്ലറയിൽ, ആഹാരം, ആയുധങ്ങൾ, ആഭരണങ്ങൾ എന്നിവ വെച്ചിരുന്നു. അദ്ദേഹത്തിന്റെ മുഖ്യ ഉപദേഷ്ടാവിനേയും അരികിൽ തന്നെ അടക്കിയിരുന്നു. അദ്ദേഹത്തിന്റെ കുതിരയെ കൊന്ന് അതേ കല്ലറയിൽ തന്നെ അടക്കിയിരുന്നു.അദ്ദേഹത്തിന്റെ കല്ലറക്കരികിൽ മറ്റൊരു പ്രധാനപ്പെട്ട കല്ലറയും കാണാമായിരുന്നു, അത് ഒരുപക്ഷെ അദ്ദേഹത്തിന്റെ ഭാര്യ ആയിരിക്കാം. അവൾക്കും, പിന്നീടുള്ള ജീവിതത്തിൽ, ആവശ്യമായതെല്ലാം കല്ലറയിൽ വെച്ചിരുന്നു. അവളുടെ ദാസിയായിരുന്ന പെൺകുട്ടിയെയും കൊന്ന് തൊട്ടടുത്ത് തന്നെ അടക്കിയിരുന്നു.

മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നത് സിത്യർ മാത്രമായിരുന്നില്ല. മിസ്രയിമിലെ പിരമിഡുകളും രാജാക്കന്മാരുടെ താഴ്വരകളും മരണാനന്തര ജീവിതത്തെ സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തീയ പ്രത്യാശ പിന്നെ വ്യത്യസ്തമാകുന്നതെങ്ങനെ? ഉയിർപ്പ് ശരീരത്തെ കുറിച്ച് പൗലൊസ് 1 കൊരിന്ത്യ ലേഖനത്തിൽ വിശദീകരിക്കുന്നതുപോലെ മറ്റാരും വിശദീകരിച്ചിട്ടില്ല.

പൗലൊസ് പറഞ്ഞതനുസരിച്ച്, യേശുവിന്റെ ക്രൂശിലെ മരണവും, അതിനുശേഷമുള്ള ഉയർത്തെഴുന്നേൽപും മാറ്റി നിർത്തിയാൽ നമുക്ക് ഉയിർപ്പ് എന്ന വിഷയം സംസാരിക്കുവാനേ കഴിയുകയില്ല. അവൻ എഴുതി, "ഇപ്പോൾ ക്രിസ്തു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (15:20). താൻ

പ്രസംഗിച്ച സുവിശേഷ സന്ദേശത്തിൽ പ്രഖ്യാപിച്ചത്, ചരിത്രം ചുറ്റി തിരിയുന്നത് യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെയാണ് (15:3, 4). ആ മൂന്നു കാര്യങ്ങൾ സുവിശേഷത്തിന്റെ അടിസ്ഥാനമായിട്ടുള്ളതായിരിക്കെ കൊരിന്ത്യയിൽ പ്രശ്നമായി തീർന്നത് ഉയിർത്തെഴുന്നേൽപ് ആയിരുന്നു. അക്കാരണത്താൽ, പൗലൊസ് സാക്ഷികൾക്ക് യേശു പ്രത്യക്ഷനായത് വിശദമാക്കുന്നു. അവരിൽ ചിലർ പൗലൊസ് ഈ ലേഖനം എഴുതുമ്പോഴും ജീവിച്ചിരിക്കുന്നു (15:5–8). പുതിയ നിയമത്തിൽ ഒരിക്കലും മങ്ങി പോകാത്ത വസ്തുതകളായി, ശൂന്യമായ കല്ലറയും, സാക്ഷികൾക്ക് യേശു പ്രത്യക്ഷനായതും മുഖ്യമായി നിലനിൽക്കുന്നു. ആ അടിസ്ഥാന വസ്തുതയിൽനിന്നാണ് യേശു ദൈവം ആണെന്ന അവകാശങ്ങളെല്ലാം ഉയരുന്നത്.

> “ഈ യേശുവിനെ ദൈവം മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽപിച്ചു, അതിന്നു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു” (പ്രവൃ. 2:32).
>
> “[നിങ്ങൾ] മരണത്തിന് ഏൽപിച്ച അവനെ ദൈവം മരിച്ചവരിൽനിന്നു എഴുന്നേൽപിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു” (പ്രവൃ. 3:15).
>
> “ദൈവം അവനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽപിച്ചു, അവൻ തന്നോടുകൂടെ ഗലീലയിൽനിന്ന് യെരുശലേമിലേക്ക് വന്നവർക്ക് ഏറിയ ദിവസം പ്രത്യക്ഷനായി; അവർ ഇപ്പോൾ ജനത്തിന്റെ മുമ്പാകെ അവന്റെ സാക്ഷികൾ ആകുന്നു” (പ്രവൃ. 13:30, 31).

പൗലൊസിന്റെ ലേഖനങ്ങളിലെ ഊന്നൽ മറ്റൊന്നിനായിരുന്നില്ല. 1 കൊരിന്ത്യർ 15 ൽ മാത്രമല്ല പൗലൊസ് മരിച്ച് ഉയിർത്തെഴുന്നേറ്റ യേശുവിനെ പ്രഖ്യാപിച്ചത്. റോമർ 1:4 ൽ അവൻ എഴുതി, “[യേശു] മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവ പുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെട്ടു.” സുവിശേഷ വിവരണങ്ങളിൽ, ഉയിർത്തെഴുന്നേൽപിനെ കുറിച്ച് ലൂക്കൊസും യോഹന്നാനും വളരെ അധികം രേഖപെടുത്തിയിട്ടുണ്ട്. സ്തീകൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്ത് കല്ലറക്കൽ പോവുകുയും കല്ലറ ശൂന്യമായി കാണപ്പെടുകയും ചെയ്തതായി ലൂക്കൊസ് വിവവരിക്കുന്നു. അവിടെ ഉണ്ടായിരുന്ന രണ്ട് ദൂതന്മാരിൽ ഒരാൾ അവരോട്, ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിലോ അന്വേഷിക്കുന്നത് എന്നു ചോദിച്ചു (ലൂക്കൊ. 24:1–5). അന്നു തന്നെ രണ്ട് പുരുഷന്മാർ എമ്മൗവുസിലേക്കുള്ള മാർഗമദ്ധ്യേ യേശുവിനെ കുറിച്ചു സംസാരിക്കുമ്പോൾ അവർക്ക് പ്രത്യക്ഷനാകുകയും, ഉടൻ അപ്രത്യക്ഷനാകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊ. 24:13–31). ഗലീലാ കടലിനടുത്തു വെച്ച് ചില ശിഷ്യന്മാർക്ക് കർത്താവ് പ്രത്യക്ഷനായതിനെ കുറിച്ച് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (യോഹ. 21:1–14; എൻഐവി).

കഴിഞ്ഞ കാല സംഭവങ്ങളെ ശരിക്കും അറിയുവാനായി, ആ സംഭവത്തിന് സാക്ഷികളായിരുന്നവരെയോ അവരുടെ വിവരണങ്ങളെ തേടുകയോ ആണ് ചെയ്യേണ്ടത്. സാക്ഷ്യപ്പെടുത്തിയവരുടെ വിശ്വാസിയത, അവർ ഏതു തരത്തിലുള്ള ആളുകളായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ആ സംഭവം കണ്ടവർ വിവരിച്ചിരിക്കുന്നതും, ആളുകൾ അതിനെ കുറിച്ചു പറയുന്നതും തമ്മിലുള്ള വ്യത്യാസം മനസിലാക്കി വിലയിരുത്തുവാൻ കഴിയും. സാക്ഷി

കൾ അത് വിവരിക്കുമ്പോൾ, അവരുടെ ലക്ഷ്യത്തെയും നമുക്ക് കാണുവാൻ കഴിയും. എങ്ങനെയായാലും, ചരിത്രം ഉറപ്പിച്ച വസ്തുതയാണ് യേശു മരിച്ച വരിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നത്.

---

കുറിപ്പുകൾ

[1]ഹോമർ *ദ ഒഡീസി* 11, പുസ്തകം 11 മുഴുവനായും, ലോകത്തിൽ മരിച്ചവരെ കണ്ടുമുട്ടുന്ന വിവരങ്ങൾ വിവരിക്കുന്നതാണ്. [2]ബെൻ വിതെറിങ്ങ്ടൺ III, *കോൺഫ്ലിക്ട് ആന്റ് കമ്മ്യൂണിറ്റി ഇൻ കൊരിന്ത്: ഏ സോഷ്യോ-റിറ്റോറിക്കൽ കമെന്ററി ഓൺ 1 ആന്റ് 2 കൊരിന്ത്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർമാൻസ് പബ്ലിഷിങ് കമ്പനി., 1995), 299. [3]ജെർഹാർഡ് വൺ റെഡ് വാദിച്ചത് ആവർത്തന പുസ്തകം 26:5–9 യിസ്രായേലിനുള്ള ഉപദേശ പ്രസ്താവന ആയിരുന്നു. അദ്ദേഹം അതിനെ യിസ്രായേലിന്റെ "വിശ്വാസ പ്രമാണം" എന്നാണ് വിളിച്ചത് (ജെർഹാർഡ് വൺ റെഡ്, *ഓൾഡ് ടെസ്റ്റമെന്റ് തിയോളജി*, വാല്യം 1, *ദ തിയോളജി ഓഫ് യിസ്രായേൽസ് ഹിസ്റ്റോറിക്കല്‍ഡ ട്രഡീഷൻസ്*, ട്രാൻസ്. ഡി. എം. ജി. സ്റ്റാക്കർ [ലൂയിസ്വില്ലേ: വെസ്റ്റ്മിനിസ്റ്റർ ജോൺ നോക്സ് പ്രസ്, 2001], 121–22, 17). [4]അത്തരം സമീപനം കാണാവുന്നത് വില്ലി മാർക്സസൻ, "സ്റ്റഡി ടൂ ജിയോഗ്രാഫിക്കൽ ഔട്ലൈൻ," *ഇൻ മാർക് ദ ഇവാഞ്ചെലിസ്റ്റ്: സ്റ്റഡീസ് ഓൺ ദ റിഡാക്ഷൻ ഹിസ്റ്ററി ഓഫ് ദ ഗോസ്പെല്‍ഡ*, ട്രാൻസ്. ജെയിംസ് ബോയ്സി, ഡൊണാൾഡ് ജുവെൽ, വില്യം പോയെൾമാൻ, ആന്റ് റോയ് ഏ. പാരിസ്വില്ലെ (നാഷ്വിലേ: അബിങ്ടൺ പ്രസ്, 1969), 66–95. [5]ജോഹാന്നെസ് സ്ക്നെയിർ, "ἔκτρωμα," ഇൻ *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ്*, എഡി. ജെർഹാർഡ് കിറ്റെൽ, ട്രാൻസ്. ആന്റ് എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 2:465. [6]എഫ്. എഫ്. ബ്രൂസ്, *പോൾ, അപ്പൊസ്തലന് ഓഫ് ദ ഹാർട് സെറ്റ്ഫ്രീ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 463. [7]"ദ ഗോസ്പെൽ ഓഫ് ഫിലിപ് (II, 3)," ട്രാൻസ്. വെസ്ലി ഡബ്ലയു. ഐസെൻബെർഗ് *ഇൻ ദ നാഗ് ഹാമെഡി ലൈബ്രറി,* ജെയിംസ് റോഹിൻസൺ, ഡർ. (ന്യൂയോർക്: ഹാർപർ & റോവ്, 1977), 144. [8]നോസ്റ്റിസിസം ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്ത് ഉടലെടുത്ത വിഭാഗമായിരുന്നു നോസ്റ്റിസിസം. അവരിൽ ചിലർ യേശുവിന്റെ മനുഷ്യത്വത്തിൽ വിശ്വസിച്ചിരുന്നില്ല; മറ്റു ചിലർ അവന്റെ ദൈവികത്വത്തിലും വിസ്വസിച്ചിരുന്നില്ല. ആ സമ്മിശ്ര വിസ്വാസമാണ് അസെറ്റിസത്തിലേക്കും (ശരീരത്തെ ഇല്ലാതാക്കൽ) പിന്നെ ഹെഡോണിസത്തിലേക്കും (ജഡത്തിൽ ഏർപ്പെടുക) തിരിഞ്ഞത് എല്ലാ നോസ്റ്റിക്ക് വിഭാഗങ്ങൾക്കും പൊതുവിലുള്ളത്: രക്ഷ മറഞ്ഞിരിക്കുന്ന ജ്ഞാനത്താലാണ് (*നോസിസ്*), അത് അവർക്ക് മാത്രമുള്ളതാണ് എന്നുമാണ്. [9]ജെ ഗ്രെഷാം മാഖെൻ, *ദ ഒറിജിൻ ഓഫ് പോൾസ് റിലീജിയൻ* (ശ്രഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1947), 275–76. [10]വില്യം എഫ് ഓർ ആന്റ് ജെയിംസ് ആർദർ, *1 കൊരിന്ത്യൻസ്,* ദ ആങ്കർ ബൈബിൾ (ഗാർഡന്ഠോ സിറ്റി, എൻ. വൈ: ഡബിൾഡേ & കമ്പനി, 1976), 325.

[11]ജോർജ് എൽഡൻ ലാഡ്, *ഏ തിയോളജി ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1974), 316. [12]ബ്രെവാർഡ് എസ്. ചിൽഡ്സ്, *ബിബിളിക്കൽ തിയോളജി ഓഫ് ഓൾഡ് ആന്റ് ന്യൂടെസ്റ്റമെന്റ്സ്, തിയോളജിക്കൽ റിഫ്ളക്ഷൻ ഓൺ ദ ക്രിസ്ത്യൻ ബൈബിൾ* (മിന്നെപൊലിസ്: ഫോർട്രെസ് പ്രസ്, 1992), 580. [13]എവററ്റ് ഫെർഗൂസൻ,

*ബാക്ഗ്രൗണ്സ് ഓഫ് ഏർലി ക്രിസ്ത്യാനിറ്റി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 195. [14]റൊണാൾഡ് എച്ച്. നാഷ്, *ക്രിസ്ത്യാനിറ്റി ആൻഡ് ദ ഹെലെനിസ്റ്റിക് വേൾഡ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണർവാൻ പബ്ലിഷിങ് ഹൗസ്, 1984), 70. [15]അലെക്സാണ്ടർ ബാൽമെയിൻ ബ്രൂസ്, *അപോളജെറ്റിക്സ്,* ഇന്റർനാഷ്ണൽ തിയോളജിക്കൽ ലൈബ്രറി (ന്യൂയോർക്ക്.: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1892), 246. [16]ഇബിഡ്. [17]ലാഡ്, 326. [18]ഇബിഡ്. [19]അഗസ്റ്റിൻ *സിറ്റി ഓഫ് ഗോഡ്* 13.14. [20]ഇബിഡ്.

[21]അഗസ്റ്റിൻ (ഏ. ഡി. 354–430) ബോണ്ഡ ഇൻ റ്റഗസ്റ്റൈ, നിയർ ഏൻഷ്യന്റ് കാർതേജ് (ആധുനിക ടൂണിസ്). [22]ഡേവിഡ് ഈ. ഗാർലന്റ്, *1 കൊരിന്ത്യൻസ്,* ബേക്കർ എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കാഡമിക്, 2003), 711. [23]ഹെർമൻ ഫിഡ്ഡർബോസ്, *പോൾ: ആൻ ഔട്ലെയിൻ ഓഫ് ഹിസ് തിയോളജി*, ട്രാൻസ്, ജോൺ റിച്ചാർഡ് ഡെവിറ്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1975), 25. [24]മരിച്ചവർക്ക് വേണ്ടി സ്നാനം ഏൽക്കുവാൻ കൊരിന്ത്യരെ പ്രേരിപ്പിച്ചതിനെ സംബന്ധിച്ച് കൊരിന്ത്യരുടെ കാഴ്ച്ചപ്പാടിനെ കുറിച്ച് റിച്ചാർഡ് ഡി മാരിസ് നിരീക്ഷിച്ചു. (റിച്ചാർഡ് ഡിമാരിസ്, “കൊരിന്ത്യൻസ്, റിലീജിയൻ ആന്റ് ബാപ്റ്റിസം ഫോർ ദ ഡെഡ് [1 കൊ. 15:29]: ഇൻസൈറ്റ്സ് ഫ്രം ആർക്കിയോളജി ആന്റ് ആന്ത്രോപോളജി,” *ജേണൽ ഓഫ് ബിബിളിക്കൽ ലിറ്ററേച്ചർ* 114 [വിന്റർ 1995]: 661–82.) [25]ഗാർലന്റ്, 719. [26]ഈ പുരാതന ആലങ്കാരിക പ്രയോഗത്തിന്റെ ഉദാഹരണങ്ങൾ അബ്രഹാം മദർബേ, “ദ ബീസ്റ്റ്സ് ഓഫ് എഫെസസ്,” *ജേർണൽ ഓഫ് ബിബിളിക്കൽ ലിറ്ററേച്ചർ* 87 (മാർച്ച് 1968): 71–80. [27]സ്വയത്തിൽ-ഏർപ്പെടുന്നവരും സുഖലോലുപരുമായിരുന്നു ഹെഡോണിസ്റ്റുകാർ. [28]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി. റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 1090. [29]ഇബിഡ്. [30]ഗാർലന്റ്, 678.

[31]വെയിൻ ഗ്രൂഡെൻ, *സിസ്റ്റമാറ്റിക് തിയോളജി: ആൻ ഇൻട്രൊഡക്ഷൻ ടുബിബിളിക്കൽ ഡോക്ട്രിൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണർവാൻ പബ്ലിഷിങ് ഹൗസ്, 1994), 613. [32]റിച്ചാർഡ് ഈ, ഓസ്റ്റർ, ജൂനിയർ. *1 കൊരിന്ത്യൻസ്,* ദ കോളേജ് പ്രസ്, എൻ ഐവി കമെന്ററി (ജോപ്ലിൻ, എംഓ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 1995), 398. [33]അഗസ്റ്റിൻ *സിറ്റി ഓഫ് ഗോഡ്* 13.17. [34]ഗാർലന്റ്, 735. [35]ഓസ്റ്റർ, 402. [36]റിഡ്ഡർബോസ്, 76, എൻ. 110. [37]ജോൺ മെക്റെ, *പോൾ: ഹിസ് ലൈഫ് ആന്റ് ടീച്ചിങ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കാഡമിക്, 2003), 419. [38]ആർ. ഈ. വിൻസേറ്റ്, “ജീസസ് ഈസ് കമിങ് സൂൺ,” *സോങ്സ് ഓഫ് ഫെയിത് ആന്റ് പ്രെയിസ്*, കോമ്പ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1994). [39]ജെയിംസ് ഡി. ജീ. ഡൺ, *ദ തിയോളജി ഓഫ് പോൽ ദ അപ്പൊസ്തൽ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1998), 78. [40]യൊയാക്കിം ജെരെമ്യാസ്, “മാംസ രക്തങ്ങൾ ദൈവരാജ്യം അവകാശമാക്കുകയില്ല,” *ന്യൂടെസ്റ്റമെന്റ് സ്റ്റഡീസ്* 2 (1955–56): 151–59.

[41]ഗാർലന്റ് പറഞ്ഞത്, ജെരമ്യാസ് പൗലൊസിന്റെ പ്രസ്താവനയെ, “പര്യായ സമാനത” ആവർത്തിച്ച് “മനുഷ്യന്റെ നിലനിൽപും അവസ്ഥയെയും” പറയുന്നതാണ് എന്ന തെറ്റിദ്ധാരണയാണ് വരുത്തിയത് (ഗാർലന്റ്, 741). [42]അഗസ്റ്റിൻ *സിറ്റി ഓഫ് ഗോഡ്* 22.23. [43]ജാൻ കോകോറോസ്കി ആന്റ് സെർജെയി, “പ്രിൻസ് ഓഫ് ദ ഗ്രെയിറ്റ് കർഗൻ,” *ആർക്യോളജി* 50 (സെപ്തംബർ/ഒക്ടോബർ 1997): 32–39.